വാല്യം 6, ലക്കം 16

# ന്യൂ ഇന്ത്യ സമാചാർ

ഫെബ്രുവരി 16–28, 2026
സൗജന്യവിതരണത്തിന്



കേന്ദ്ര
**ബജറ്റ്**
2026-27

## വികസിത ഇന്ത്യയിലേക്കുള്ള

## നിർണായക ചുവടുവയ്പ്പ്

പരിഷ്കരണങ്ങളുടെ പാതയിൽ മുന്നേറുന്ന ഇന്ത്യക്ക് 2026-27-ലെ കേന്ദ്രബജറ്റിലൂടെ പുതിയ ഊർജത്തിന്റെയും വേഗതയുടെയും കരുത്തുറ്റ പിന്തുണ ലഭിക്കുന്നു

ഇ-പകർപ്പിനായി



# ജനപങ്കാളിത്തവും കൂട്ടായ്മാ മനോഭാവവും: രാജ്യത്തിന്റെ ഏറ്റവും വലിയ കരുത്ത്

*അസംഗഢ് ആകട്ടെ, അനന്തപുർ ആകട്ടെ, അല്ലെങ്കിൽ രാജ്യത്തിന്റെ മറ്റേതൊരു ഭാഗമോ ആകട്ടെ; അവിടെയെല്ലാം പൗരന്മാർ ഒത്തുചേരുകയും കടമനിർവഹണബോധത്തോടെ വലിയ ലക്ഷ്യങ്ങൾ പൂർത്തിയാക്കുകയും ചെയ്യുന്നു. ഈ ജനപങ്കാളിത്തവും കൂട്ടായ്മയുടെ മനോഭാവവുമാണ് ഇന്ത്യയുടെ ഏറ്റവും വലിയ കരുത്ത്. 2026 – ലെ ആദ്യ 'മൻ കീ ബാത്' പരിപാടിയിൽ, ജനാധിപത്യത്തിലെ വോട്ടെടുപ്പിന്റെ പ്രാധാന്യം, നിർമിതബുദ്ധി, ചെറുധാന്യങ്ങൾ, ഇന്ത്യയുടെ ഉത്സവസംസ്കാരം, സ്റ്റാർട്ടപ്പുകൾ തുടങ്ങി നിരവധി വിഷയങ്ങളെക്കുറിച്ചു പ്രധാനമന്ത്രി നരേന്ദ്ര മോദി സംസാരിച്ചു. പ്രധാന ഭാഗങ്ങൾ ഇതാ...*

- **യുവാക്കൾ വോട്ടർമാരാകണം:** എന്റെ യുവ സുഹൃത്തുക്കൾ 18 വയസ്സ് തികയുന്ന ഉടൻ വോട്ടർമാരായി പേര് രജിസ്റ്റർ ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഇത് ഭരണഘടന ഓരോ പൗരനിൽ നിന്നും പ്രതീക്ഷിക്കുന്ന കർത്തവ്യനിർവഹണബോധം നിറവേറ്റുകയും ഇന്ത്യയുടെ ജനാധിപത്യത്തെ കൂടുതൽ കരുത്തുറ്റതാക്കുകയും ചെയ്യും.

- **സ്റ്റാർട്ടപ്പുകൾ:** ഇന്ത്യ ഇന്ന് ലോകത്തിലെ ഏറ്റവും വലിയ മൂന്നാമത്തെ സ്റ്റാർട്ടപ്പ് ഭൂമികയായി മാറിയിരിക്കുന്നു. ഈ സ്റ്റാർട്ടപ്പുകൾ നൂതനമായ ചിന്താഗതിയുള്ളവയാണ്; പത്തുവർഷം മുൻപുവരെ സങ്കൽപ്പിക്കാൻ പോലും കഴിയാതിരുന്ന മേഖലകളിലാണ് അവ ഇന്നു പ്രവർത്തിക്കുന്നത്.

- **ഇന്ത്യൻ ഉൽപ്പന്നങ്ങൾ മികച്ച ഗുണനിലവാരമുള്ളതാകണം:** ഗുണമേന്മ, ഗുണമേന്മ, ഗുണമേന്മ എന്നതു മാത്രമാകണം നമ്മുടെ മന്ത്രം. ഇന്നലത്തേതിനേക്കാൾ മികച്ച ഗുണനിലവാരം ഇന്ന് ഉണ്ടാകണം. നാം നിർമിക്കുന്ന എല്ലാത്തിന്റെയും ഗുണനിലവാരം മെച്ചപ്പെടുത്തുമെന്ന് നമുക്ക് ഉറപ്പിക്കാം. അത് നമ്മുടെ വസ്ത്രങ്ങളോ, സാങ്കേതികവിദ്യയോ, ഇലക്ട്രോണിക്സ് ഉപകരണങ്ങളോ അല്ലെങ്കിൽ പാക്കേജിങ് പോലെയോ എന്തുമാകട്ടെ; ഒരു ഇന്ത്യൻ ഉൽപ്പന്നം എന്നാൽ അത് 'മികച്ച ഗുണനിലവാരം' ഉള്ളതാണ് എന്ന പേര് വരണം.

- **ജനപങ്കാളിത്തം:** അസംഗഢിൽ ജനങ്ങൾ തംസ നദിക്ക് പുനർജീവൻ നൽകി. അനന്തപുരിലാകട്ടെ ജനപങ്കാളിത്തത്തിലൂടെ 10 ജലാശയങ്ങൾ പുനരുദ്ധരിച്ചു. പൗരന്മാർ ഒത്തൊരുമിക്കുന്നതും കടമനിർവഹണബോധത്തോടെ വലിയ ലക്ഷ്യങ്ങൾ പൂർത്തിയാക്കുന്നതും കാണുന്നത് സന്തോഷകരമാണ്. ഈ ജനപങ്കാളിത്തവും കൂട്ടായ പ്രവർത്തനവുമാണ് നമ്മുടെ രാജ്യത്തിന്റെ ഏറ്റവും വലിയ കരുത്ത്.

- **യുവാക്കളും ഭക്തിയും:** നൂറ്റാണ്ടുകളായി ഭജനകളും കീർത്തനങ്ങളും നമ്മുടെ സംസ്കാരത്തിന്റെ ആത്മാവാണ്. ക്ഷേത്രങ്ങളിൽ നാം ഈ ഭക്തിഗാനങ്ങൾ കേട്ടിട്ടുണ്ട്. ഓരോ തലമുറയും അവരവരുടെ രീതിയിലാണ് ഭക്തി അനുഭവിച്ചറിഞ്ഞിട്ടുള്ളത്. ഇന്നത്തെ തലമുറയും ഗംഭീരമായ നേട്ടങ്ങൾ കൈവരിക്കുന്നു. ഇന്നത്തെ യുവാക്കൾ ഭക്തിയുടെ ചൈതന്യത്തെ തങ്ങളുടെ അനുഭവങ്ങളുടെയും ജീവിതശൈലിയുടെയും ഭാഗമാക്കി മാറ്റിയിരിക്കുന്നു.

- **കുടുംബ വർഷം:** ഇന്ത്യയുടെ കുടുംബസംവിധാനം നമ്മുടെ പാരമ്പര്യത്തിന്റെ അവിഭാജ്യ ഘടകമാണ്. ലോകമെമ്പാടുമുള്ള പല രാജ്യങ്ങളും വലിയ താൽപ്പര്യത്തോടെയാണ് ഇതിനെ നോക്കിക്കാണുന്നത്. പല രാജ്യങ്ങളും ഈ കുടുംബ സംവിധാനത്തെ വലിയ ബഹുമാനത്തോടെ കാണുന്നു. UAE പ്രസിഡന്റ് ഷെയ്ഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാൻ, UAE 2026-നെ 'കുടുംബവർഷമായി' ആഘോഷിക്കുകയാണെന്ന് എന്നോട് പറയുകയുണ്ടായി.

- **ഏക് പേഡ് മാ കേ നാം:** 'ഏക് പേഡ് മാ കേ നാം' യജ്ഞം രാജ്യത്തുടനീളം നടന്നുവരികയാണ്. ദശലക്ഷക്കണക്കിനുപേർ ഈ യജ്ഞത്തിൽ പങ്കുചേർന്നു. ഇതുവരെ 200 കോടിയിലധികം മരങ്ങളാണ് രാജ്യത്ത് നട്ടുപിടിപ്പിച്ചത്. പരിസ്ഥിതിസംരക്ഷണ കാര്യത്തിൽ ജനങ്ങൾ ഇപ്പോൾ കൂടുതൽ ബോധവാന്മാരാണെന്ന് ഇത് വ്യക്തമാക്കുന്നു.

- **ശ്രീ അന്ന (ചെറുധാന്യങ്ങൾ):** രാജ്യത്തെ ജനങ്ങൾക്ക് 'ശ്രീ അന്ന'യോടുള്ള താൽപ്പര്യം നിരന്തരം വർധിച്ചുവരുന്നത് കാണുന്നതിൽ എനിക്ക് സന്തോഷമുണ്ട്. നാം 2023 ചെറുധാന്യങ്ങളുടെ വർഷമായി പ്രഖ്യാപിച്ചിരുന്നെങ്കിലും, മൂന്ന് വർഷങ്ങൾക്കിപ്പുറവും അതിനോടുള്ള ആവേശവും പ്രതിജ്ഞാബദ്ധതയും രാജ്യത്തും ലോകത്തും വളരെ പ്രോത്സാഹജനകമാണ്.

- **AI ലോകം:** ഫെബ്രുവരിയിൽ 'ഇന്ത്യ AI സ്വാധീന ഉച്ചകോടി' നടക്കും. ലോകമെമ്പാടുമുള്ള വിദഗ്ധർ, പ്രത്യേകിച്ച് സാങ്കേതിക മേഖലയിൽ നിന്നുള്ളവർ ഈ ഉച്ചകോടിക്കായി ഇന്ത്യയിലേക്ക് എത്തും. ഈ സമ്മേളനം AI ലോകത്ത് ഇന്ത്യ കൈവരിച്ച പുരോഗതിയും നേട്ടങ്ങളും പ്രദർശിപ്പിക്കും.

*'മൻ കീ ബാത്ത്' കേൾക്കാൻ ക്യൂആർ കോഡ് സ്കാൻ ചെയ്യൂ*

# ന്യൂ ഇന്ത്യ സമാചാർ

**വാല്യം 6, ലക്കം 16 | ഫെബ്രുവരി 16-28, 2026**

എഡിറ്റർ ഇൻ ചീഫ്
**ധീരേന്ദ്ര ഓഝ**
**പ്രിൻസിപ്പൽ ഡയറക്ടർ ജനറൽ, പ്രസ് ഇൻഫർമേഷൻ ബ്യൂറോ, ന്യൂഡൽഹി**

സീനിയർ കൺസൽട്ടിങ് എഡിറ്റർ
**സന്തോഷ് കുമാർ**

സീനിയർ അസി. കൺസൽട്ടിങ് എഡിറ്റർ
**പവൻ കുമാർ**

അസി. കൺസൽട്ടിങ് എഡിറ്റർമാർ
**അഖിലേഷ് കുമാർ**
**ചന്ദൻ കുമാർ ചൗധരി**

ഭാഷാ എഡിറ്റർമാർ
**സുമിത് കുമാർ (ഇംഗ്ലീഷ്)**
**രജ്നീഷ് മിശ്ര (ഇംഗ്ലീഷ്)**
**നദീം അഹമ്മദ് (ഉറുദു)**

സീനിയർ ഡിസൈനർ
**ഫൂൽ ചന്ദ് തിവാരി**

ഡിസൈനർമാർ
**അഭയ് ഗുപ്ത**
**സത്യം സിങ്**




ന്യൂ ഇന്ത്യ സമാചാർ 13 ഭാഷകളിൽ വായിക്കാനായി താഴെ കാണുന്ന ലിങ്ക് സന്ദർശിക്കുക
https://newindiasamachar.pib.gov.in/news.aspx

ന്യൂ ഇന്ത്യ സമാചാർ പഴയ പതിപ്പുകൾക്കായി താഴെ കാണുന്ന ലിങ്ക് സന്ദർശിക്കുക
https://newindiasamachar.pib.gov.in.archive.aspx

*പതിവായി 'ന്യൂ ഇന്ത്യ സമാചാർ' വിവരങ്ങൾ ലഭിക്കാൻ*
*-ൽ* **@NISPIBIndia**
പിൻതുടരുക

# ഉൾപ്പേജുകളിൽ.........





കവർ സ്റ്റോറി — കേന്ദ്ര ബജറ്റ് 2026-27

കഴിഞ്ഞ 11 വർഷത്തിനിടയിൽ, വികസിത ഇന്ത്യ എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുള്ള അടിത്തറ കേന്ദ്രഗവണ്മെന്റ് പാകിയിട്ടുണ്ട്. ഇപ്പോൾ, 2026–27–ലെ ബജറ്റ് വികസിത ഇന്ത്യ കൈവരിക്കുന്നതിനുള്ള നിർണായക തീരുമാനത്തിന്റെ പ്രതീകമായി മാറുകയാണ്. അമൃതകാലത്തിന്റെ പാതയിൽ, വികസനം, വിശ്വാസം, ഭാവി എന്നിവയുടെ സംഗമം ഉൾക്കൊള്ളുന്ന ഈ പൊതുബജറ്റ് സ്വയംപര്യാപ്ത ഇന്ത്യയിലേക്കുള്ള കരുത്തുറ്റ മാധ്യമമായും മാറിയിരിക്കുന്നു... | 16-36

9ാം പതിപ്പ് പരീക്ഷാ പേ ചർച്ച 2026



സമ്മർദ്ദങ്ങളെക്കുറിച്ച് ചർച്ച ചെയ്യാനും പരീക്ഷകളെ ഉത്സവം പോലെ ആഘോഷിക്കാൻ വിദ്യാർഥികളെ പ്രോത്സാഹിപ്പിക്കാനും ലക്ഷ്യമിട്ട് 2024–ൽ ആരംഭിച്ച 'പരീക്ഷാ പേ ചർച്ച്' പരിപാടി ഓരോ വർഷവും പുതിയ നാഴികക്കല്ലുകൾ സൃഷ്ടിക്കുകയാണ്... | 8-11

പദ്മ പുരസ്കാരങ്ങൾ 2026



'ജനകീയ പദ്മ'യുടെ യഥാർഥ ചൈതന്യത്തിന് അനുയോജ്യമായ പുതിയ പാരമ്പര്യം
**നിസ്വാർത്ഥ കർമയോഗികൾക്ക് പദ്മപുരസ്കാരങ്ങൾ**

രാജ്യത്ത് ആരാവഹമായ ഉണർവ് പ്രചരിപ്പിക്കുകയും മാനവികതയെ സേവിക്കുകയും ചെയ്യുന്ന, വാഴ്ത്തപ്പെടാതെ പോയ നായകർക്കും ഇപ്പോൾ പദ്മ പുരസ്കാരങ്ങൾ ലഭിക്കുന്നു... | 37-39

**വാർത്തകൾ ചുരുക്കത്തിൽ** | 4-5

**വ്യക്തിത്വം: ബുധു ഭഗത്**
ലർക്ക കലാപത്തിലെ മഹാനായകൻ | 6

**കേന്ദ്രമന്ത്രിസഭായോഗ തീരുമാനങ്ങൾ**
അടൽ പെൻഷൻ പദ്ധതി 2030-31 വരെ നീട്ടി | 7

**രാഷ്ട്രപതിയുടെ പ്രസംഗം**
സദ്ഭരണത്തിനു കരുത്തേകുന്നതിനുള്ള കൂട്ടായ പ്രതിബദ്ധത | 12-15

**കേരളത്തിൽ നിന്നു വികസനത്തിനും തൊഴിലവസരസൃഷ്ടിക്കും ഊർജം**
പിഎം സ്വനിധി ക്രെഡിറ്റ് കാർഡിലൂടെ പ്രധാന സംരംഭങ്ങൾക്കു തുടക്കം കുറിച്ചു |40-41

**പുതിയ തലമുറയെ സന്ന്യാസ പാരമ്പര്യവുമായും പൈതൃകവുമായും കൂട്ടിയിണക്കുന്നു**
'ശ്രീ ഗുരു രവിദാസ് മഹാരാജ് ജി വിമാനത്താവള'ത്തിന്റെ നാമകരണം | 42-43

**വിങ്സ് ഇന്ത്യ 2026**
ഇന്ത്യയിൽ വിമാനയാത്ര ഇനി എല്ലാവർക്കും | 44-45

**16ാമത് ദേശീയ സമ്മതിദായക ദിനം**
ജനാധിപത്യത്തിന്റെ ആഗോള ശബ്ദം | 46-47

**രാഷ്ട്രനിർമാണത്തിനായുള്ള ക്ഷണം തൊഴിൽ മേളയിലൂടെ**
61,000 നിയമനപത്രങ്ങൾ കൈമാറി | 48-49

**പരാക്രം ദിവസ്**
ദേശീയ ബോധത്തിന്റെ ആഘോഷം | 50-51

**ആത്മവിശ്വാസവും അച്ചടക്കവുമുള്ള യുവശക്തി**
പ്രധാനമന്ത്രി മോദി വാർഷിക എൻസിസി പിഎം റാലിയെ അഭിസംബോധന ചെയ്തു | 52-53

**ഇന്ത്യ ഊർജവാരം 2026**
ഊർജസുരക്ഷ മാത്രമല്ല; ഇനി ലക്ഷ്യം സ്വയംപര്യാപ്തത |54-55

**യുഎഇ പ്രസിഡന്റിന്റെ ഇന്ത്യാ സന്ദർശനം**
തന്ത്രപരമായ പങ്കാളിത്തം വികസനവേഗത കൂട്ടുന്നു | 56-57

**ഇന്ത്യ–ഇയു സ്വതന്ത്ര വ്യാപാര കരാർ**
ഇന്ത്യ-യൂറോപ്യൻ യൂണിയൻ ബന്ധങ്ങളിൽ പുതിയ യുഗം | 58-60



**Published:** Kanchan Prasad, Director General, on behalf of Central Bureau of Communication
**Communication Address :** Room No–1077, Soochna Bhawan, CGO Complex, New Delhi -110003.
**E-Mail :** response-nis@pib.gov.in, **RNI No. :** DELENG/2020/78811

# കേന്ദ്ര ബജറ്റ് 2026-27

## വികസിത ഭാരതം ലക്ഷ്യമിടുന്ന ജനകീയ ബജറ്റ്

നമസ്കാരം,

2026 ഫെബ്രുവരി ഒന്നിന് അവതരിപ്പിച്ച കേന്ദ്ര ബജറ്റ് 2026-27, 2047-ഓടെ വികസിത ഭാരതത്തിലേക്കുള്ള രാജ്യത്തിന്റെ യാത്രയ്ക്ക് വേഗത പകരുന്ന ദീർഘവീക്ഷണമുള്ളതും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ ഒന്നാണ്. ഇന്ന് ലോകത്ത് ഏറ്റവും വേഗത്തിൽ വളരുന്ന സമ്പദ്‌വ്യവസ്ഥയാണ് ഇന്ത്യ. ഇന്ത്യയെ ലോകത്തിലെ മൂന്നാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയാക്കി മാറ്റുന്നതിനുള്ള സുപ്രധാനമായ ചുവടുവയ്പാണ് ഈ ബജറ്റ്. സ്വയംപര്യാപ്ത ഇന്ത്യ എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിനുള്ള നിരവധി നടപടികൾ ഇതിൽ ഉൾപ്പെടുന്നു.

കേന്ദ്ര ബജറ്റ് 2026-27 മൂന്ന് പ്രധാന ലക്ഷ്യങ്ങളാണ് മുന്നോട്ടു വയ്ക്കുന്നത്; സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുക എന്നതാണ് ഇതിൽ ആദ്യത്തേത്. ഈ ലക്ഷ്യത്തിന് കീഴിൽ, ഇന്ത്യയെ ആഗോള ബയോഫാർമ നിർമാണകേന്ദ്രമായി വികസിപ്പിക്കുന്നതിലും ഇന്ത്യ സെമികണ്ടക്ടർ ദൗത്യം 2.0 ആരംഭിക്കുന്നതിലും, രാജ്യത്തിന്റെ ഉല്പാദനശേഷി വർധിപ്പിക്കുന്നതിന് ഗവണ്മെന്റ് ദൃഢനിശ്ചയത്തോടെ പ്രവർത്തിക്കുന്നു. ഇലക്ട്രോണിക് ഘടകങ്ങളുടെ നിർമാണ പദ്ധതിക്കായുള്ള ബജറ്റ് വിഹിതം 40,000 കോടി രൂപയായി വർധിപ്പിക്കാൻ കേന്ദ്ര ബജറ്റ് 2026-27 നിർദേശിക്കുന്നു. ഖനനം, സംസ്കരണം, ഗവേഷണം, നിർമാണം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു പ്രത്യേക 'അപൂർവ ധാതു ഇടനാഴി' സ്ഥാപിക്കാനും ബജറ്റ് നിർദേശിക്കുന്നു. കൂടാതെ, രാസവസ്തുമേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി മൂന്ന് കെമിക്കൽ പാർക്കുകൾ സ്ഥാപിക്കാനും, അഞ്ച് വർഷ കാലയളവിൽ 10,000 കോടി രൂപ വിഹിതമുള്ള കണ്ടെയ്നർ നിർമാണ പദ്ധതി അവതരിപ്പിക്കാനും ബജറ്റ് ലക്ഷ്യമിടുന്നു.

ജനങ്ങളുടെ അഭിലാഷങ്ങൾ നിറവേറ്റുന്നതും അവരുടെ കഴിവുകൾ വർധിപ്പിക്കുന്നതുമാണ് ഈ ബജറ്റിന്റെ രണ്ടാമത്തെ ലക്ഷ്യമായി തിരിച്ചറിഞ്ഞിരിക്കുന്നത്. യുവാക്കളെ ശാക്തീകരിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ച് തൊഴിൽ സൃഷ്ടി, നൈപുണ്യവികസനം, ശേഷി വർധിപ്പിക്കൽ എന്നിവയ്ക്ക് ബജറ്റ് പ്രത്യേക ഊന്നൽ നൽകുന്നു. 'ഭാരത് എക്സ്പാൻഷൻ AI' സങ്കേതങ്ങൾ പോലുള്ള വ്യവസ്ഥകളിലൂടെ കർഷകർക്ക് പ്രയോജനം ലഭിക്കണമെന്നും ബജറ്റ് ഊന്നിപ്പറയുന്നു. സ്ത്രീകളെ ശാക്തീകരിക്കുന്നതിനും വനിതാ സ്വയംസഹായ സംഘങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് എളുപ്പത്തിൽ വിപണി ലഭ്യമാക്കുന്നതിനുമായി 'ഷീ മാർട്ടു'കൾ സ്ഥാപിക്കാൻ നിർദേശമുണ്ട്. 'ഓറഞ്ച് സമ്പദ്‌വ്യവസ്ഥ'യും ഉള്ളടക്കസൃഷ്ടിയും പ്രോത്സാഹിപ്പിക്കുന്നതിനായി 15,000 സ്കൂളുകളിലും 500 കോളേജുകളിലും AVGC (ആനിമേഷൻ, വിഷ്വൽ ഇഫക്റ്റ്സ്, ഗെയിമിങ്, കോമിക്സ്) കണ്ടന്റ് ക്രിയേറ്റർ ലാബുകൾ സ്ഥാപിക്കാനുള്ള നടപടികളും ബജറ്റിൽ ഉൾപ്പെടുന്നു. "ഏവർക്കുമൊപ്പം, ഏവരുടെയും വികസനം" സമീപനത്തിന് അനുസൃതമായി, കർഷകരുടെ വരുമാനം വർധിപ്പിക്കൽ, ഭിന്നശേഷിക്കാരെ ശാക്തീകരിക്കൽ, മാനസികാരോഗ്യത്തിലും ട്രോമാ കെയറിലും ശ്രദ്ധ കേന്ദ്രീകരിക്കൽ, പൂർവോദയ (കിഴക്കൻ ഇന്ത്യ), വടക്കുകിഴക്കൻ മേഖലകളെ കൂടുതൽ സമ്പന്നമാക്കൽ എന്നിവ മൂന്നാമത്തെ മുൻഗണനയായി ബജറ്റ് എടുത്തുകാണിക്കുന്നു. 2026-27-ലെ കേന്ദ്ര ബജറ്റ് ഈ ലക്കത്തിന്റെ കവർ സ്റ്റോറിയാണ്.

വ്യക്തിത്വ പംക്തിയിൽ ലർക്ക കലാപനായകൻ ബുധുഭഗത്തിനെക്കുറിച്ചുള്ള ഫീച്ചർ ഉൾപ്പെടുത്തിയിട്ടുണ്ട്. രാഷ്ട്രപതി ദ്രൗപദി മുർമു പാർലമെന്റിനെ അഭിസംബോധന ചെയ്തത്, പദ്മ പുരസ്കാരങ്ങൾ 2026, പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ രണ്ടാഴ്ചത്തെ പരിപാടികൾ, 'പരീക്ഷാ പേ ചർച്ച'യുടെ ഒൻപതാം പതിപ്പ്, കേന്ദ്രമന്ത്രിസഭായോഗ തീരുമാനങ്ങൾ എന്നിവയാണ് മറ്റു പ്രധാന ആകർഷണങ്ങൾ. കൂടാതെ, മാസികയുടെ ഉൾക്കവറിൽ 'മൻ കീ ബാത്'സംബന്ധിച്ച പ്രത്യേക ഉള്ളടക്കവും പിൻകവറിൽ 'ബീറ്റിങ് റിട്രീറ്റ്' ചടങ്ങും ഉൾപ്പെടുത്തിയിരിക്കുന്നു.

***നിങ്ങളുടെ നിർദേശങ്ങൾ തുടർന്നും ഞങ്ങൾക്ക് അയക്കുക.***

**(ധീരേന്ദ്ര ഓഝ)**

*ഹിന്ദിയിലും ഇംഗ്ലീഷിലും മറ്റ് 11 ഭാഷകളിലും ലഭ്യമാകുന്ന മാസിക വായിക്കാം/ഡൗൺലോഡ് ചെയ്യാം.*

*https://newindiasamachar.pib.gov.in/*

# എഴുത്തുപെട്ടി




### പദ്ധതികളെയും നേട്ടങ്ങളെയും കുറിച്ചുള്ള വിശ്വസനീയമായ വിവരങ്ങൾ

ഞാൻ സ്ഥിരമായി 'ന്യൂ ഇന്ത്യ സമാചാർ' മാഗസിൻ വായിക്കാറുണ്ട്. ഗവണ്മെന്റ് പദ്ധതികളെക്കുറിച്ചും നേട്ടങ്ങളെക്കുറിച്ചും ഇത് നമുക്ക് വിശ്വസനീയമായ വിവരങ്ങൾ നൽകുന്നു. സമകാലിക കാര്യങ്ങളെക്കുറിച്ച് അപ്പപ്പോഴുള്ള വിവരങ്ങൾ അറിയുന്നതിനും ഇത് വളരെ ഉപകാരപ്രദമാണ്. സമൂഹത്തിലെ വിവിധ വിഭാഗങ്ങളുമായി ബന്ധപ്പെട്ട ഒട്ടേറെ വിഷയങ്ങളിൽ ഈ മാസിക കൃത്യമായ അറിവ് നൽകുന്നു.

**ശ്രീനിവാസ് ഉർഗോണ്ട**

**srinivasuragonda7@gmail.com**

### വികസന പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ

കേന്ദ്ര ഗവണ്മെന്റിന്റെ പദ്ധതികളെയും പരിപാടികളെയും കുറിച്ചുള്ള വിവരങ്ങൾ ലഭിക്കുന്നതിന് 'ന്യൂ ഇന്ത്യ സമാചാർ' മാഗസിൻ മികച്ച മാധ്യമമാണ്. ഇതു വിശ്വസനീയമായ മാഗസിനാണ്. രാജ്യത്ത് നടക്കുന്ന വികസന പ്രവർത്തനങ്ങളെക്കുറിച്ചും പദ്ധതികളെക്കുറിച്ചും പഠിക്കാൻ ഇത് എന്നെ ഏറെ സഹായിക്കുന്നു.

**mhqchoutuppal@gmail.com**

### ഗവണ്മെന്റ് നയങ്ങളെയും വികസന സംരംഭങ്ങളെയും കുറിച്ചുള്ള ധാരണ വളർത്തുന്നു

മികച്ച വിവരങ്ങൾ നൽകുന്ന ഈ മാഗസിൻ പ്രസിദ്ധീകരിക്കുന്ന ന്യൂ ഇന്ത്യ സമാചാറിന്റെ മുഴുവൻ ടീമിനും ഞാൻ നന്ദി പറയുന്നു. പൗരന്മാരെ ബോധവാന്മാരാക്കാനുള്ള നിങ്ങളുടെ പരിശ്രമങ്ങൾക്ക് എല്ലാ വിജയങ്ങളും നേരുന്നു. ഈ മാഗസിൻ വായിക്കുന്നത് ഗവണ്മെന്റ് നയങ്ങളെയും രാജ്യത്തിന്റെ വികസന സംരംഭങ്ങളെയും കുറിച്ചുള്ള യുവാക്കളുടെ ധാരണ മെച്ചപ്പെടുത്താൻ സഹായിക്കും.

**thirubjp2020@gmail.com**

### വിവിധ വിഷയങ്ങളെക്കുറിച്ചുള്ള അറിവ് പകരുന്ന ലേഖനങ്ങൾ

ഞാൻ ഒരു പത്രപ്രവർത്തകനാണ്. ന്യൂ ഇന്ത്യ സമാചാർ മാഗസിൻ വായിക്കുന്നത് ഞാൻ ശരിക്കും ആസ്വദിക്കുന്നു. ഈ മാഗസിൻ വിവിധ വിഷയങ്ങളെക്കുറിച്ച് അറിവ് പകരുന്ന ലേഖനങ്ങൾ പ്രസിദ്ധീകരിക്കുന്നു. മത്സരപരീക്ഷകൾക്ക് തയ്യാറെടുക്കുന്ന വിദ്യാർഥികൾക്ക് ന്യൂ ഇന്ത്യ സമാചാർ മാഗസിൻ വളരെ ഉപകാരപ്രദമാണ്. ഈ മാസികയുടെ രൂപകൽപ്പനയും വളരെ മികച്ചതാണ്.

**urvaadhvaryu@gmail.com**

### ഓരോ ലക്കവും ശേഖരിച്ചുവയ്ക്കാൻ യോഗ്യം

ന്യൂ ഇന്ത്യ സമാചാർ മാഗസിന്റെ തമിഴ് പതിപ്പ് എനിക്ക് ലഭിച്ചു. അത് വായിച്ചപ്പോൾ സാധാരണക്കാർക്ക് ഇത് ഏറെ ഉപകാരപ്രദമാണെന്ന് എനിക്ക് തോന്നി. വിശ്വസനീയമായ വിവരങ്ങളാൽ സമ്പന്നമാണ് ഈ മാസിക. ഇതിന്റെ ഓരോ ലക്കവും ശേഖരിച്ചുവയ്ക്കാൻ യോഗ്യമാണ്.

**ഡി തങ്കദുരൈ**

**thesiyareporter2023@gmail.com**

ആശയവിനിമയത്തിനുള്ള വിലാസം: 1077–ാം നമ്പർ മുറി, സൂചന ഭവൻ, സിജിഒ സമുച്ചയം, ന്യൂഡൽഹി –110003.
ഇ–മെയിൽ: response-nis@pib.gov.in

എല്ലാ ശനി–ഞായർ ദിവസങ്ങളിലും ഉച്ച കഴിഞ്ഞ് 3.10 മുതൽ 3.25 വരെ ആകാശവാണി എഫ്എം ഗോൾഡിൽ ന്യൂ ഇന്ത്യ സമാചാർ കേൾക്കാൻ ക്യൂആർ കോഡ് സ്കാൻ ചെയ്യൂ

വാർത്തകൾ ചുരുക്കത്തിൽ

## പുതിയ ആധാർ ആപ്ലിക്കേഷൻ പുറത്തിറക്കി, 5 പ്രൊഫൈലുകൾ ചേർക്കാം

യൂണിക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ (UIDAI) പുതിയ മൊബൈൽ ആപ്ലിക്കേഷൻ പുറത്തിറക്കി. ആധാർ കാർഡ് ഉടമകൾക്ക് അവരുടെ ഡിജിറ്റൽ ഐഡന്റിറ്റി സുരക്ഷിതമായും സൗകര്യപ്രദമായും രഹസ്യസ്വഭാവം നിലനിർത്തി, കൂടെക്കൊണ്ടുപോകാനും, പങ്കുവയ്ക്കാനും, പ്രദർശിപ്പിക്കാനും, പരിശോധിക്കാനും സാധിക്കുന്ന രീതിയിലാണ് ഈ ആപ്ലിക്കേഷൻ രൂപകൽപ്പന ചെയ്തിരിക്കുന്നത്. "ഒരു കുടുംബം, ഒരു ആപ്ലിക്കേഷൻ" എന്ന ആശയം യാഥാർഥ്യമാക്കി, ഒരൊറ്റ മൊബൈൽ ഉപകരണത്തിൽ അഞ്ച് ആധാർ പ്രൊഫൈലുകൾ വരെ ചേർക്കാൻ ഈ ആപ്ലിക്കേഷൻ അനുവദിക്കുന്നു. കുറഞ്ഞ ഡേറ്റാ ഉപയോഗം പ്രോത്സാഹിപ്പിക്കുന്ന പുതിയ ആപ്ലിക്കേഷൻ, സുരക്ഷ വർധിപ്പിക്കുന്നു. ഒപ്പം, മറ്റു നിരവധി സവിശേഷതകളും വാഗ്ദാനം ചെയ്യുന്നു:

- ആധാർ നമ്പർ ഉടമകൾക്ക് ആവശ്യമുള്ള വിവരങ്ങൾ മാത്രം പങ്കുവയ്ക്കാൻ ഇത് പ്രോത്സാഹിപ്പിക്കുന്നു.
- ഹോട്ടൽ ചെക്ക്-ഇൻ സമയത്ത് ക്യുആർ കോഡ് സ്കാൻ ചെയ്യുന്നതിലൂടെ ഓഫ്‌ലൈൻ വെരിഫിക്കേഷൻ നടത്താനുള്ള സൗകര്യം ഈ ആപ്ലിക്കേഷനിലുണ്ട്.
- ഐച്ഛികമായ മുഖം തിരിച്ചറിയൽ, സിനിമ ടിക്കറ്റ് ബുക്കിങ്ങിനുള്ള പ്രായം തെളിയിക്കൽ, സന്ദർശകർക്കും കൂട്ടിരിപ്പുകാർക്കുമുള്ള ആശുപത്രി പ്രവേശനം, ഗിഗ് തൊഴിലാളികളുടെയും സർവീസ് പാർട്ണർമാരുടെയും തിരിച്ചറിയൽ തുടങ്ങിയ സേവനങ്ങൾക്കായി ഈ ആപ്ലിക്കേഷൻ ഉപയോഗിക്കാം.
- ഹാജർ രേഖപ്പെടുത്തുന്നതിനുള്ള മുഖം തിരിച്ചറിയൽ, ഒറ്റ ക്ലിക്കിലൂടെ ബയോമെട്രിക് ലോക്ക്/അൺലോക്ക് ചെയ്യാനുള്ള സൗകര്യം, ഓതന്റിക്കേഷൻ ഹിസ്റ്ററി പരിശോധിക്കൽ, കോൺടാക്റ്റ് വിവരങ്ങൾ പങ്കുവയ്ക്കുന്നതിനുള്ള ക്യുആർ കോഡ് അധിഷ്ഠിത സേവനങ്ങൾ എന്നിവയും ആപ്ലിക്കേഷനിലുണ്ട്.
- വിലാസം പുതുക്കുന്നതിന് പുറമെ, താമസക്കാർക്ക് ഇപ്പോൾ അവരുടെ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറും ഈ ആപ്ലിക്കേഷനിലൂടെ പുതുക്കാവുന്നതാണ്.




## ആഗോള ബ്രാൻഡായി മാറുന്ന മഖാന; ആദ്യത്തെ ചരക്ക് ദുബായിലേക്ക് അയച്ചു

ലോകത്തെ മൊത്തം മഖാന (ഫോക്സ് നട്സ്) ഉല്പാദനത്തിന്റെ 80 ശതമാനവും ഇന്ത്യയിലാണ്. ഇതിൽ രാജ്യത്തെ മൊത്തം ഉല്പാദനത്തിന്റെ 85 ശതമാനവും ബിഹാറിന്റെ സംഭാവനയാണ്. 10 ലക്ഷം കർഷകരുടെ ഉപജീവനമാർഗം ഈ വ്യവസായവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ, ബിഹാറിലെ പൂർണിയയിൽ നിന്നുള്ള ഭൂപ്രദേശസൂചിക അംഗീകാരം ലഭിച്ച മിഥില മഖാനയുടെ ആദ്യ ചരക്ക് കടൽമാർഗം ദുബായിലേക്ക് അയച്ചു. കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിനും കയറ്റുമതിയിലൂടെ എഫ്പിഒകളെ ശാക്തീകരിക്കുന്നതിനുമുള്ള സുപ്രധാനമായ ചുവടുവയ്പാണിത്. മിഥില മഖാന ഇന്ത്യൻ കൃഷിയുടെയും സംസ്കാരത്തിന്റെയും വ്യക്തിത്വം ആഗോളതലത്തിൽ കൂടുതൽ കരുത്തുറ്റതാക്കി. മഖാന ഉല്പാദനത്തിന്റെ പ്രധാന കേന്ദ്രങ്ങളിലൊന്നായ ദർഭംഗയെ 'ഒരു ജില്ല, ഒരുല്പന്നം' പദ്ധതിക്ക് കീഴിലും അംഗീകരിച്ചിട്ടുണ്ട്. മഖാനയുടെ ഉല്പാദനം, സംസ്കരണം, മൂല്യവർധന, വിപണനം, കയറ്റുമതി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്രഗവണ്മെന്റ് 2025-ൽ 'മഖാന ബോർഡ്' സ്ഥാപിച്ചു. മഖാന വികസനത്തിനായി 476 കോടി രൂപ വിഹിതമുള്ള കേന്ദ്രപദ്ധതിക്കും അംഗീകാരം നൽകിയിട്ടുണ്ട്. കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്ര ഗവണ്മെന്റ് പ്രത്യേക HSN കോഡിനു രൂപംനൽകുകയും മിഥില മഖാനയ്ക്ക് ഭൂപ്രദേശസൂചിക അംഗീകാരം ലഭ്യമാക്കുകയും ചെയ്തു.



## ലേയിൽ വ്യോമയാന അടിസ്ഥാന സൗകര്യ വികസനം

ലേ വ്യോമസേനാതാവളത്തിൽ പൊതുജനങ്ങൾക്കായുള്ള വ്യോമയാന അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതി ലഡാക്ക് കേന്ദ്രഭരണപ്രദേശത്തിന്റെ ലഫ്റ്റനന്റ് ഗവർണർ കവീന്ദർ ഗുപ്ത ഉദ്ഘാടനം ചെയ്തു. അതീവ വെല്ലുവിളികൾ നിറഞ്ഞ ഉയർന്ന പ്രദേശങ്ങളും പ്രതികൂല കാലാവസ്ഥയും അതിജീവിച്ച് റെക്കോർഡ് സമയത്തിനുള്ളിലാണ് ഈ അടിസ്ഥാനസൗകര്യങ്ങൾ നവീകരിച്ചത്. നവീകരിച്ച അടിസ്ഥാന സൗകര്യങ്ങൾ വിമാനങ്ങളുടെ സുഗമമായ സഞ്ചാരം സാധ്യമാക്കുകയും യാത്രക്കാർക്കുള്ള വിമാനങ്ങളുടെ പുറപ്പെടൽ വേഗത്തിലാക്കുകയും ചെയ്യും. ഈ മെച്ചപ്പെടുത്തലുകൾ യാത്രക്കാരുടെ സൗകര്യം വർധിപ്പിക്കുകയും വിമാനങ്ങളുടെ ചരക്കുനീക്ക സമയം കുറയ്ക്കുകയും ചെയ്യും. ഇത് കൂടുതൽ വിശ്വസനീയമായ വിമാന സേവനങ്ങൾ ഉറപ്പാക്കുന്നതിനൊപ്പം, മാനുഷിക സഹായം, ദുരന്തനിവാരണം എന്നിവയുമായി ബന്ധപ്പെട്ട ആവശ്യങ്ങളോട് അതിവേഗം പ്രതികരിക്കാനുള്ള ഈ മേഖലയുടെ കരുത്ത് വർധിപ്പിക്കുകയും ചെയ്യും.

## 'സഹകാർ സേ സമൃദ്ധി': 'ഭാരത് ടാക്സി'ക്കു തുടക്കം

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ 'സഹകാർ സേ സമൃദ്ധി' (സഹകരണത്തിലൂടെ സമൃദ്ധി) എന്ന ദർശനത്തിന് അനുസൃതമായി, ഇന്ത്യയിലെ ആദ്യത്തെ സഹകരണാടിസ്ഥാനത്തിലുള്ള റൈഡ്-ഹെയിലിങ് പ്ലാറ്റ്ഫോമായ 'ഭാരത് ടാക്സി' കേന്ദ്ര ആഭ്യന്തര-സഹകരണ മന്ത്രി അമിത് ഷാ 2026 ഫെബ്രുവരി 5-ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്തു. 2002-ലെ മൾട്ടി-സ്റ്റേറ്റ് കോഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത, സഹകരണ നേതൃത്വത്തിലുള്ള ഇന്ത്യയിലെ ആദ്യത്തെ റൈഡ്-ഹെയിലിങ് പ്ലാറ്റ്ഫോമാണ് ഭാരത് ടാക്സി. ലോകത്തിലെ തന്നെ ആദ്യത്തെയും വലുതുമായ സഹകരണാടിസ്ഥാനത്തിലുള്ള പ്ലാറ്റ്ഫോമാണിത്. ഇതുവരെ ഏകദേശം നാല് ലക്ഷം ഡ്രൈവർമാർ ഈ പ്ലാറ്റ്ഫോമിൽ ചേരുകയും പത്ത് ലക്ഷത്തിലധികം ഉപയോക്താക്കൾ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഏകദേശം 10 കോടി രൂപ ഇതിനോടകം ഡ്രൈവർമാർക്ക് നേരിട്ട് വിതരണം ചെയ്തു കഴിഞ്ഞു. ഭാരത് ടാക്സി യാത്രാ സൗകര്യം മാത്രമല്ല, സുരക്ഷയുടെയും ശാക്തീകരണത്തിന്റെയും പുതിയ അനുഭവവും നൽകുന്നു. നോൺ-എസി ടാക്സി സൗകര്യവും മെട്രോ ടിക്കറ്റ് ബുക്കിങ് സൗകര്യവും ഇതിലൂടെ ലഭ്യമാകും. കൂടാതെ, യാത്രാക്കൂലിയുടെ 100 ശതമാനവും ഡ്രൈവർക്ക് നേരിട്ട് ലഭിക്കും. പരിപാടിക്കിടെ, സഹകരണാടിസ്ഥാനത്തിലുള്ള യാത്രാ മേഖലയിലെ 'സാരഥി ഹി മാലിക്' (സാരഥി തന്നെയാണ് ഉടമ) എന്ന പ്രധാന തത്വം കൂടുതൽ ഉറപ്പിച്ച്, കേന്ദ്രമന്ത്രി ഈ സാരഥിമാർക്ക് ഷെയർ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. ഓരോ സാരഥിക്കും 5 ലക്ഷം രൂപയുടെ വ്യക്തിഗത അപകട ഇൻഷുറൻസും കുടുംബത്തിന് 5 ലക്ഷം രൂപയുടെ ആരോഗ്യ ഇൻഷുറൻസും നൽകി. ഡ്രൈവർമാരുടെ ക്ഷേമത്തോടും ദീർഘകാല സാമൂഹിക സുരക്ഷയോടുമുള്ള ഭാരത് ടാക്സിയുടെ പ്രതിജ്ഞാബദ്ധതയാണ് ഇത് പ്രതിഫലിപ്പിക്കുന്നത്.









## PMGSY-IV 10,000 കിലോമീറ്റർ റോഡ് പദ്ധതികൾക്ക് അംഗീകാരം

പ്രധാനമന്ത്രി ഗ്രാം സഡക് യോജന (PMGSY) നാലാം ഘട്ടത്തിന് കീഴിൽ ജമ്മു കശ്മീർ, ഛത്തീസ്ഗഢ്, ഉത്തരാഖണ്ഡ്, രാജസ്ഥാൻ, ഹിമാചൽ പ്രദേശ്, സിക്കിം എന്നീ സംസ്ഥാനങ്ങൾക്കായി 10,000 കിലോമീറ്ററിലധികം റോഡ് പദ്ധതികൾക്ക് അംഗീകാരം നൽകി. പദ്ധതികൾ പൂർത്തിയാകുന്നതോടെ, മുൻപ് ഒറ്റപ്പെട്ടു പോയിരുന്ന ഏകദേശം 3,270 ജനവാസ മേഖലകൾക്ക് ഗതാഗത സൗകര്യവും അത്യാവശ്യ സേവനങ്ങളും ലഭ്യമാകും. ഉയർന്ന മലനിരകൾ മുതൽ വിദൂര ഗ്രാമീണ മേഖലകൾ വരെ നീളുന്ന ഈ റോഡുകൾ വെറും അടിസ്ഥാനസൗകര്യവികസനം മാത്രമല്ല, മറിച്ച് പുരോഗതിയിലേക്കുള്ള സുപ്രധാന പാതകൾ കൂടിയാണ്. നിലവിൽ ഗതാഗത സൗകര്യമില്ലാത്ത ജനവാസ കേന്ദ്രങ്ങളിലേക്ക് എല്ലാ കാലാവസ്ഥയെയും അതിജീവിക്കുന്ന 62,500 കിലോമീറ്റർ റോഡുകൾ എത്തിക്കുകയാണ് ഈ ദൗത്യം ലക്ഷ്യമിടുന്നത്. 2028-29 സാമ്പത്തിക വർഷത്തോടെ ഈ പദ്ധതികൾക്കായി ഏകദേശം 70,125 കോടി രൂപ ചെലവഴിക്കുമെന്നാണ് കണക്കാക്കുന്നത്.

## 233 വർഷം പഴക്കമുള്ള വാല്മീകി രാമായണം അന്താരാഷ്ട്ര രാമകഥ മ്യൂസിയത്തിൽ പ്രദർശിപ്പിക്കും

കേന്ദ്ര സംസ്കൃത സർവകലാശാല വൈസ് ചാൻസലർ പ്രൊഫസർ ശ്രീനിവാസ വരഖേഡി, 233 വർഷം പഴക്കമുള്ള വാൽമീകി രാമായണത്തിന്റെ (തത്വദീപിക വ്യാഖ്യാനത്തോടുകൂടിയ) അപൂർവമായ സംസ്കൃതം കൈയെഴുത്തുപ്രതി തീൻ മൂർത്തിയിലെ പ്രൈം മിനിസ്റ്റേഴ്സ് മ്യൂസിയം ആൻഡ് ലൈബ്രറി എക്സിക്യൂട്ടീവ് കൗൺസിൽ ചെയർമാൻ നൃപേന്ദ്ര മിശ്രയ്ക്ക് കൈമാറി. ആദികവി വാൽമീകി രചിച്ചതും മഹേശ്വര തീർഥയുടെ ക്ലാസിക്കൽ വ്യാഖ്യാനം (ടീക) ഉൾപ്പെട്ടതുമായ ഈ കൈയെഴുത്തുപ്രതി സംസ്കൃതത്തിലാണ് (ദേവനാഗരി ലിപി) എഴുതപ്പെട്ടിരിക്കുന്നത്. വിക്രമ സംവത്സരം 1849-ലേതെന്ന് (സി.ഇ. 1792) കരുതപ്പെടുന്ന ഇത് ചരിത്രപരമായി വളരെ പ്രാധാന്യമുള്ളതും രാമായണത്തിന്റെ സംരക്ഷിക്കപ്പെട്ട അപൂർവമായ പാഠ്യപാരമ്പര്യത്തെ പ്രതിനിധീകരിക്കുന്നതുമാണ്. ഈ കൈയെഴുത്തുപ്രതി ഉത്തർപ്രദേശിലെ അയോധ്യയിലുള്ള അന്താരാഷ്ട്ര രാമകഥ മ്യൂസിയത്തിലേക്ക് എന്നന്നേക്കുമായി സമ്മാനിച്ചു. "ഈ അപൂർവ കൈയെഴുത്തുപ്രതി അയോധ്യയിലെ രാമകഥ മ്യൂസിയത്തിന് നൽകുന്നത് ചരിത്രപരമായ നിമിഷമാണ്" - നൃപേന്ദ്ര മിശ്ര പറഞ്ഞു.





ജനനം: 1792 ഫെബ്രുവരി 17 | മരണം: 1832 ഫെബ്രുവരി 13

# ലർക്ക കലാപനായകൻ

*ലർക്ക കലാപത്തിന്റെ നേതാവും ക്രാന്തദർശിയായ സ്വാതന്ത്ര്യസമരസേനാനിയുമായ ബുധു ഭഗത്, സ്വാതന്ത്ര്യത്തിനായി ബ്രിട്ടീഷുകാർക്കും പണമിടപാടുകാർക്കുമെതിരെ ഒളിപ്പോർ യുദ്ധം നയിച്ചു. ബ്രിട്ടീഷ് ഭരണത്തിൽ നിന്നുള്ള മോചനത്തിനായി ചോരിയ, പിത്തോറിയ, ലോഹർദാഗ, പാലമു മേഖലകളിലെ ജനങ്ങളെ അദ്ദേഹം പ്രചോദിപ്പിച്ചു. ചൂഷണത്തിനും അടിച്ചമർത്തലിനും എതിരെ അദ്ദേഹം പല്ലും നഖവും ഉപയോഗിച്ച് പോരാടി. വർഷങ്ങളോളം ബ്രിട്ടീഷുകാരെ കാടുകളിൽ നിന്ന് തുരത്തിയ അദ്ദേഹം, അനീതിക്കെതിരെ പോരാടാൻ ഗോത്രവർഗക്കാരെ പഠിപ്പിച്ചു. ധൈര്യം, ചെറുത്തുനിൽപ്പ്, വീര്യം, ത്യാഗം എന്നിവയുടെ പ്രതീകമായ ബുധു ഭഗത് എന്നെന്നും പ്രചോദനമായി നിലകൊള്ളും...*

ലർക്ക കലാപത്തിന്റെ കനൽ ആളിക്കത്തിച്ച വിഖ്യാത വിപ്ലവകാരിയായ ബുധു ഭഗത്, വെറും ഒരു കോടാലി കൈയിലേന്തി ബ്രിട്ടീഷ് ഗവണ്മെന്റിന്റെ പീരങ്കികളെയും തോക്കുകളെയും നേരിട്ട പോരാളിയായിരുന്നു. 1792 ഫെബ്രുവരി 17-ന് ഝാർഖണ്ഡിലെ റാഞ്ചി ജില്ലയിലുള്ള സിലഗെയ്ൻ ഗ്രാമത്തിലെ ഒറാവോൺ കുടുംബത്തിലാണ് അദ്ദേഹം ജനിച്ചത്. ബുധു ഭഗത്തിന് ദൈവിക ശക്തിയുണ്ടായിരുന്നെന്നും അദ്ദേഹം എപ്പോഴും കൂടെ കരുതിയിരുന്ന കോടാലി അതിന്റെ പ്രതീകമാണെന്നും പറയപ്പെടുന്നു. അദ്ദേഹത്തിന്റെ സംഘാടന മികവ് കണ്ട് ജനങ്ങൾ അദ്ദേഹത്തെ ദൈവത്തിന്റെ അവതാരമായി കരുതിയിരുന്നു. സില്ലി, ചോരിയ, പിത്തോറിയ, ലോഹർദാഗ, പാലമു എന്നിവിടങ്ങളിലെ ജനങ്ങളെയും അദ്ദേഹം സംഘടിപ്പിച്ചു.

മികച്ച സംഘാടകനായിരുന്ന അദ്ദേഹം തന്റെ സേനയ്ക്ക് ഒളിപ്പോർ യുദ്ധത്തിൽ പരിശീലനം നൽകി. ഇടതൂർന്ന വനങ്ങളും ദുർഘടമായ കുന്നുകളും പ്രയോജനപ്പെടുത്തി അദ്ദേഹം ബ്രിട്ടീഷ് സൈന്യത്തെ പലതവണ പരാജയപ്പെടുത്തി. കുട്ടിക്കാലം മുതൽക്കേ വാൾപയറ്റിലും അമ്പെയ്ത്തിലും അദ്ദേഹം പരിശീലനം നേടിയിരുന്നു. ഭൂമിയും വനങ്ങളും സംരക്ഷിക്കുന്നതിനായി ബ്രിട്ടീഷ് പിന്തുണയുള്ള ഭൂവുടമകൾക്കും ഇടനിലക്കാർക്കുമെതിരെയും അദ്ദേഹം യുദ്ധം ചെയ്തു. തന്റെ കരുത്തും നേതൃപാടവവും ഉപയോഗിച്ച്, ഗോത്രവർഗ മേഖലകളിലെ ബ്രിട്ടീഷ് ഭരണത്തിന്റെ ക്രൂരതയ്ക്കെതിരെ അദ്ദേഹം ലർക്ക കലാപത്തിന് തുടക്കം കുറിക്കുകയും സായുധ പോരാട്ടത്തിന് നേതൃത്വം നൽകുകയും ചെയ്തു.

റാഞ്ചിയിലും ഛോട്ടാ നാഗ്പൂരിന്റെ പരിസര പ്രദേശങ്ങളിലും ബുധു ഭഗത്തിന് വലിയ സ്വാധീനമുണ്ടായിരുന്നു എന്ന് പറയപ്പെടുന്നു. അദ്ദേഹത്തിന്റെ വാക്കുകേട്ട് ജീവൻ ബലികഴിക്കാൻ പോലും ജനങ്ങൾ തയ്യാറായിരുന്നു. ചോഗാരി കുന്നിൻ മുകളിലെ ഇടതൂർന്ന വനങ്ങൾക്ക് നടുവിലായിരുന്നു ബുധു ഭഗത്തിന്റെ സൈനിക താവളം; ഇവിടെ വച്ചാണ് തന്ത്രപരമായ പദ്ധതികൾ മെനഞ്ഞിരുന്നത്. അദ്ദേഹത്തിന്റെ വീര്യത്തിലും കരുത്തിലും അസ്വസ്ഥരായ ബ്രിട്ടീഷുകാർ ബുധു ഭഗത്തിനെ പിടികൂടുന്നവർക്ക് ആയിരം രൂപ പ്രതിഫലം പ്രഖ്യാപിച്ചു. അന്നത്തെ കാലത്ത് അത് വളരെ വലിയൊരു തുകയായിരുന്നു.

1832 ഫെബ്രുവരി 13-ന്, സിലഗെയ്ൻ ഗ്രാമത്തിൽ ക്യാപ്റ്റൻ ഇംപെയുടെ നേതൃത്വത്തിലുള്ള ബ്രിട്ടീഷ് സൈന്യം ബുധു ഭഗത്തിനെയും കൂട്ടാളികളെയും വളഞ്ഞു. ബ്രിട്ടീഷുകാരുടെ വെടിവയ്പ്പിൽ നിരപരാധികളായ ഗ്രാമവാസികൾ കൊല്ലപ്പെടുന്നത് ഒഴിവാക്കാൻ ബുധു ഭഗത് കീഴടങ്ങാൻ ആഗ്രഹിച്ചു. എന്നാൽ, അദ്ദേഹത്തിന്റെ അനുയായികൾ അദ്ദേഹത്തിന് ചുറ്റും സംരക്ഷണ വലയം തീർത്തു. ഇതിനിടെ ബ്രിട്ടീഷ് ക്യാപ്റ്റൻ വെടിവയ്പ്പിന് ഉത്തരവിട്ടു. തുടർന്നുണ്ടായ ക്രൂരമായ വെടിവയ്പ്പിൽ പ്രായമായവരുടെയും കുട്ടികളുടെയും സ്ത്രീകളുടെയും യുവാക്കളുടെയും നിലവിളികളാൽ ആ പ്രദേശം വിറകൊണ്ടു. ആ രക്തരൂക്ഷിതമായ കൂട്ടക്കൊലയിൽ ഏകദേശം 300-ഓളം ഗ്രാമവാസികൾ കൊല്ലപ്പെട്ടു. അനീതിക്കെതിരായ ജനങ്ങളുടെ കലാപത്തെ ആയുധക്കരുത്ത് കൊണ്ട് ബ്രിട്ടീഷുകാർ അടിച്ചമർത്തി. ബ്രിട്ടീഷുകാർക്കെതിരായ ആ പോരാട്ടത്തിൽ ബുധു ഭഗത്തും അദ്ദേഹത്തിന്റെ പുത്രന്മാരായ ഹൽദറും ഗിർധറും വീരമൃത്യു വരിച്ചു. ധീരനായ ബുധു ഭഗത്തിനെയും അദ്ദേഹത്തിന്റെ കൂട്ടാളികളെയും ഇന്നും ജനം തങ്ങളുടെ നാടൻ കഥകളിലൂടെയും പാട്ടുകളിലൂടെയും ഓർമിക്കുന്നു. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ അദ്ദേഹം നൽകിയ സംഭാവനയുടെയും അദ്ദേഹത്തിന് ജനങ്ങൾക്കിടയിലുള്ള സ്വാധീനത്തിന്റെയും തെളിവാണ് ഇത്.



# അടൽ പെൻഷൻ പദ്ധതി 2030-31 വരെ നീട്ടി; സിഡ്ബി-ക്ക് 5,000 കോടി രൂപ ലഭിക്കും

***അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനു കേന്ദ്രഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. ഇതിന്റെ ഭാഗമായി, അടൽ പെൻഷൻ പദ്ധതി 2030–31 വരെ തുടരുന്നതിന് അനുമതി നൽകി, കേന്ദ്രമന്ത്രിസഭ സുപ്രധാന തീരുമാനം കൈക്കൊണ്ടു. ഇത് കുറഞ്ഞ വരുമാനക്കാർക്കും അസംഘടിത മേഖലയിലെ തൊഴിലാളികൾക്കും വാർധക്യകാല വരുമാന സുരക്ഷ ഉറപ്പാക്കും. കൂടാതെ, സിഡ്ബി–ക്ക് 5,000 കോടി രൂപയുടെ ഓഹരിപിന്തുണ നൽകാനുള്ള നിർദേശത്തിനും അംഗീകാരം ലഭിച്ചു. ഇത് നിരവധി എംഎസ്എംഇ യൂണിറ്റുകൾക്ക് പ്രയോജനപ്പെടും...***

**തീരുമാനം: അടൽ പെൻഷൻ പദ്ധതി (APY) 2030-31 സാമ്പത്തിക വർഷം വരെ തുടരുന്നതിന് അംഗീകാരം.**

**സ്വാധീനം:** 2026 ജനുവരി 19 വരെയുള്ള കണക്കനുസരിച്ച്, 8.66 കോടിയിലധികം വരിക്കാർ അടൽ പെൻഷൻ പദ്ധതിയിൽ ചേർന്നിട്ടുണ്ട്. ഇത് ഇന്ത്യയുടെ ഏവരെയും ഉൾക്കൊള്ളുന്ന സാമൂഹ്യ സുരക്ഷാ ചട്ടക്കൂടിന്റെ നാഴികക്കല്ലാണ്. ഓരോ വ്യക്തിയുടെയും വിഹിതം അനുസരിച്ച് 60 വയസ്സ് മുതൽ പ്രതിമാസം 1,000 മുതൽ 5,000 രൂപ വരെ കുറഞ്ഞ പെൻഷൻ ഈ പദ്ധതി ഉറപ്പുനൽകുന്നു. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് വാർധക്യ കാല വരുമാന സുരക്ഷ നൽകുക എന്ന ലക്ഷ്യത്തോടെ 2015 മെയ് 9-നാണ് APY ആരംഭിച്ചത്.

**പ്രധാന നേട്ടങ്ങൾ:**

- ദശലക്ഷക്കണക്കിന് കുറഞ്ഞ വരുമാനക്കാർക്കും അസംഘടിത മേഖലയിലെ തൊഴിലാളികൾക്കും വാർധക്യകാല വരുമാന സുരക്ഷ ഉറപ്പാക്കുന്നു.
- സാമ്പത്തിക ഉൾപ്പെടുത്തൽ പ്രോത്സാഹിപ്പിക്കുകയും പെൻഷൻ അധിഷ്ഠിത സമൂഹത്തിലേക്കുള്ള ഇന്ത്യയുടെ ചുവടുമാറ്റത്തിന് പിന്തുണ നൽകുകയും ചെയ്യുന്നു.
- സുസ്ഥിര സാമൂഹ്യസുരക്ഷ നൽകി വികസിത ഇന്ത്യ@2047 എന്ന ദർശനത്തെ ശക്തിപ്പെടുത്തുന്നു.

**അവബോധത്തിനും ശേഷി വർധിപ്പിക്കലിനുമുള്ള ഗവൺമെന്റ് പിന്തുണ:**

- അസംഘടിത തൊഴിലാളികൾക്കിടയിൽ പദ്ധതിയുടെ വ്യാപനം വർധിപ്പിക്കുന്നതിനായി ബോധവൽക്കരണവും ശേഷി വർധിപ്പിക്കലും ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾ നടത്തുന്നു.
- പദ്ധതിയുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനും ആവശ്യമായ സാമ്പത്തിക സഹായം നൽകുന്നതിനുമായി മതിയായ തുക അനുവദിക്കുന്നു.

*മന്ത്രിസഭായോഗ തീരുമാനങ്ങളെക്കുറിച്ചുള്ള വാർത്താസമ്മേളനം കാണാൻ ക്യുആർ കോഡ് സ്കാൻ ചെയ്യൂ*




**തീരുമാനം: സ്മോൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് ബാങ്ക് ഓഫ് ഇന്ത്യയ്ക്ക് (SIDBI) 5,000 കോടി രൂപയുടെ ഓഹരിപിന്തുണ നൽകുന്നതിനുള്ള അംഗീകാരം.**

**സ്വാധീനം:** 5,000 കോടി രൂപയുടെ ഓഹരി മൂലധനം ലഭ്യമാകുന്നതോടെ, സാമ്പത്തിക സഹായം ലഭിക്കുന്ന MSME യൂണിറ്റുകളുടെ എണ്ണം 2025 സാമ്പത്തിക വർഷാവസാനത്തിലെ 76.26 ലക്ഷത്തിൽ നിന്ന് 2028 സാമ്പത്തിക വർഷാവസാനത്തോടെ 1.02 കോടിയായി വർധിക്കുമെന്ന് പ്രതീക്ഷിക്കുന്നു (അതായത്, ഏകദേശം 25.74 ലക്ഷം പുതിയ MSME ഗുണഭോക്താക്കൾ കൂടി ഉൾപ്പെടും).

- MSME മന്ത്രാലയത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ നിന്നുള്ള ഏറ്റവും പുതിയ വിവരങ്ങൾ പ്രകാരം (30.09.2025 വരെയുള്ള കണക്ക്), 6.90 കോടി MSME യൂണിറ്റുകളിലായി ആകെ 30.16 കോടി പേർ ജോലി ചെയ്യുന്നു (അതായത്, ഒരു MSME യൂണിറ്റിൽ ശരാശരി 4.37 പേർ ജോലി ചെയ്യുന്നു).
- ഈ ശരാശരി കണക്കിലെടുത്താൽ, 2027–28 സാമ്പത്തിക വർഷാവസാനത്തോടെ ഏകദേശം 25.74 ലക്ഷം പുതിയ MSME ഗുണഭോക്താക്കളെ കൂടി ഉൾപ്പെടുത്തുന്നതിലൂടെ ഏകദേശം 1.12 കോടി പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.



സംവാദത്തിലൂടെ വിജയം

9ാം പതിപ്പ്
പരീക്ഷാ പേ ചർച്ച 2026

# പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ മന്ത്രം: സ്വന്തം ശൈലിയിൽ പൂർണ വിശ്വാസമർപ്പിക്കുക

*പരീക്ഷാസമ്മർദ്ദത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിനും പരീക്ഷകളെ ഒരുത്സവം പോലെ ആഘോഷിക്കുന്നതിനുമായി 2018-ൽ ആരംഭിച്ച 'പരീക്ഷാ പേ ചർച്ച' പരിപാടി ഓരോ വർഷവും പുതിയ മാനദണ്ഡങ്ങൾ നിശ്ചയിക്കുകയാണ്. വിദ്യാർഥികളുടെ മനസ്സിൽനിന്ന് പരീക്ഷാപ്പേടി അകറ്റുന്നതിനും അവർക്ക് വിജയമന്ത്രം പകർന്നു നൽകുന്നതിനുമായി ഈ വർഷവും സവിശേഷവും സമഗ്രവുമായ രീതിയിലാണ് പരിപാടി സംഘടിപ്പിച്ചത്. ഫെബ്രുവരി 6-ന് നടന്ന 'പരീക്ഷാ പേ ചർച്ച'യുടെ ഒൻപതാം പതിപ്പിൽ പ്രധാനമന്ത്രി മോദി വിദ്യാർഥികളുമായി സുപ്രധാന നിർദേശങ്ങൾ പങ്കുവച്ചു; ഒപ്പം, നിരവധി വിഷയങ്ങളും ചർച്ച ചെയ്തു...*

**വിദ്യാർഥികൾക്കായി പ്രധാനമന്ത്രിയുടെ മന്ത്രം**

**പഠനരീതിയിൽ വിശ്വസിക്കുക:** നിങ്ങളുടെ സ്വന്തം പഠനരീതിയിൽ പൂർണ്ണമായി വിശ്വസിക്കുക. എന്നാൽ ആ ശൈലിയെക്കുറിച്ച് മറ്റുള്ളവർ നൽകുന്ന നിർദേശങ്ങൾ ശ്രദ്ധയോടെ കേൾക്കുകയും അവ മനസ്സിലാക്കാൻ ശ്രമിക്കുകയും ചെയ്യുക. നിങ്ങളുടെ ശൈലിയിൽ ചില പുതിയ മാറ്റങ്ങൾ വരുത്തുന്നത് ഗുണകരമാണെന്ന് നിങ്ങൾക്ക് തോന്നിയേക്കാം. എന്നാൽ മറ്റൊരാൾ പറഞ്ഞതുകൊണ്ട് മാത്രം അത് ചെയ്യരുത്; നിങ്ങളുടെ സ്വന്തം അനുഭവത്തിന്റെ അടിസ്ഥാനത്തിൽ മാത്രം മാറ്റങ്ങൾ വരുത്തുക. ഉദാഹരണത്തിന്, ഞാൻ "പരീക്ഷാ പേ ചർച്ച" ആരംഭിച്ചപ്പോൾ അതിനൊരു രീതി ഉണ്ടായിരുന്നു. ഇപ്പോൾ ഞാൻ അത് ഘട്ടംഘട്ടമായി മെച്ചപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്.

**രണ്ട് തരം നൈപുണ്യങ്ങൾ:** രണ്ട് തരം കഴിവുകളാണുള്ളത്. ഒന്ന് ജീവിതനൈപുണ്യങ്ങളും മറ്റൊന്ന് തൊഴിൽപരമായ നൈപുണ്യങ്ങളും. ഇതിൽ ഏതിലാണ് ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതെന്ന് എന്നോട് ചോദിച്ചാൽ, രണ്ടിലും എന്ന് ഞാൻ മറുപടി പറയും. പഠനമില്ലാതെയും നിരീക്ഷണപാടവമില്ലാതെയും അറിവ് പ്രയോഗിക്കാതെയും ഏതെങ്കിലും ഒരു നൈപുണ്യം ആർജ്ജിക്കാൻ കഴിയുമോ?

**വിദ്യാഭ്യാസം ഒരു മാധ്യമമാണ്:** നമ്മുടെ ജീവിതം പരീക്ഷകൾക്ക് വേണ്ടിയുള്ളതല്ല, മറിച്ച് ജീവിതം കെട്ടിപ്പടുക്കുന്നതിനുള്ള മാധ്യമമാണ് വിദ്യാഭ്യാസം. വിദ്യാഭ്യാസത്തിന് വേണ്ടിയാണ് നമ്മൾ ആവർത്തിച്ച് പരീക്ഷകൾ എഴുതുന്നത്. പരീക്ഷകൾ നമ്മെത്തന്നെ പരിശോധിക്കാനുള്ളതാണ്. പരീക്ഷയിലെ മാർക്ക് മാത്രമാകരുത് അന്തിമലക്ഷ്യം. ജീവിതത്തിന്റെ സമഗ്രമായ വികാസമായിരിക്കണം ലക്ഷ്യം. നിങ്ങളുടെ ജീവിതം ഏറ്റവും മികച്ചതാക്കാനും ഉന്നത നിലവാരമുള്ളതാക്കാനും അത്ഭുതകരമാക്കാനും നിങ്ങൾ പരിശ്രമിക്കണം എന്നാണ് എല്ലാ വിദ്യാർഥികളോടും എനിക്ക് അഭ്യർഥിക്കാനുള്ളത്. അതിനായി സ്വയം സജ്ജരാകുക.




### അസമിലെ ഗമോസ

അസമിലെ 'ഗമോസ' നൽകിക്കൊണ്ടാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി വിദ്യാർഥികളെ സ്വാഗതം ചെയ്തത്. അദ്ദേഹം പറഞ്ഞു: "ഇതിനെ അസമീസ് ഗമോസ എന്ന് വിളിക്കുന്നു. ഇത് അത്ഭുതകരമായ വസ്തുവാണ്; എനിക്ക് ഏറ്റവും പ്രിയപ്പെട്ട ഒന്നാണിത്. ഇതിന്റെ രൂപകൽപ്പന വളരെ മനോഹരമാണ്. രണ്ടാമതായി, ഇത് അസമിന്റെ, പ്രത്യേകിച്ച് വടക്കുകിഴക്കൻ മേഖലയിലെ, സ്ത്രീശാക്തീകരണത്തിന്റെ പ്രതീകമാണ്. ഇത് വീടുകളിലാണ് നിർമിക്കുന്നത്, ആ പ്രദേശത്തെ സ്ത്രീകളും അമ്മമാരും എങ്ങനെ പ്രവർത്തിക്കുന്നു എന്നത് ഇത് യഥാർഥത്തിൽ പ്രതിഫലിപ്പിക്കുന്നു. ഇത് എന്നിൽ വലിയ ബഹുമാനവും ആദരവും നിറയ്ക്കുന്നു. അതുകൊണ്ട് ഇന്ന് ഈ കുട്ടികൾക്ക് അസമിലെ ഒരു ഗമോസ നൽകണമെന്ന് എനിക്ക് തോന്നി."

### പോയത് ഞാൻ കണക്കാക്കാറില്ല; ബാക്കിയുള്ളതാണ് ഞാൻ പരിഗണിക്കുന്നത്

വിദ്യാർഥികളുമായുള്ള സംവാദത്തിൽ പ്രധാനമന്ത്രി മോദി പറഞ്ഞു: "അടുത്തിടെ ഒരു നേതാവ് എന്നെ വിളിച്ചിരുന്നു. സെപ്റ്റംബർ 17-ന് എന്റെ ജന്മദിനത്തിൽ എനിക്ക് 75 വയസ്സായെന്ന് അദ്ദേഹം പറഞ്ഞു. അപ്പോൾ ഞാൻ പറഞ്ഞു, 'ഇനി 25 വർഷം കൂടി ബാക്കിയുണ്ട്'. പോയത് ഞാൻ കണക്കാക്കാറില്ല; ബാക്കിയുള്ളതാണ് ഞാൻ എണ്ണുന്നത്. അതുകൊണ്ടാണ് നിങ്ങളോടും ഞാൻ പറയുന്നത്: പോയത് എണ്ണി സമയം കളയരുത്. ബാക്കിയുള്ള ജീവിതം എങ്ങനെ ജീവിക്കണമെന്ന് ചിന്തിക്കുക"

**"ഈ വർഷത്തെ 'പരീക്ഷാ പേ ചർച്ച'യിൽ പരീക്ഷകളുമായി ബന്ധപ്പെട്ട രസകരമായ വിഷയങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്, പ്രത്യേകിച്ച് സമ്മർദ്ദമില്ലാതെ ഇരിക്കേണ്ടതിന്റെ ആവശ്യകത, പഠനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുക തുടങ്ങിയവ. രാജ്യത്തുടനീളമുള്ള മിടുക്കരായ പ്രതിഭകളുമായി സംവദിക്കാൻ എനിക്ക് അവസരം നൽകുന്ന ഈ വേദി ഞാൻ എപ്പോഴും ആസ്വദിക്കാറുണ്ട്."** *-നരേന്ദ്ര മോദി, പ്രധാനമന്ത്രി*



**ഗെയിം ക്രിയേറ്ററാകുക:** ഇന്ത്യ കഥകളാലും ഇതിഹാസങ്ങളാലും സമ്പന്നമാണ്. നിങ്ങൾ എപ്പോഴെങ്കിലും പഞ്ചതന്ത്രത്തെ അടിസ്ഥാനമാക്കി ഗെയിം നിർമിക്കുന്നതിനെക്കുറിച്ചോ, സ്വയം ഗെയിം ക്രിയേറ്ററാകുന്നതിനെക്കുറിച്ചോ ചിന്തിച്ചിട്ടുണ്ടോ? നിങ്ങളുടെ സ്വന്തം സമൂഹമാധ്യമ പ്രൊഫൈൽ സൃഷ്ടിച്ച് ഒന്നോ രണ്ടോ ഗെയിമുകൾ സ്വന്തമായി വികസിപ്പിക്കുകയും അവ പുറത്തിറക്കുകയും ചെയ്യുക. അപ്പോൾ നിങ്ങളുടെ കുടുംബം അത്ഭുതപ്പെടും: "നോക്കൂ, ഇവൻ എത്ര ചെറുപ്പമാണ്, ഇപ്പോൾത്തന്നെ ഇവന് 10,000-20,000 ഫോളോവേഴ്സ് ഉണ്ട്!" നിങ്ങൾക്ക് ധാരാളം പുതിയ ആശയങ്ങൾ ലഭിക്കും. അതിനാൽ, നിങ്ങൾക്ക് ഗെയിമിങ്ങിൽ താൽപ്പര്യമുണ്ടെങ്കിൽ അത് നല്ല കാര്യമാണ്. ഒരിക്കലും മടിക്കരുത്.

**ഡയറിയിൽ കുറിക്കുക;** അടുത്ത ദിവസത്തേക്ക് ആസൂത്രണം ചെയ്യുക: രാത്രി ഉറങ്ങാൻ പോകുന്നതിന് മുമ്പ്, അടുത്ത ദിവസം നിങ്ങൾ പൂർത്തിയാക്കേണ്ട ജോലികൾ ഡയറിയിൽ എഴുതുക. ആ ജോലികൾ ഏതൊക്കെയാണ്? തുടർന്ന്, അടുത്ത ദിവസം, തലേദിവസം നിങ്ങൾ എഴുതിയ കാര്യങ്ങൾ പരിശോധിക്കുക, അവ പൂർത്തിയാക്കിയോ എന്ന് നോക്കി അടയാളപ്പെടുത്തുക.

൭ാം പതിപ്പ്

പരീക്ഷാ പേ ചർച്ച 2026

## റെക്കോർഡ് എണ്ണം വിദ്യാർഥികൾ രജിസ്റ്റർ ചെയ്തു



**'പരീക്ഷാ പേ ചർച്ച' (PPC) പരിപാടിയുടെ ഒൻപതാം പതിപ്പ് അഭൂതപൂർവമായ വളർച്ചയ്ക്കാണ് സാക്ഷ്യം വഹിച്ചത്. മൈഗോവ് (MyGov) പോർട്ടൽ വഴി 4.5 കോടിയിലധികം വിദ്യാർഥികളും അധ്യാപകരും രക്ഷിതാക്കളും ഇതിനായി രജിസ്റ്റർ ചെയ്തു. ഇതിൽ 4,19,14,056 വിദ്യാർഥികളും 24,84,259 അധ്യാപകരും 6,15,064 രക്ഷിതാക്കളും ഉൾപ്പെടുന്നു.**

### 2018

**ആദ്യ സംവാദം**

ആദ്യത്തെ 'പരീക്ഷാ പേ ചർച്ച' 2018 ഫെബ്രുവരി 16-ന് ന്യൂഡൽഹിയിലെ താൽക്കടോറ സ്റ്റേഡിയത്തിൽ നടന്നു. 2,500-ലധികം വിദ്യാർഥികൾ പരിപാടിയിൽ നേരിട്ട് പങ്കെടുത്തു. രാജ്യത്തുടനീളമുള്ള 8.5 കോടിയിലധികം വിദ്യാർഥികൾ ഈ പരിപാടി തത്സമയം വീക്ഷിച്ചു.

### 2019

**വർധിക്കുന്ന സ്വീകാര്യത**

'പരീക്ഷാ പേ ചർച്ച'യുടെ രണ്ടാം പതിപ്പ് 2019 ജനുവരി 29-ന് ന്യൂഡൽഹിയിലെ താൽക്കടോറ സ്റ്റേഡിയത്തിൽ തന്നെ നടന്നു. ഇതിൽ പങ്കാളിത്തം മുൻ വർഷത്തേക്കാൾ കൂടുതലായിരുന്നു. തൊണ്ണൂറ് മിനിറ്റിലധികം നീണ്ടുനിന്ന ഈ സംവാദത്തിൽ വിദ്യാർഥികളും അധ്യാപകരും രക്ഷിതാക്കളും പങ്കെടുത്തു.

### 2020

**പങ്കാളിത്തം വിപുലമാകുന്നു**

2020 ജനുവരി 20-ന് ന്യൂഡൽഹിയിലെ താൽക്കടോറ സ്റ്റേഡിയത്തിൽ നടന്ന പരിപാടിക്കായി 2.63 ലക്ഷം എൻട്രികൾ ലഭിച്ചു. ഇന്ത്യക്കകത്തും വിദേശത്തുമായി 25 രാജ്യങ്ങളിൽ നിന്നുള്ള ഇന്ത്യൻ വിദ്യാർഥികൾ ഇതിൽ പങ്കെടുത്തു.

### 2021

**ഡിജിറ്റൽ സംവാദം**

കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ, പിപിസി (PPC) നാലാം പതിപ്പ് 2021 ഏപ്രിൽ 7-ന് ഓൺലൈനായിട്ടാണ് സംഘടിപ്പിച്ചത്.

### 2022

**നേരിട്ടുള്ള സംവാദം പുനരാരംഭിക്കുന്നു**

2022 ഏപ്രിൽ 1-ന് ന്യൂഡൽഹിയിലെ താൽക്കടോറ സ്റ്റേഡിയത്തിൽ നടന്ന പരീക്ഷാ പേ ചർച്ചയുടെ അഞ്ചാം പതിപ്പിൽ പ്രധാനമന്ത്രി മോദി വിദ്യാർഥികളുമായും അധ്യാപകരുമായും രക്ഷിതാക്കളുമായും സംവദിച്ചു. 9,69,836 വിദ്യാർഥികളും 47,200 ജീവനക്കാരും 1,86,517 രക്ഷിതാക്കളും പരീക്ഷാ പേ ചർച്ച-2022-ന്റെ തത്സമയ സംപ്രേക്ഷണം വീക്ഷിച്ചു.

### 2023

**കാണികളുടെ എണ്ണത്തിൽ വർധന**

പിപിസിയുടെ ആറാം പതിപ്പ് 2023 ജനുവരി 27-ന് താൽക്കടോറ സ്റ്റേഡിയത്തിൽ നടന്നു. നിരവധി ടിവി ചാനലുകളിലും യൂട്യൂബ് ചാനലുകളിലും ഈ പരിപാടി തത്സമയം സംപ്രേക്ഷണം ചെയ്തു. 718,110 വിദ്യാർഥികളും 42,337 അധ്യാപകരും 88,544 രക്ഷിതാക്കളും തത്സമയം പരിപാടി കണ്ടു.

### 2024

**രാജ്യവ്യാപക പങ്കാളിത്തം**

ഏഴാം പതിപ്പ് 2024 ജനുവരി 29-ന് ഭാരത് മണ്ഡപത്തിൽ വെച്ച് നടന്നു. മൈഗോവ് (MyGov) പോർട്ടലിൽ 22.6 കോടി രജിസ്ട്രേഷനുകൾ ഈ പരിപാടിക്കായി ലഭിച്ചു. ആദ്യമായി ഏകലവ്യ മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ (EMRS) നിന്നുള്ള 100 വിദ്യാർഥികൾ ഇതിൽ പങ്കെടുത്തു. വിദ്യാർഥികളും അധ്യാപകരും രക്ഷിതാക്കളും കലാ ഉത്സവ് വിജയികളും ഉൾപ്പെടെ ഏകദേശം 3,000 പേർ പരിപാടിയിൽ നേരിട്ട് പങ്കെടുത്തു.

### 2025

**വിവിധ വിഷയങ്ങൾ ചർച്ച ചെയ്തു**

2025 ഫെബ്രുവരി 10-ന് പരീക്ഷാ പേ ചർച്ചയുടെ എട്ടാം പതിപ്പ് ന്യൂഡൽഹിയിലെ സുന്ദർ നഴ്സറിയിൽ പുതിയൊരു രീതിയിൽ സംഘടിപ്പിച്ചു. രാജ്യത്തുടനീളമുള്ള വിദ്യാർഥികളുമായി പ്രധാനമന്ത്രി മോദി സൗഹാർദ്ദപരമായി സംവദിച്ചു. വിവിധ വിഷയങ്ങൾ ചർച്ച ചെയ്തു. വിദ്യാർഥികൾക്ക് അദ്ദേഹം എള്ളുണ്ടകൾ വിതരണം ചെയ്തു.

ഉദാഹരണത്തിന്, ഇന്ന് അഞ്ച് ജോലികൾ ചെയ്യുമെന്ന് നിങ്ങൾ എഴുതിയിരുന്നു. എന്നാൽ മൂന്നെണ്ണം മാത്രമേ പൂർത്തിയാക്കാൻ കഴിഞ്ഞുള്ളൂ എങ്കിൽ, അവിടെ അടയാളപ്പെടുത്തുക; ഇത് രണ്ട് ജോലികൾ കൂടി ബാക്കിയുണ്ടെന്ന് നിങ്ങളെ ഓർമിപ്പിക്കും. തുടർന്ന് ചിന്തിക്കുക, എന്തുകൊണ്ടാണ് ഈ രണ്ട് ജോലികൾ അപൂർണ്ണമായി തുടരുന്നത്? നിങ്ങൾ സമയക്രമീകരണവും സമയം ഫലപ്രദമായി എങ്ങനെ ഉപയോഗിക്കണമെന്നും പഠിച്ചാൽ, നിങ്ങൾക്ക് ഒരിക്കലും സമ്മർദ്ദമോ ക്ഷീണമോ അനുഭവപ്പെടില്ല. ഉദാഹരണത്തിന്, എനിക്ക് ഒരുപാട് കാര്യങ്ങൾ ചെയ്യാനുണ്ട്, പക്ഷേ ഞാൻ സമ്മർദ്ദത്തിലല്ല. കാരണം, സമയം ഫലപ്രദമായി ഉപയോഗിക്കുന്ന ശീലം പണ്ടേ ഞാൻ വികസിപ്പിച്ചെടുത്തിട്ടുണ്ട്.





### രാജ്യത്തുടനീളം വിവിധ സ്ഥലങ്ങളിലായി ഇതാദ്യമായി പിപിസി (PPC) സംഘടിപ്പിച്ചു

ഇതാദ്യമായി, പിപിസി 2026 രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളെയും ഉൾപ്പെടുത്തി വിവിധ സ്ഥലങ്ങളിൽ അവതരിപ്പിച്ചു. ഡൽഹിക്ക് പുറമെ, രാജ്യത്തിന്റെ കിഴക്ക്, പടിഞ്ഞാറ്, വടക്ക്, തെക്ക്, മധ്യ ഭാഗങ്ങളെ പ്രതിനിധീകരിച്ച് തമിഴ്നാട്ടിലെ കോയമ്പത്തൂർ, ഛത്തീസ്ഗഢിലെ റായ്പുർ, ഗുജറാത്തിലെ ദേവ് മോഗ്ര, അസമിലെ ഗുവാഹാട്ടി എന്നിങ്ങനെ നാല് വ്യത്യസ്ത സ്ഥലങ്ങളിൽ പിപിസി 2026 സംഘടിപ്പിച്ചു.

### രാജ്യത്തുടനീളമുള്ള സ്കൂളുകളിൽ വിദ്യാർഥി കേന്ദ്രീകൃത പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു

പരീക്ഷാ പേ ചർച്ച 2026-ന്റെ മുന്നോടിയായി, രാജ്യവ്യാപകമായി സ്കൂളുകളിൽ വിദ്യാർഥി കേന്ദ്രീകൃതമായ പരിപാടികൾ സംഘടിപ്പിച്ചു. സ്വയംപര്യാപ്തതയുടെ സന്ദേശം പ്രചരിപ്പിക്കുന്നതിനായി വിദ്യാർഥികളുടെ നേതൃത്വത്തിൽ നടന്ന 'സ്വദേശി സങ്കൽപ് ദൗഡ്' (ഓട്ടം/നടത്തം), പരാക്രം ദിവസത്തിനോടനുബന്ധിച്ച് തെരഞ്ഞെടുത്ത കേന്ദ്രീയ വിദ്യാലയങ്ങളിൽ നടന്ന ക്വിസ്, രചനാ മത്സരങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഏകദേശം 2.26 കോടി വിദ്യാർഥികൾ ഈ പ്രവർത്തനങ്ങളിൽ പങ്കെടുത്തു.



### നിങ്ങൾ സ്വപ്നം കാണണം

സ്വപ്നം കാണാതിരിക്കുന്നത് ഒരു കുറ്റമാണ്. നിങ്ങൾ സ്വപ്നം കാണണം, എന്നാൽ സ്വപ്നങ്ങൾക്ക് കർമ്മത്തിന്റെ പിന്തുണയുണ്ടാകണം; അതുകൊണ്ടാണ് ജീവിതത്തിൽ കർമ്മത്തിന് മുൻഗണന നൽകേണ്ടത്. ഞാൻ എവിടെയാണോ, അവിടെ എനിക്ക് വിജയിക്കാൻ കഴിയണം - എങ്കിൽ മാത്രമേ എനിക്ക് മുന്നോട്ട് പോകാൻ സാധിക്കൂ. ഒരു ദിവസം ഞാൻ ബഹിരാകാശയാത്രികനായി ചന്ദ്രനിൽ പോകുമെന്ന് എന്റെ മനസ്സ് തീരുമാനിച്ചാൽ, ഞാൻ അതിനെക്കുറിച്ച് പഠിച്ചു തുടങ്ങണം: ആരായിരുന്നു ബഹിരാകാശയാത്രികർ? അവരുടെ ജീവചരിത്രങ്ങൾ എങ്ങനെയുള്ളതായിരുന്നു? എന്താണ് ബഹിരാകാശം? അങ്ങനെ സാവധാനം, ഓരോ ചുവടായി നമ്മൾ അതിൽ താൽപ്പര്യം വളർത്തിയെടുക്കണം.

### ഒരു വിദ്യാർഥി പ്രധാനമന്ത്രി മോദിക്കായി കവിത ചൊല്ലിക്കൊടുത്തപ്പോൾ:

*हम सबके अरमान हैं आप। भारत के अभिमान हैं आप।*
*भारतवर्ष के केवट हैं आप। मानवता के सेवक हैं आप।*
*मैं बड़ी दूर से आई हूं। कुछ प्रश्नों को अपने साथ भी लाई हूं।*
*परीक्षा पे चर्चा की सौगात उठाए हैं। फिर हम यह मौका पाए हैं।*
*आप ममता की परछाई हैं। वंचितों के हमराही है।*
*देश को आगे रखते हैं। भारत मां की जय कहते हैं।*
*तो लो मैं भी यह कहती हूं, मन की बात रखती हूं।*
*आप साधना पुरुष और योगी हो।*
*भारत के सपनों के मोदी हो।*
*यह कहकर मैंने वाणी को विराम दिया।*
*फिर से आपको प्रणाम किया।*

### പരീക്ഷാ പേ ചർച്ചയിലെ സുപ്രധാന നിർദേശങ്ങൾ

- സമ്മർദ്ദ നിയന്ത്രണവും സമയക്രമീകരണവും.
- പരീക്ഷാപ്പേടിയെ അതിജീവിക്കാനുള്ള വഴികൾ.
- അവസാന ദിവസങ്ങളിൽ പാഠഭാഗങ്ങൾ ആവർത്തിച്ചു പഠിക്കേണ്ട ശരിയായ രീതി.
- കുട്ടികൾക്ക് മേൽ സമ്മർദ്ദം ചെലുത്തുന്നതിന് പകരം മാതാപിതാക്കൾക്ക് എങ്ങനെ അവരെ സഹായിക്കാം.

*പ്രധാനമന്ത്രി പങ്കെടുത്ത പരിപാടി മുഴുവനായി കാണാൻ ക്യൂ ആർ കോഡ് സ്കാൻ ചെയ്യൂ.*

### ജീവിതം കെട്ടിപ്പടുക്കുന്നത് നിങ്ങൾ ജീവിക്കുന്ന രീതിയിലൂടെയാണ്

ചിലർ തങ്ങൾക്ക് ഉറങ്ങാൻ കഴിയുന്നില്ലെന്ന് പരാതിപ്പെടാറുണ്ട്. എന്തുകൊണ്ട്? അത് അവരുടെ മുറിയുടെ കുഴപ്പമാണോ? അവരെ ഒരു ഫൈവ് സ്റ്റാർ ഹോട്ടലിൽ കൊണ്ടുപോയി കിടത്തിയാലും അവർക്ക് ഉറങ്ങാൻ കഴിഞ്ഞെന്നു വരില്ല. അതിനാൽ, സൗകര്യങ്ങളാണ് ഒരാളെ പ്രാപ്തനാക്കുന്നത് എന്ന ചിന്ത തെറ്റാണ്. നമ്മുടെ രാജ്യത്ത് ബോർഡ് പരീക്ഷകളിൽ ഉയർന്ന മാർക്ക് വാങ്ങുന്ന കുട്ടികൾ ആരാണ്? അവർ ചെറിയ ഗ്രാമങ്ങളിൽ നിന്നുള്ളവരാണ്. അവിടെ വലിയ സൗകര്യങ്ങളൊന്നുമില്ല. സുഖസൗകര്യങ്ങളാണ് ജീവിതം രൂപപ്പെടുത്തുന്നത് എന്ന മിഥ്യാധാരണ നിങ്ങൾക്ക് ഉണ്ടാകരുത്. ജീവിതം എങ്ങനെ ജീവിക്കുന്നു എന്നതിനെ ആശ്രയിച്ചാണ് അത് രൂപപ്പെടുന്നത്.

രാഷ്ട്രപതിയുടെ അഭിസംബോധന

# സദ്ഭരണത്തിനു കൂടുതൽ കരുത്തുപകരാനുള്ള കൂട്ടായ പ്രതിബദ്ധത

*2026-ലെ പാർലമെന്റിന്റെ ആദ്യ സമ്മേളനം രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ അഭിസംബോധനയോടെ ആരംഭിച്ചു. സമീപകാലത്തെ ഇന്ത്യയുടെ വികസനയാത്രയെ വ്യക്തമായി വരച്ചുകാട്ടിയതോടൊപ്പം, ഭാവിക്കായുള്ള കരുത്തുറ്റ മാർഗനിർദേശവും നൽകുന്നതായിരുന്നു അഭിസംബോധന. 140 കോടി പൗരന്മാരുടെ ആത്മവിശ്വാസമാണ് അതിൽ പ്രകടമായത്. കർഷകർ, യുവാക്കൾ, ദരിദ്രർ, സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾ എന്നിവരുടെ ശാക്തീകരണത്തിനായി നടത്തുന്ന തുടർച്ചയായ ശ്രമങ്ങളെ അഭിസംബോധന എടുത്തുക്കാട്ടി. പരിഷ്കാരങ്ങളുടെ വേഗത വർധിപ്പിക്കുന്നതിനും, നവീന ആശയങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും, സദ്ഭരണത്തിന് കൂടുതൽ കരുത്തുപകരുന്നതിനും നവ ഇന്ത്യക്കുള്ള കൂട്ടായ പ്രതിജ്ഞാബദ്ധതയും അഭിസംബോധന ആവർത്തിച്ചുറപ്പിച്ചു. കരുത്തുറ്റതും, സ്വയംപര്യാപ്തവും, സമൃദ്ധവുമായ രാഷ്ട്രം കെട്ടിപ്പടുക്കാനുള്ള പൊതുവായ നിശ്ചയദാർഢ്യത്തെയാണ് ഇത് പ്രതിഫലിപ്പിക്കുന്നത്. അഭിസംബോധനയുടെ എഡിറ്റ് ചെയ്ത പ്രസക്തഭാഗങ്ങൾ ഇവിടെ നൽകുന്നു...*



**ഭൂതകാലത്തിൽ നിന്നുള്ള പ്രചോദനം:** വന്ദേമാതരത്തിന്റെ 150-ാം വാർഷികം രാജ്യമെമ്പാടും ആഘോഷിക്കുകയാണ്. ഈ മഹത്തായ പ്രചോദനത്തിന്റെ ഉറവിടമായ ഋഷി ബങ്കിം ചന്ദ്ര ചാറ്റർജിക്ക് ഇന്ത്യയിലെ ജനങ്ങൾ ആദരമർപ്പിക്കുന്നു. ശ്രീ ഗുരു തേഗ് ബഹാദുർ ജിയുടെ രക്തസാക്ഷിത്വത്തിന്റെ 350-ാം വാർഷികവും രാജ്യം അങ്ങേയറ്റത്തെ ആദരവോടെ ആഘോഷിച്ചു. ഭഗവാൻ ബിർസ മുണ്ഡയുടെ 150-ാം ജന്മവാർഷിക വർഷത്തിൽ രാജ്യം അദ്ദേഹത്തിന് പ്രണാമം അർപ്പിച്ചു; സർദാർ പട്ടേലിന്റെ 150-ാം ജന്മവാർഷികവുമായി ബന്ധപ്പെട്ട പരിപാടികൾ 'ഏകഭാരതം, ശ്രേഷ്ഠഭാരതം' എന്ന വികാരത്തിന് കരുത്ത് പകർന്നു. ഭാരതരത്ന ഭൂപൻ ഹസാരികയുടെ ജന്മശതാബ്ദി ആഘോഷങ്ങൾ സംഗീതസാന്ദ്രവും ദേശീയ ഐക്യത്തിന്റെ വികാരത്താൽ നിറഞ്ഞതുമായിരുന്നുവെന്ന് എല്ലാ പൗരന്മാരും സാക്ഷ്യം വഹിച്ചു. രാജ്യത്തെ പൗരന്മാർ തങ്ങളുടെ മഹത്തായ ഭൂതകാലത്തിലെ ഇത്തരം സുപ്രധാന നാഴികക്കല്ലുകളെയും പൂർവികരുടെ ശ്രദ്ധേയമായ സംഭാവനകളെയും ഓർത്തെടുക്കുമ്പോൾ അത് പുതിയ തലമുറയ്ക്ക് പ്രചോദനമാകുന്നു.

**ദാരിദ്ര്യനിർമാർജനം:** കഴിഞ്ഞ പതിറ്റാണ്ടിനിടെ 25 കോടി പൗരന്മാർ ദാരിദ്ര്യത്തിൽ നിന്ന് മുക്തി നേടി. എന്റെ ഗവണ്മെന്റിന്റെ മൂന്നാം ഊഴത്തിൽ, ദരിദ്രരെ ശാക്തീകരിക്കാനുള്ള ദൗത്യം കൂടുതൽ വേഗതയോടെ മുന്നോട്ടു പോയിക്കൊണ്ടിരിക്കുകയാണ്.

**അടച്ചുറപ്പുള്ള വീടുകൾ:** കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ ദരിദ്രർക്കായി 4 കോടി അടച്ചുറപ്പുള്ള വീടുകൾ നിർമിച്ചു. കഴിഞ്ഞ വർഷം 32 ലക്ഷം പുതിയ വീടുകളുടെ ഉടമസ്ഥാവകാശം ദരിദ്രർക്ക് കൈമാറി.



**ടാപ്പിലൂടെ കുടിവെള്ളം:** ജൽ ജീവൻ ദൗത്യത്തിന്റെ അഞ്ച് വർഷത്തിനിടെ 12.5 കോടി പുതിയ വീടുകളിൽ ടാപ്പിലൂടെ വെള്ളമെത്തിച്ചു. കഴിഞ്ഞ ഒരു വർഷത്തിനിടെ ഏകദേശം ഒരു കോടി പുതിയ വീടുകളിലേക്ക് കൂടി കുടിവെള്ള കണക്ഷനുകൾ എത്തിച്ചേർന്നു.

**LPG:** ഉജ്വല യോജനയിലൂടെ ഇതുവരെ 10 കോടിയിലധികം വീടുകൾക്ക് LPG കണക്ഷൻ നൽകി. കഴിഞ്ഞ ഒരു വർഷത്തിനിടെ, നേരിട്ടുള്ള ആനുകൂല്യക്കൈമാറ്റം വഴി 6.75 ലക്ഷം കോടിയിലധികം രൂപ ഗവൺമെന്റ് ഗുണഭോക്താക്കൾക്ക് നേരിട്ട് കൈമാറി.

**സാമൂഹ്യസുരക്ഷ:** 2014-ന്റെ തുടക്കത്തിൽ 25 കോടി പൗരന്മാർക്ക് മാത്രമാണ് സാമൂഹ്യസുരക്ഷാ പദ്ധതികളുടെ പ്രയോജനം ലഭിച്ചിരുന്നത്. തുടർച്ചയായ പരിശ്രമങ്ങളുടെ ഫലമായി ഇന്ന് ഏകദേശം 95 കോടി ഇന്ത്യക്കാർക്ക് സാമൂഹ്യസുരക്ഷാ പരിരക്ഷ ലഭിക്കുന്നുണ്ട്.

**ആരോഗ്യം:** പാവപ്പെട്ട രോഗികൾക്കായി ആവിഷ്കരിച്ച ആയുഷ്മാൻ ഭാരത് പദ്ധതിയിലൂടെ കഴിഞ്ഞ വർഷം വരെ 11 കോടിയിലധികം പേർക്കു സൗജന്യചികിത്സ നൽകി. കഴിഞ്ഞ ഒന്നര വർഷത്തിനിടെ ഏകദേശം ഒരു കോടി മുതിർന്ന പൗരന്മാർക്ക് 'വയ വന്ദന' കാർഡുകൾ വിതരണം ചെയ്തു. ഈ കാർഡുകളുടെ സഹായത്തോടെ എട്ട് ലക്ഷത്തോളം മുതിർന്ന പൗരന്മാർ ആശുപത്രികളിൽ IP വിഭാഗത്തിൽ സൗജന്യചികിത്സ തേടി. അരിവാൾകോശ രോഗ നിർമാർജന ദൗത്യത്തിന് കീഴിൽ 6.5 കോടിയിലധികം പൗരന്മാരെ പരിശോധനയ്ക്ക് വിധേയമാക്കി. കണ്ണുകളെ ബാധിക്കുന്ന അണുബാധയായ ട്രാക്കോമയിൽ നിന്ന് ഇന്ത്യ മുക്തി നേടിയതായി ലോകാരോഗ്യ സംഘടന പ്രഖ്യാപിച്ചത് അഭിമാനകരമായ കാര്യമാണ്.

**ഇൻഷുറൻസ് പരിരക്ഷ:** പ്രധാനമന്ത്രി ജീവൻ ജ്യോതി ബീമാ യോജന, പിഎം സുരക്ഷാ ബീമ യോജന എന്നിവയിലൂടെ ദശലക്ഷക്കണക്കിന് സാധാരണക്കാർക്ക് ഇൻഷുറൻസ് പരിരക്ഷ ലഭിച്ചു. ഈ പദ്ധതികൾക്ക് കീഴിൽ 24,000 കോടിയിലധികം രൂപയുടെ ക്ലെയിമുകൾ വിതരണം ചെയ്തിട്ടുണ്ട്.

**കർഷകർ:** കഴിഞ്ഞ വർഷം ഇന്ത്യ 350 ദശലക്ഷം ടൺ ഭക്ഷ്യധാന്യങ്ങൾ ഉല്പാദിപ്പിച്ച് റെക്കോർഡ് സൃഷ്ടിച്ചു. 150 ദശലക്ഷം ടൺ ഉല്പാദനത്തോടെ ഇന്ത്യ ലോകത്തിലെ ഏറ്റവും വലിയ അരി ഉല്പാദകരായി മാറി. ലോകത്തിലെ രണ്ടാമത്തെ വലിയ മത്സ്യ ഉല്പാദക രാജ്യമായും ഇന്ത്യ മാറി. പാൽ ഉല്പാദന രംഗത്തും ലോകത്തിലെ ഏറ്റവും വിജയകരമായ രാജ്യങ്ങളിലൊന്നായി ഇന്ത്യ അംഗീകരിക്കപ്പെട്ടിരിക്കുന്നു.

**മൊബൈൽ ഫോൺ, EV നിർമാണം:** മൊബൈൽ ഫോൺ നിർമാണം പോലുള്ള മേഖലകളിൽ ഇന്ത്യ ഇപ്പോൾ ലോകത്തിലെ രണ്ടാമത്തെ വലിയ രാജ്യമാണ്. 2025-26 വർഷത്തെ ആദ്യ അഞ്ച് മാസത്തിനുള്ളിൽ ഇന്ത്യയുടെ സ്മാർട്ട്ഫോൺ കയറ്റുമതി ഒരു ലക്ഷം കോടി രൂപ കടന്നു. ഈ വർഷം നൂറിലധികം രാജ്യങ്ങളിലേക്ക് ഇന്ത്യ ഇലക്ട്രിക് വാഹനങ്ങൾ കയറ്റുമതി ചെയ്യാൻ ആരംഭിച്ചു.

**പിഎം ഗ്രാമീൺ സഡക് യോജന:** ഈ പദ്ധതിക്ക് കീഴിൽ കഴിഞ്ഞ ഒരു വർഷത്തിനിടെ ഏകദേശം 18,000 കിലോമീറ്റർ പുതിയ ഗ്രാമീണ റോഡുകൾ കൂട്ടിച്ചേർക്കപ്പെട്ടു. ഇപ്പോൾ ഇന്ത്യയിലെ ഗ്രാമീണ ജനസംഖ്യ ഏതാണ്ട് പൂർണ്ണമായും റോഡുകൾ വഴി കൂട്ടിയിണക്കപ്പെട്ടിരിക്കുന്നു.

**നേരിട്ടുള്ള റെയിൽപ്പാതവഴി ഐസ്വാൾ ബന്ധിപ്പിക്കപ്പെട്ടു:** ന്യൂഡൽഹിയും മിസോറമിലെ ഐസ്വാളും ഇപ്പോൾ നേരിട്ടുള്ള റെയിൽ പാത വഴി ബന്ധിപ്പിക്കപ്പെട്ടിരിക്കുന്നു. കഴിഞ്ഞ വർഷം ഐസ്വാൾ സ്റ്റേഷനിൽ ആദ്യമായി രാജധാനി എക്സ്പ്രസ് എത്തിയപ്പോൾ പ്രാദേശിക ജനത പ്രകടിപ്പിച്ച ആവേശം രാജ്യം മുഴുവൻ സന്തോഷം പടർത്തി.

**ലോകത്തിലെ ഏറ്റവും ഉയരം കൂടിയ റെയിൽവേ കമാന പാലം:** ജമ്മു കശ്മീരിലെ ചെനാബ് പാലം എന്ന ലോകത്തിലെ ഏറ്റവും ഉയരം കൂടിയ റെയിൽവേ കമാന പാലവും തമിഴ്നാട്ടിലെ പുതിയ പാമ്പൻ പാലവും നിർമിച്ചതിലൂടെ അടിസ്ഥാനസൗകര്യ വികസനമേഖലയിൽ ഇന്ത്യ ചരിത്രപരമായ നേട്ടം കൈവരിച്ചിരിക്കുന്നു.



രാഷ്ട്രപതിയുടെ അഭിസംബോധന കാണാൻ ക്യൂആർ കോഡ് സ്കാൻ ചെയ്യൂ.

**ജലപാതകൾ:** മുൻപ് ഇന്ത്യയിൽ അഞ്ച് ദേശീയ ജലപാതകൾ മാത്രമാണുണ്ടായിരുന്നത്, എന്നാൽ ഇപ്പോൾ അവയുടെ എണ്ണം 100 കടന്നിരിക്കുന്നു. ഇതോടെ ഉത്തർപ്രദേശ്, ബംഗാൾ, ബിഹാർ ഉൾപ്പെടെയുള്ള കിഴക്കൻ ഇന്ത്യയിലെ സംസ്ഥാനങ്ങൾ ലോജിസ്റ്റിക്സ് ഹബ്ബുകളായി ഉയർന്നുവരികയാണ്.

**പ്രഗതി:** ഓരോ ഗുണഭോക്താവിനും പദ്ധതികളുടെ ആനുകൂല്യം ലഭ്യമാക്കുന്നതിനായി ഗവൺമെന്റ് പ്രഗതി എന്ന പേരിൽ പുതിയ ഉദ്യമത്തിന് തുടക്കം കുറിച്ചു. 2025 ഡിസംബറിൽ പ്രഗതിയുടെ 50-ാം യോഗം എന്ന ചരിത്രപരമായ നാഴികക്കല്ലും കൈവരിക്കുകയുണ്ടായി. കഴിഞ്ഞ കുറച്ചു വർഷങ്ങളായി, 85 ലക്ഷം കോടി രൂപയിലധികം മൂല്യമുള്ള പദ്ധതികൾക്ക് വേഗത നൽകാൻ പ്രഗതിയിലൂടെ സാധിച്ചു.

**ഒരു ലക്ഷം കോടി രൂപയുടെ ലാഭം:** GST പരിഷ്കാരം പൗരന്മാർക്ക് ഒരു ലക്ഷം കോടി രൂപയുടെ ലാഭം ഉറപ്പാക്കി. GST-യിലെ കുറവിനെത്തുടർന്ന്, 2025-ൽ ഇരുചക്ര വാഹനങ്ങളുടെ രജിസ്ട്രേഷൻ രണ്ട് കോടി കടന്നു, ഇതുതന്നെ പുതിയ റെക്കോർഡാണ്.

**ആദായനികുതി ഇളവ്:** 12 ലക്ഷം രൂപ വരെയുള്ള വരുമാനത്തിന് ആദായനികുതി പൂജ്യമാക്കാൻ ചരിത്രപരമായ തീരുമാനം എടുത്തിട്ടുണ്ട്. ഈ പരിഷ്കാരങ്ങൾ പാവപ്പെട്ടവർക്കും ഇടത്തരക്കാരായ കുടുംബങ്ങൾക്കും അഭൂതപൂർവമായ ആനുകൂല്യങ്ങളാണ് നൽകുന്നത്.

**പുതിയ തൊഴിൽ നിയമം:** രാജ്യത്ത് പുതിയ തൊഴിൽ നിയമം നടപ്പിലാക്കി. ഇത് തൊഴിലാളികൾക്ക് ന്യായമായ വേതനം, ബത്തകൾ, മറ്റ് ക്ഷേമ ആനുകൂല്യങ്ങൾ എന്നിവ ലഭിക്കുന്നത് കൂടുതൽ എളുപ്പമാക്കി. ഈ പരിഷ്കാരങ്ങളിലൂടെ രാജ്യത്തെ യുവാക്കൾക്കും വിശേഷിച്ച് സ്ത്രീകൾക്കും വലിയ നേട്ടമുണ്ടാകും.



## മെട്രോ ശൃംഖല

**2025-ൽ ഇന്ത്യയുടെ ആകെ മെട്രോ ശൃംഖല ആയിരം കിലോമീറ്റർ എന്ന ചരിത്രപരമായ നാഴികക്കല്ല് പിന്നിട്ടു. ഇപ്പോൾ ലോകത്തിലെ ഏറ്റവും വലിയ മൂന്നാമത്തെ മെട്രോ ശൃംഖല ഇന്ത്യയിലാണ്.**

**സൗരോർജം:** ആണവോർജത്തിന് പുറമെ സൗരോർജ മേഖലയിലും ഇന്ത്യ അതിവേഗം മുന്നേറുകയാണ്. പി.എം സൂര്യഘർ മുഫ്ത് ബിജിലി പദ്ധതിയിലൂടെ സാധാരണ ഉപഭോക്താക്കൾ ഇപ്പോൾ വൈദ്യുതി ഉല്പാദകരായി മാറുന്നു. ഇതുവരെ ഏകദേശം 20 ലക്ഷം പുരപ്പുറ സൗരോർജ സംവിധാനങ്ങൾ സ്ഥാപിച്ചുകഴിഞ്ഞു.

**അതിർത്തിമേഖലകളിലെ മെച്ചപ്പെട്ട സമ്പർക്കസൗകര്യം:** കഴിഞ്ഞ 11 വർഷത്തിനിടെ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ 7,200 കിലോമീറ്ററിലധികം ദേശീയ പാതകൾ നിർമിച്ചു. ഇത് വിദൂര പ്രദേശങ്ങൾ, മലയോര മേഖലകൾ, ഗോത്രവർഗ മേഖലകൾ, അതിർത്തി പ്രദേശങ്ങൾ എന്നിവിടങ്ങളിലേക്കുള്ള യാത്ര കൂടുതൽ എളുപ്പമാക്കി.





**സ്വയംസഹായ സംഘങ്ങൾ**

**ഗവൺമെന്റ് 10 കോടി വനിതകളെ സ്വയംസഹായ സംഘങ്ങളുമായി ബന്ധിപ്പിച്ചു. ഇന്ന് രാജ്യത്ത് പ്രതിവർഷം ഒരു ലക്ഷം രൂപയിലധികം വരുമാനമുള്ള വനിതകളുടെ (ലഖ്പതി ദീദിമാർ) എണ്ണം2 കോടി കടന്നിരിക്കുന്നു. കഴിഞ്ഞ വർഷം മാത്രം 60 ലക്ഷത്തിലധികം വനിതകൾ 'ലഖ്പതി ദീദിമാരായി' മാറി. ആകെ 3 കോടി വനിതകളെ ലഖ്പതി ദീദിമാരാക്കുക എന്ന ലക്ഷ്യം എന്റെ ഗവൺമെന്റ് ഉടൻ തന്നെ കൈവരിക്കും**

**പി.എം ജൻമൻ പദ്ധതി:** ഈ പദ്ധതിക്ക് കീഴിൽ, ഏറ്റവും പിന്നാക്കം നിൽക്കുന്ന ഗോത്രവർഗ വിഭാഗങ്ങളിലെ 20,000-ലധികം ഗ്രാമങ്ങളെ വികസനവുമായി ബന്ധിപ്പിക്കുന്നു. ഇത്തരം ഗ്രാമങ്ങളിലെ ദരിദ്രർക്കായി ഏകദേശം 2.5 ലക്ഷം വീടുകൾ ഈ പദ്ധതിയിലൂടെ നിർമ്മിച്ചു നൽകി.

**ഗോത്രവർഗ വിദ്യാഭ്യാസം:** കഴിഞ്ഞ 11 വർഷത്തിനിടെ, പട്ടികജാതി വിഭാഗങ്ങളിലെ ലക്ഷക്കണക്കിന് വിദ്യാർത്ഥികൾക്കായി 42 ആയിരം കോടിയിലധികം രൂപയുടെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ അനുവദിച്ചു. ഇതിന്റെ പ്രയോജനം ഏകദേശം അഞ്ച് കോടി വിദ്യാർത്ഥികൾക്ക് ലഭിച്ചു. കൂടാതെ, ഗോത്രവർഗ മേഖലകളിൽ 400-ലധികം 'ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ' ഗവൺമെന്റ് സ്ഥാപിച്ചു.

**പി.എം കിസാൻ സമ്മാൻ നിധി:** ഈ പദ്ധതി പ്രകാരം 4 ലക്ഷം കോടിയിലധികം രൂപ കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ട് കൈമാറി.

**വികസിത് ഭാരത് ജി റാം ജി:** ഈ പുതിയ നിയമം ഗ്രാമങ്ങളിൽ 125 ദിവസത്തെ തൊഴിൽ ഉറപ്പാക്കും. അതോടൊപ്പം തന്നെ അഴിമതിയും ഫണ്ട് ചോർച്ചയും തടയും. ഇത് ഗ്രാമീണ വികസനത്തിന് ആക്കം കൂട്ടും.

**ഓപ്പറേഷൻ സിന്ദൂർ :** ഓപ്പറേഷൻ സിന്ദൂറിലൂടെ ഇന്ത്യൻ പ്രതിരോധ സേനയുടെ വീര്യത്തിനും കരുത്തിനും ലോകം സാക്ഷ്യം വഹിച്ചു. തദ്ദേശീയ സംവിധാനങ്ങൾ ഉപയോഗിച്ച് നമ്മുടെ രാജ്യം ഭീകരരുടെ താവളങ്ങൾ തകർത്തു. ഇന്ത്യയ്ക്കെതിരായ ഏത് ഭീകരാക്രമണത്തിനും ശക്തവും നിർണ്ണായകവുമായ മറുപടി നൽകുമെന്ന ശക്തമായ സന്ദേശം ഗവണ്മെന്റ് നൽകി. സിന്ധു നദീജല കരാർ റദ്ദാക്കിയതും തീവ്രവാദത്തിനെതിരായ പോരാട്ടത്തിന്റെ ഭാഗമായിരുന്നു.

**മാവോയിസത്തിന്റെ അന്ത്യം:** മാവോയിസ്റ്റ് ഭീകരവാദം 126 ജില്ലകളിൽ നിന്ന് വെറും എട്ട് ജില്ലകളിലേക്ക് മാത്രമായി ചുരുങ്ങി. ഇതിൽ മൂന്ന് ജില്ലകളെ മാത്രമാണ് നക്സലിസം കാര്യമായി ബാധിച്ചിട്ടുള്ളത്. രാജ്യത്തുനിന്ന് മാവോയിസ്റ്റ് ഭീകരവാദം പൂർണ്ണമായും തുടച്ചുനീക്കപ്പെടുന്ന ദിവസം വിദൂരമല്ല.

**സെമികണ്ടക്ടറുകൾ:** നാല് സെമികണ്ടക്ടർ നിർമ്മാണ യൂണിറ്റുകൾക്ക് 2025-ൽ അനുമതി നൽകി. സമീപ ഭാവിയിൽ ഇത്തരത്തിലുള്ള പത്ത് വ്യവസായശാലകൾ ഇന്ത്യയിൽ പ്രവർത്തനം ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. നാനോ-ചിപ്പ് നിർമ്മാണത്തിനായും ഇന്ത്യ കൃത്യമായ നടപടികൾ സ്വീകരിക്കുന്നു.

**മുദ്ര യോജന:** ഈ പദ്ധതി യുവാക്കൾക്കിടയിൽ സംരംഭകത്വവും സ്വയം തൊഴിലും പ്രോത്സാഹിപ്പിക്കുന്നു. ഇതുവരെ 38 ലക്ഷം കോടിയിലധികം രൂപ ചെറുകിട സംരംഭകർക്കായി വിതരണം ചെയ്തു കഴിഞ്ഞു. ആദ്യമായി സ്വയം തൊഴിൽ ചെയ്യുന്ന വ്യക്തികൾക്കായി 12 കോടിയിലധികം വായ്പകൾ നൽകി.

**സ്റ്റാർട്ടപ്പ് ഇന്ത്യ:** സ്റ്റാർട്ടപ്പ് ഇന്ത്യ പ്രോഗ്രാം 10 വർഷം പൂർത്തിയാക്കി. ഈ കാലയളവിനുള്ളിൽ ഇന്ത്യ ലോകത്തിലെ മൂന്നാമത്തെ വലിയ സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥയായി മാറി. ഒരു പതിറ്റാണ്ട് മുമ്പ് രാജ്യത്ത് 500-ൽ താഴെ സ്റ്റാർട്ടപ്പുകൾ മാത്രമാണുണ്ടായിരുന്നത്. ഇന്ന് ഇന്ത്യയിൽ ഏകദേശം 2,00,000 രജിസ്റ്റർ ചെയ്ത സ്റ്റാർട്ടപ്പുകളുണ്ട്.

**മൊബൈൽ ശൃംഖല:** കഴിഞ്ഞ ഒരു വർഷത്തിനിടെ, ഒരു ലക്ഷത്തിലധികം മൊബൈൽ ടവറുകളിലൂടെ 4G, 5G നെറ്റ്‌വർക്കുകൾ രാജ്യത്തിന്റെ എല്ലാ കോണുകളിലും എത്തിച്ചു. 'ഡിജിറ്റൽ ഇന്ത്യ'യുടെ വ്യാപനം ആയിരക്കണക്കിന് കോടി രൂപ മൂല്യമുള്ള സൃഷ്ടിപരമായ സമ്പദ്‌വ്യവസ്ഥയുടെ യുടെ ആഗോള കേന്ദ്രമായി ഇന്ത്യയെ മാറ്റി.

### വികസിത ഭാരതമെന്ന ലക്ഷ്യത്തിനായുള്ള അമൃതയാത്ര

# ഭാവിയെ കരുതിയുള്ള വികസനം രൂപപ്പെടുത്തുന്ന ബജറ്റ്




*2026-27 ലെ കേന്ദ്ര ബജറ്റ് കാണാൻ ക്യൂആർ കോഡ് സ്കാൻ ചെയ്യുക.*

# കേന്ദ്ര ബജറ്റ് 2026-27

***കഴിഞ്ഞ 11 വർഷത്തിനിടയിൽ, വികസിത ഭാരതം എന്ന സങ്കൽപം സാക്ഷാത്കരിക്കുന്നതിനുള്ള ശക്തമായ അടിത്തറ കേന്ദ്ര ഗവണ്മെന്റ് പാകിയിട്ടുണ്ട്. ഇപ്പോൾ,2026 – 27 ബജറ്റ് വികസിത് ഭാരതം എന്ന കാഴ്ചപ്പാടിലേക്കുള്ള സുപ്രധാനമായ നാഴികക്കല്ലായി മാറിയിരിക്കുന്നു. 'സങ്കൽപ് സേ സിദ്ധി' എന്ന മന്ത്രത്തോടും അമൃതയാത്രയിലേക്കുള്ള നിർണ്ണായകമായ ചുവടുവെപ്പുകളോടും കൂടി, വികസനത്തിന്റെയും വിശ്വാസത്തിന്റെയും ഭാവിയുടെയും സംഗമമായി മാറിയിരിക്കുകയാണ് ആത്മനിർഭർ ഭാരതത്തിനായുള്ള ഈ കരുത്തുറ്റ കേന്ദ്ര ബജറ്റ്.***



വികസിത ഭാരതത്തിലേക്കുള്ള അമൃതയാത്രയുടെ പാതയൊരുക്കുന്നതാണ് ഈ ബജറ്റ്. കഴിഞ്ഞ 11 വർഷത്തെ വികസന യാത്രയിലൂടെ സുവർണ്ണ ഇന്ത്യയുടെ അടിത്തറ ശക്തമാക്കുന്ന ബജറ്റാണിത്. ഗ്രാമങ്ങളുടെയും പാവപ്പെട്ടവരുടെയും കർഷകരുടെയും ക്ഷേമത്തിന് മുൻഗണന നൽകുന്ന ബജറ്റാണിത്. സ്ത്രീകളുടെയും യുവാക്കളുടെയും ശാക്തീകരണത്തിനായുള്ള കാഴ്ചപ്പാട് ഈ ബജറ്റിൽ പ്രതിഫലിക്കുന്നു. ശരിയായ അർത്ഥത്തിൽ, ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ ഗുണപരവും അളവ്പരവുമായ പരിവർത്തനത്തിന്റെ അസാധാരണമായ ഒരു ഉദാഹരണമാണിത്. വികസിത ഭാരതത്തിലേക്കുള്ള അമൃതയാത്രയെ യാഥാർത്ഥ്യമാക്കുന്ന ബജറ്റാണിത്. കൃത്യവും പ്രാപ്തവും ശക്തവുമായ ഒരു ഇന്ത്യക്ക് വേണ്ടിയുള്ള ബജറ്റാണിത്. കഴിഞ്ഞ 11 വർഷത്തെ തുടർച്ചയായതും ദീർഘവീക്ഷണമുള്ളതുമായ കേന്ദ്ര ബജറ്റുകളുടെ ലക്ഷ്യം, കേന്ദ്രസർക്കാർ സ്വീകരിക്കുന്ന ഓരോ ചുവടും രാജ്യത്തെ പൗരന്മാർക്ക് പ്രയോജനപ്പെടണമെന്നും രാഷ്ട്രത്തെ ശക്തിപ്പെടുത്തണമെന്നതുമാണ്.

**ഈ വർഷത്തെ കേന്ദ്ര ബജറ്റ് സവിശേഷമാണ്, കാരണം കർത്തവ്യ ഭവനിൽ തയ്യാറാക്കപ്പെട്ട ആദ്യ ബജറ്റാണിത്; മൂന്ന് പ്രധാന തത്വങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടാണ് ഇത് രൂപകൽപ്പന ചെയ്തിരിക്കുന്നത്:**

**ഒന്നാമത്തേത്:** *സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുകയും സുസ്ഥിരമായി നിലനിർത്തുകയും ചെയ്യുക.*

**രണ്ടാമത്തേത്:** *പൗരന്മാരുടെ അഭിലാഷങ്ങൾ നിറവേറ്റുകയും കഴിവുകൾ വർദ്ധിപ്പിക്കുകയും ചെയ്യുക.*

**മൂന്നാമത്തേത്:** *എല്ലാവരെയും ഉൾക്കൊള്ളുന്ന വികസനം.*

ഒരു കാലത്ത് കേന്ദ്ര ബജറ്റ് കേവലം ഒരു സാമ്പത്തിക രേഖയായും, വാർഷിക വരവുചിലവ് കണക്കുകളുടെ ലളിതമായ വിവരണമായുമാണ് പരിഗണിക്കപ്പെട്ടിരുന്നത്. എന്നാൽ, 2014 മുതൽ ഇത് കേവലം ധനകാര്യ പ്രസ്താവനകൾ അവതരിപ്പിക്കുന്നതിനുള്ള ഭരണഘടനാപരമായ ഒരു ആവശ്യം എന്നതിലുപരി കേന്ദ്ര ഗവണ്മെന്റിന്റെ ദീർഘവീക്ഷണം പ്രതിഫലിപ്പിക്കുന്നതും നയങ്ങളുടെ തുടർച്ച വ്യക്തമാക്കുന്നതുമായ ഒരു രേഖയായി രൂപാന്തരപ്പെട്ടു. ഈ ദീർഘവീക്ഷണത്തിന്റെ പ്രത്യക്ഷ ഫലമാണ് യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുന്ന വികസിത ഭാരതം എന്ന സങ്കൽപം.

# കേന്ദ്ര ബജറ്റ് 2026-27



## എല്ലാവരെയും ഉൾക്കൊള്ളുന്ന കേന്ദ്ര ബജറ്റ്

ഓരോ പൗരന്റെയും രാജ്യത്തെ ഓരോ മേഖലയുടെയും സമഗ്രമായ ക്ഷേമത്തിനായി സമർപ്പിച്ചിരിക്കുന്ന, 2026–27 വർഷത്തെ എല്ലാവരെയും ഉൾക്കൊള്ളുന്ന കേന്ദ്ര ബജറ്റ്, ആത്മനിർഭർ-വികസിത ഭാരതം എന്ന സങ്കൽപം സാക്ഷാത്കരിക്കാനുള്ള ശക്തമായ മാർഗ്ഗമാണ്. ഈ സങ്കൽപം വെറുമൊരു മുദ്രാവാക്യമല്ല, മറിച്ച് 2047-ഓടെ ഇന്ത്യയെ വികസിത രാഷ്ട്രമാക്കി മാറ്റാനുള്ള പ്രതിജ്ഞാബദ്ധതയാണ്. ഓരോ മേഖലയെയും ഓരോ വിഭാഗത്തെയും ഓരോ പൗരനെയും ശാക്തീകരിക്കുന്നതിനുള്ള വ്യക്തമായ രൂപരേഖ നൽകുന്നതിനൊപ്പം തന്നെ, ഓരോ ഘട്ടത്തിലും അവർക്ക് പിന്തുണയും പ്രോത്സാഹനവും നൽകുന്ന കാഴ്ചപ്പാടും ബജറ്റ് മുന്നോട്ടുവെക്കുന്നു. വികസിത ഭാരതം എന്ന ലക്ഷ്യത്തെ പ്രതിഫലിപ്പിക്കുന്ന കേന്ദ്ര ബജറ്റ്, ആഗോളതലത്തിൽ എല്ലാ മേഖലകളിലും ഇന്ത്യയെ മുൻനിര രാജ്യമായി കെട്ടിപ്പടുക്കാനുള്ള ദർശനമാണ്. ഉൽപ്പാദനം മുതൽ അടിസ്ഥാന സൗകര്യങ്ങൾവരെയും, ആരോഗ്യ സംരക്ഷണം മുതൽ ടൂറിസം വരെയും, ഗ്രാമീണ മേഖലകൾ മുതൽ നിർമ്മിതബുദ്ധി വരെയും, കായിക രംഗം മുതൽ തീർത്ഥാടന കേന്ദ്രങ്ങളുടെ വികസനം വരെയും ഈ ബജറ്റ് വ്യാപിച്ചു കിടക്കുന്നു. ഓരോ ഗ്രാമത്തിലും നഗരത്തിലും പട്ടണത്തിലുമുള്ള യുവാക്കളുടെയും സ്ത്രീകളുടെയും കർഷകരുടെയും സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കുന്നതിനും അവരെ ശാക്തീകരിക്കുന്നതിനുമായാണ് ഇത് സമർപ്പിച്ചിരിക്കുന്നത്.

സ്വന്തം കരുത്തിൽ അചഞ്ചലമായ വിശ്വാസമുള്ള, ഉയർന്നു വരുന്ന ഒരു സാമ്പത്തിക ശക്തിയായി പുതിയ സ്വത്വം കെട്ടിപ്പടുക്കുന്ന രാജ്യമായാണ് ഈ ബജറ്റ് ഇന്ത്യയെ അവതരിപ്പിക്കുന്നത്. കോവിഡിന് ശേഷമുള്ള കാലഘട്ടത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ദീർഘവീക്ഷണമുള്ള സാമ്പത്തിക നയങ്ങൾ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയ്ക്ക് പുതിയൊരു ഉണർവ് നൽകിയിട്ടുണ്ട്. ഈ ബജറ്റ് ആ വേഗതയെ കൂടുതൽ ത്വരിതപ്പെടുത്തും. പരമ്പരാഗത മേഖലകളിലായാലും പുത്തൻ തലമുറ വ്യവസായങ്ങളിലായാലും, ആഗോളതലത്തിൽ ഏറ്റവും ആകർഷകമായ നിക്ഷേപ കേന്ദ്രമായി ഇന്ത്യയെ പ്രതിഷ്ഠിക്കാൻ ഇത് സഹായിക്കും. കന്നുകാലി വളർത്തലിലൂടെ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാനുള്ള ദീർഘവീക്ഷണത്തോടെയുള്ള തീരുമാനം ഈ ബജറ്റിലുണ്ട്. മൃഗഡോക്ടർമാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതും വെറ്ററിനറി സെന്ററുകളും പരിശീലന കേന്ദ്രങ്ങളും വ്യാപിപ്പിക്കുന്നതും കന്നുകാലി അധിഷ്ഠിത സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തും. ക്ഷീര, പൗൾട്രി മേഖലകൾക്ക് വായ്പ ബന്ധിത സബ്സിഡികൾ നൽകുക, 500 ജലാശയങ്ങൾ വികസിപ്പിച്ചുകൊണ്ട് മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുക, ആഗോള വിപണികളിലേക്ക് പ്രവേശനം നൽകുക തുടങ്ങിയ തീരുമാനങ്ങൾ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാനുള്ള കേന്ദ്ര ഗവണ്മെന്റിന്റെ പ്രതിജ്ഞാബദ്ധതയിലെ നാഴികക്കല്ലുകളായി മാറും. മഹാത്മാഗാന്ധിയുടെ ഗ്രാമസ്വരാജ് എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിനായി 'മഹാത്മാഗാന്ധി ഗ്രാമസ്വരാജ് യോജന' ആരംഭിക്കാനുള്ള ചരിത്രപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഇത് ഗ്രാമീണ സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തുകയും നെയ്ത്തുകാർക്കും കർഷകർക്കും കൈത്തറി വ്യവസായത്തിനും പുതിയ ഊർജ്ജം നൽകുകയും ചെയ്യും. തീരദേശ മേഖലകളിലെ 30 ദശലക്ഷം കർഷകർക്ക് പ്രയോജനം ലഭിക്കുന്ന നാളികേര പ്രോത്സാഹന പദ്ധതി, കശുവണ്ടി, കൊക്കോ ഉൽപ്പാദനവും കയറ്റുമതിയും പ്രോത്സാഹിപ്പിക്കൽ, ചന്ദന സംരക്ഷണം എന്നിവയിലൂടെ കർഷകരുടെ സമൃദ്ധിക്കും കൃഷിയെ ലാഭകരമായ ഒരു ബിസിനസ്സാക്കി മാറ്റുന്നതിനും നവ ഇന്ത്യ പൂർണ്ണമായി പ്രതിജ്ഞാബദ്ധമാണെന്ന് തെളിയിക്കുന്നു. ഈ ബജറ്റ് ഇന്ത്യയിലെ കണക്റ്റിവിറ്റിയെ പുതിയ ഉയരങ്ങളിലെത്തിക്കും. പ്രധാന സാമ്പത്തിക-ജനവാസ കേന്ദ്രങ്ങൾക്കിടയിലുള്ള യാത്രാസമയം കുറച്ച് നഗരങ്ങളെ വേഗത്തിൽ ബന്ധിപ്പിക്കുന്ന ഏഴ് അതിവേഗ റെയിൽ ഇടനാഴികൾ ഈ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

## ഇന്ത്യയുടെ ഭാവിക്കായുള്ള ദർശനം

തിരഞ്ഞെടുപ്പിന് മുന്നോടിയായി അവതരിപ്പിക്കുന്ന ബജറ്റുകളിൽ ജനപ്രിയ പ്രഖ്യാപനങ്ങൾ നടത്തുക എന്നത് ഒരു കീഴ്വഴക്കമായി മാറിയിരുന്ന കാലത്ത്, പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള കേന്ദ്ര ഗവണ്മെന്റിന്റെ നയസമഗ്രതയുടെ അടയാളം കൂടിയാണ് ഈ ബജറ്റ്. കേവലം ജനപ്രിയ പ്രഖ്യാപനങ്ങൾ നടത്തുന്നതിന് പകരം, ദീർഘവീക്ഷണമുള്ള കാഴ്ചപ്പാടിനും 'രാജ്യം ആദ്യം' എന്ന സമീപനത്തിനുമാണ് ഈ ബജറ്റ് മുൻഗണന നൽകുന്നത്. പുതിയ ഇന്ത്യയ്ക്ക് വേണ്ടിയുള്ള കേന്ദ്ര ഗവണ്മെന്റിന്റെ നയങ്ങളുടെ ഫലമായി, കഴിഞ്ഞ 11 വർഷത്തിനിടെ ഏകദേശം 250 ദശലക്ഷം ജനങ്ങളെ ദാരിദ്ര്യത്തിൽ നിന്ന് മോചിപ്പിക്കാൻ സാധിച്ചു; അതേസമയം തന്നെ സമ്പദ്‌വ്യവസ്ഥ അതിവേഗം വളരുകയും ചെയ്യുന്നു.




സാമ്പത്തിക അച്ചടക്കം പാലിച്ച് വികസനവും പുരോഗതിയും മുന്നോട്ട് കൊണ്ടുപോകാനുള്ള നിലവിലെ കേന്ദ്ര ഗവമെന്റിന്റെ പ്രതിജ്ഞാബദ്ധതയെ ഈ ബജറ്റ് ശക്തമായി പ്രതിഫലിപ്പിക്കുന്നു. ധനക്കമ്മി 4.5 ശതമാനത്തിന് താഴെ നിലനിർത്തുക എന്ന ലക്ഷ്യം ഈ ബജറ്റ് കൈവരിച്ചിരിക്കുന്നു. 'രാജ്യം ആദ്യം' എന്ന സമീപനവും, വികസനം വൻനഗരങ്ങളിൽ മാത്രം ഒതുങ്ങാത്ത 'ഭാവി സജ്ജമായ ഇന്ത്യ' എന്ന കാഴ്ചപ്പാടും ഈ ബജറ്റ് ഉൾക്കൊള്ളുന്നു. അടിസ്ഥാന സൗകര്യ വികസനത്തിനുള്ള മൂലധനച്ചെലവിനത്തിൽ 12.2 ലക്ഷം കോടി രൂപ അനുവദിച്ചിട്ടുണ്ട്. പുതിയ റെയിൽ ഇടനാഴികൾ, ദേശീയ ജലപാതകൾ, ടയർ-2, ടയർ-3 നഗരങ്ങളിലേക്കുള്ള മികച്ച കണക്റ്റിവിറ്റി എന്നിവ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുകയും ഇന്ത്യയുടെ അഭിലാഷങ്ങളെ പുതിയ ഉയരങ്ങളിലെത്തിക്കുകയും ചെയ്യും.

എം.എസ്.എം.ഇ മേഖലയെ ഇന്ത്യയുടെ വളർച്ചാ ഗാഥയുടെ നെടുംതൂണാക്കാനുള്ള പ്രധാനമന്ത്രി മോദിയുടെ കാഴ്ചപ്പാട് ഈ ബജറ്റ് സാക്ഷാത്കരിക്കുന്നു. എം.എസ്.എം.ഇ മേഖലയെ ആഗോളവൽക്കരിക്കാൻ ഗവൺമെൻറ് എടുത്ത തീരുമാനങ്ങൾ ആത്മനിർഭർ ഭാരതം എന്ന ലക്ഷ്യം കൈവരിക്കുന്നതിൽ നിർണ്ണായകമാകും. വിനോദസഞ്ചാരതത്തിന് ഈ ബജറ്റ് വലിയ പ്രാധാന്യം നൽകുന്നു. കർഷകർ, ഇടത്തരക്കാർ , വനിതകൾ തുടങ്ങി സമൂഹത്തിലെ എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളുന്ന ഈ ബജറ്റ് രൂപരേഖ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെ ശരിയായ പാതയിലേക്കും ശോഭനമായ ഭാവിയിലേക്കും നയിക്കും.

എം.എസ്.എം.ഇകൾക്കായി 10,000 കോടി രൂപയുടെ വളർച്ചാ ഫണ്ട് അനുവദിച്ചിട്ടുണ്ട്. ഈ ഫണ്ട് ടയർ-2, ടയർ-3 നഗരങ്ങളിലെ ചെറുകിട സംരംഭങ്ങളെ ശക്തിപ്പെടുത്തുകയും അവയുടെ ലക്ഷ്യങ്ങൾ കൈവരിക്കാൻ സഹായിക്കുകയും ചെയ്യും. വിദ്യാഭ്യാസം മുതൽ സ്വയംതൊഴിൽ വരെയുള്ള മേഖലകളിൽ പ്രധാനമന്ത്രി മോദിയുടെ ദർശനത്തിന്റെ ശക്തമായ പ്രതിഫലനമാണ് 2026-27 ലെ കേന്ദ്ര ബജറ്റ്. പ്രധാന വ്യവസായ-ലോജിസ്റ്റിക്സ് ഇടനാഴികൾക്ക് ചുറ്റും 5 സർവകലാശാല ടൗൺഷിപ്പുകൾ വികസിപ്പിക്കുന്നത് വിദ്യാഭ്യാസ-വ്യവസായ സഹകരണത്തെ പ്രോത്സാഹിപ്പിക്കും. കൂടാതെ, നാല് ടെലിസ്കോപ്പ് അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണവും നവീകരണവും ഗവേഷണ രംഗത്തിന് പുതിയ ഉണർവ് നൽകും. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ, 15,000 സെക്കൻഡറി സ്കൂളുകളിലും 500 കോളേജുകളിലും എ.വി.ജി.സി ലാബുകൾ എന്നിവയുടെ സ്ഥാപനവും, 'എഡ്യൂക്കേഷൻ ടു എംപ്ലോയ്മെന്റ് ആൻഡ് എന്റർപ്രൈസ്' ഉന്നതാധികാര സമിതിയുടെ രൂപീകരണവും പുതിയ തലമുറയെ നൈപുണ്യമുള്ളവരാക്കി മാറ്റുന്നതിനും എല്ലാ മേഖലകളിലും ഇന്ത്യയെ മുൻനിരയിൽ എത്തിക്കുന്നതിനുമുള്ള പ്രതിജ്ഞാബദ്ധതയെ പ്രതിഫലിപ്പിക്കുന്നു.

**വികസനവും പൈതൃകവും**

വികസനവും പൈതൃകവും നിലവിലെ കേന്ദ്ര ഗവണ്മെന്റിന്റെ കാഴ്ചപ്പാടിലെ നിർണ്ണായക ഘടകങ്ങളാണ്. ധോളവീര ഉൾപ്പെടെയുള്ള 15 പുരാവസ്തു കേന്ദ്രങ്ങളെ സാംസ്കാരിക വിനോദസഞ്ചാര കേന്ദ്രങ്ങളായി വികസിപ്പിക്കാനുള്ള ബജറ്റിലെ കേന്ദ്ര ഗവണ്മെന്റ് തീരുമാനം ഇന്ത്യയുടെ പുരാതന സംസ്കാരത്തെ ആഗോളതലത്തിൽ പ്രതിഷ്ഠിക്കും. 5 വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ ബുദ്ധ സർക്യൂട്ടുകൾ, ഹിമാചൽ പ്രദേശ്, ഉത്തരാഖണ്ഡ്, ജമ്മു കശ്മീർ, അരാകു താഴ്‌വര എന്നിവിടങ്ങളിലെ മലയോര പാതകൾ, ഒഡീഷ, കർണാടക, കേരളം എന്നിവിടങ്ങളിലെ ടർട്ടിൽ ട്രയലുകൾ എന്നിവയുടെ നിർമ്മാണം ഈ മേഖലകളിലെ വികസനത്തിന് പുതിയ ഊർജ്ജം പകരും. പരിസ്ഥിതി സൗഹൃദ വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കപ്പെടും. കൂടാതെ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി സ്ഥാപിക്കുന്നത് യുവാക്കൾക്ക് നൈപുണ്യവും തൊഴിലവസരങ്ങളും നൽകുകയും ടൂറിസം മേഖലയെ ശക്തിപ്പെടുത്തുകയും ചെയ്യും. 2047 ഓടെ രാജ്യത്തെ വികസിതമാക്കുന്നതിന് അടിസ്ഥാനമാകുന്ന ഈ കേന്ദ്ര ബജറ്റ്, പരിഷ്കരണ എക്സ്പ്രസിൽ സഞ്ചരിക്കുന്ന ഒരു പുതിയ ഇന്ത്യയുടെ ദൃഢനിശ്ചയത്തിന് ആക്കം കൂട്ടുമെന്നതിൽ സംശയമില്ല.

**"ഈ ബജറ്റ് ചരിത്രപരമാണ്; ഇത് രാജ്യത്തെ വനിതാ ശാക്തീകരണത്തെ പ്രതിഫലിപ്പിക്കുന്നു. വനിതാ ധനമന്ത്രി എന്ന നിലയിൽ, തുടർച്ചയായ ഒമ്പതാം തവണയും രാജ്യത്തിന്റെ ബജറ്റ് അവതരിപ്പിച്ചുകൊണ്ട് നിർമ്മല സീതാരാമൻ പുതിയ റെക്കോർഡ് സൃഷ്ടിച്ചിരിക്കുകയാണ്. ഈ ബജറ്റ് അതുല്യമായ അവസരങ്ങളുടെ ഒരു രാജമാർഗമാണ്. 2047-ഓടെ വികസിത ഭാരതം എന്ന നമ്മുടെ അഭിലാഷപൂർണ്ണമായ യാത്രയ്ക്കുള്ള ശക്തമായ അടിത്തറയാണ് ഈ ബജറ്റ്.**


***- പ്രധാനമന്ത്രി നരേന്ദ്ര മോദി***

***കേന്ദ്ര ഗവണ്മെന്റ് ഭരണത്തിന്റെ പന്ത്രണ്ടാം വർഷത്തിൽ, ഈ കേന്ദ്ര ബജറ്റിലൂടെ നവ ഇന്ത്യയ്ക്കായി എങ്ങനെ പാതയൊരുക്കി എന്ന് 11 മേഖലകളിലൂടെ മനസ്സിലാക്കാം...***


കവർ സ്റ്റോറി

# കേന്ദ്ര ബജറ്റ് 2026-27

## പണം എവിടെ നിന്ന് വരുന്നു




## പണം എങ്ങിനെ ചെലവഴിക്കുന്നു




## ബജറ്റ് അടങ്കൽ 2026-2027

- **53.5** ലക്ഷം കോടി രൂപ ബജറ്റ് എസ്റ്റിമേറ്റായി വകയിരുത്തി
- **36.5** ലക്ഷം കോടി രൂപ കടം ഇതര വരുമാനം
- **28.7** ലക്ഷം കോടി രൂപ കേന്ദ്ര ഗവണ്മെന്റിന്റെ കണക്കാക്കപ്പെടുന്ന അറ്റ നികുതി വരുമാനം
- **17.2** ലക്ഷം കോടി രൂപ കണക്കാക്കപ്പെടുന്ന മൊത്തം വിപണി വായ്പ
- ജിഡിപിയുടെ **4.3%** ധനക്കമ്മിയായി കണക്കാക്കപ്പെടുന്നു

## പ്രധാന മന്ത്രാലയങ്ങളുടെ ബജറ്റ്

- **8,84,678.28** പ്രതിരോധം
- **1,06,530.42** ആരോഗ്യ–കുടുംബ ക്ഷേമ മന്ത്രാലയം
- **1,39,289.48** വിദ്യാഭ്യാസ മന്ത്രാലയം
- **1,40,528.78** കൃഷി, കർഷകക്ഷേമ മന്ത്രാലയം
- **2,81,377.32** റെയിൽവേ മന്ത്രാലയം
- **85,522.39** നഗരവികസന മന്ത്രാലയം
- **3,09,875.30** റോഡ് ഗതാഗത, ഹൈവേ മന്ത്രാലയം
- **1,97,023.14** ഗ്രാമവികസന മന്ത്രാലയം
- **94,807.84** ജലശക്തി മന്ത്രാലയം
- **2,55,233.53** ആഭ്യന്തര മന്ത്രാലയം



*കണക്കുകൾ കോടി രൂപയിൽ



# എം.എസ്.എം.ഇ.കൾ

## സംരംഭകത്വം മുതൽ തൊഴിൽ വരെ

*രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലായി കണക്കാക്കപ്പെടുന്ന ചെറുകിട – ഇടത്തരം സംരംഭക മേഖലയ്ക്ക് ഈ വർഷത്തെ ബജറ്റിൽ പുതിയൊരു ഉണർവ് നൽകിയിട്ടുണ്ട്. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും നൂതനാശയങ്ങൾക്കും ആത്മനിർഭർ ഭാരതം എന്ന ലക്ഷ്യത്തിനും കരുത്തുപകരുന്ന ഈ മേഖലയ്ക്ക്, ഗവൺമെന്റ് പിന്തുണയോടെ പ്രാദേശിക തലത്തിൽ നിന്ന് ആഗോള തലത്തിലേക്ക് വളരാൻ ബജറ്റ് പുതിയ കരുത്ത് നൽകും*

2026-27 സാമ്പത്തിക വർഷത്തെ എംഎസ്എംഇ ബജറ്റ്

**24,566.27** കോടി രൂപ

### എം.എസ്.എം.ഇ മേഖലയുടെ വ്യാപ്തി വർദ്ധിപ്പിക്കൽ

- എം.എസ്.എം.ഇ സംരംഭങ്ങൾക്കായി 10,000 കോടി രൂപയുടെ പ്രത്യേക ഫണ്ട് രൂപീകരിക്കുമെന്ന് ധനമന്ത്രി നിർമ്മല സീതാരാമൻ പ്രഖ്യാപിച്ചു.
- നിർമ്മാണ മേഖലയിൽ 35.4 ശതമാനവും, കയറ്റുമതിയിൽ 48.58 ശതമാനവും, ജി.ഡി.പി-യിൽ 31.1 ശതമാനവും സംഭാവന നൽകുന്നത് എം.എസ്.എം.ഇ മേഖലയാണ്.
- ടയർ-2, ടയർ-3 നഗരങ്ങളിൽ കോർപ്പറേറ്റ് മിത്ര കേഡർ വികസിപ്പിക്കുന്നതിനായി ICAI, ICSI, ICMAI തുടങ്ങിയ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സൗകര്യമൊരുക്കും. ഇത്തരം അംഗീകൃത സെമി-പ്രൊഫഷണലുകൾ, കുറഞ്ഞ ചിലവിൽ നിയമപരമായ നിബന്ധനകൾ പാലിക്കാൻ എം.എസ്.എം.ഇകളെ സഹായിക്കും.

### സാമ്പത്തിക സഹായം

- ട്രെഡ്സ് (TReDS) പ്ലാറ്റ്ഫോമിലൂടെ 7 ലക്ഷം കോടിയിലധികം രൂപ എം.എസ്.എം.ഇകൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഇതിന്റെ പൂർണ്ണമായ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി നടപടികൾ നിർദ്ദേശിച്ചിട്ടുണ്ട്:
- ട്രെഡ്സ് പ്ലാറ്റ്ഫോമിൽ CGTMSE വഴി വായ്പ ഗ്യാരണ്ടി പിന്തുണ ഉറപ്പാക്കും.
- പണലഭ്യതയും പണമിടപാടുകളും മെച്ചപ്പെടുത്തുന്നതിനായി, ട്രെഡ്സ് വഴിയുള്ള അടവുകൾ ആസ്തി പിന്തുണയുള്ള സെക്യൂരിറ്റികളായി അവതരിപ്പിക്കും. ഇത് സെക്കൻഡറി വിപണിക്ക് കരുത്തേകും.
- സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുന്നതിനുള്ള ആറ് നിർദ്ദേശങ്ങൾ സാമ്പത്തിക വളർച്ച വേഗത്തിലാക്കാനും അത് നിലനിർത്താനുമായി ആറ് പ്രധാന മേഖലകളിലൂന്നിയുള്ള പ്രവർത്തനങ്ങൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്:

### തന്ത്രപ്രധാനവും അത്യാധുനികവുമായ 7മേഖലകളിൽ ഉൽപ്പാദനം വർദ്ധിപ്പിക്കുക.


- പരമ്പരാഗത വ്യവസായ മേഖലകളെ പുനരുജ്ജീവിപ്പിക്കുക.
- 'ചാമ്പ്യൻ എം.എസ്.എം.ഇകൾ' സൃഷ്ടിക്കുക.
- അടിസ്ഥാന സൗകര്യ വികസനത്തിന് ശക്തമായ ഉത്തേജനം നൽകുക.
- ദീർഘകാല ഊർജ്ജ സുരക്ഷയും സ്ഥിരതയും ഉറപ്പാക്കുക.
- നഗര സാമ്പത്തിക മേഖലകൾ വികസിപ്പിക്കുക.
- എം.എസ്.എം.ഇ ശാക്തീകരണത്തിനുള്ള തന്ത്രങ്ങൾ

### സാമ്പത്തിക പരിഷ്കാരങ്ങൾ

- ഓഹരി പിന്തുണ : 10,000 കോടി രൂപയുടെ എസ്.എം.ഇ വളർച്ചാ ഫണ്ടിലേക്കും ആത്മനിർഭർ ഭാരത് ഫണ്ടിലേക്കും അധിക വിഹിതം നൽകും.
- പണലഭ്യതാ പിന്തുണ : ട്രെഡ്സ് (TReDS) പ്ലാറ്റ്ഫോമിലൂടെ 7 ലക്ഷം കോടിയിലധികം രൂപയുടെ പണലഭ്യത ഉറപ്പാക്കും.
- പ്രൊഫഷണൽ പിന്തുണ : 'കോർപ്പറേറ്റ് മിത്ര' കേഡർ രൂപീകരിക്കുകയും നിയമപരമായ നിബന്ധനകൾ ലളിതമാക്കുകയും ചെയ്യും.
- ഗവൺമെന്റ് സംഭരണങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ധനസഹായം നൽകുന്നവർക്ക് ലഭ്യമാക്കുന്നതിനായി GeM പോർട്ടലിനെ ട്രെഡ്സുമായി ബന്ധിപ്പിക്കും.

സാമ്പത്തിക പരിഷ്കാരങ്ങൾ

# 'പരിഷ്കരണ എക്സ്പ്രസ്' ഇന്ത്യയുടെ സാമ്പത്തിക മുന്നേറ്റത്തെ വളർത്തുന്നു



***സാമ്പത്തിക, വ്യാപാര മേഖലകളിലെ പരിഷ്കരണങ്ങളിലൂടെയും, ബിസിനസ്സ് ചെയ്യുന്നതിനുള്ള എളുപ്പം മെച്ചപ്പെടുത്തിയതിലൂടെയും ലോകത്തിലെ ഏറ്റവും വലിയ സമ്പദ്‌വ്യവസ്ഥകളിൽ ഒന്നായി മാറുന്നതിനുള്ള ലക്ഷ്യത്തിലേക്ക് പരിഷ്കരണ എക്സ്പ്രസ്സിൽ' ഇന്ത്യ അതിവേഗം മുന്നേറുകയാണ്. കഴിഞ്ഞ 11 വർഷമായി കർമ്മപദ്ധതികൾക്കും പരിഷ്കരണങ്ങൾക്കും പൊതുജനക്ഷേമത്തിനുമാണ് ഗവണ്മെന്റ് മുൻഗണന നൽകുന്നത്. ഇപ്പോൾ, 2026 – 27 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് ഈ 'പരിഷ്കരണ എക്സ്പ്രസ്സിന്' ആക്കം കൂട്ടിയിരിക്കുന്നു...***

ദരിദ്രർ, അശരണർ, പിന്നാക്കക്കാർ എന്നിവരിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന മൂന്ന് വശങ്ങളുള്ള സമീപനത്തിന് ഗവണ്മെന്റിന്റെ നിശ്ചയ ദാർഢ്യം അത്യന്താപേക്ഷിതമാണ്:

1. ഘടനാപരമായ പരിഷ്കരണങ്ങളുടെ വേഗത, സുസ്ഥിരവും പുരോഗമനപരവുമായിരിക്കണം.
2. സമ്പാദ്യം സമാഹരിക്കുന്നതിനും മൂലധനം കാര്യക്ഷമമായി വിനിയോഗിക്കുന്നതിനും അപകടസാധ്യതകൾ കൈകാര്യം ചെയ്യുന്നതിനും ശക്തവും സുസ്ഥിരവുമായ സാമ്പത്തിക മേഖല അനിവാര്യമാണ്.
3. നിർമ്മിതബുദ്ധി ഉൾപ്പെടെയുള്ള അത്യാധുനിക സാങ്കേതികവിദ്യകൾക്ക് സുതാര്യമായ ഭരണം സാധ്യമാക്കാൻ കഴിയും.

തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും വളർച്ച ത്വരിതപ്പെടുത്തുന്നതിനും ലക്ഷ്യമിട്ട് കേന്ദ്ര ഗവണ്മെന്റ് നിരവധി സാമ്പത്തിക പരിഷ്കരണങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. 2025-ലെ സ്വാതന്ത്ര്യദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പരിഷ്കാര പ്രഖ്യാപനങ്ങളെത്തുടർന്ന് 350-ലധികം പരിഷ്കരണങ്ങളാണ് ഇതുവരെ നടപ്പിലാക്കിയത്.

## വികസിത ഭാരതത്തിനായി ബാങ്കിംഗ് മേഖല സജ്ജമാക്കപ്പെടും

ഇന്ന് ഇന്ത്യയുടെ ബാങ്കിംഗ് മേഖല മുമ്പത്തേക്കാളും ശക്തമാണ്. മെച്ചപ്പെട്ട സാമ്പത്തിക ഭദ്രത, റെക്കോർഡ് ലാഭം, ആസ്തികളുടെ ഗുണനിലവാരത്തിലെ വർദ്ധനവ് എന്നിവ ഇതിൽ പ്രതിഫലിക്കുന്നു. കൂടാതെ, രാജ്യത്തെ 98 ശതമാനത്തിലധികം ഗ്രാമങ്ങളിലും ഇന്ന് ബാങ്കിംഗ് സേവനങ്ങൾ എത്തുന്നുണ്ട്. ഈ മേഖലയുടെ പുരോഗതിക്ക് കൂടുതൽ കരുത്തേകുന്നതിനും, ഇന്ത്യയുടെ ഭാവി വികസന ആവശ്യങ്ങൾക്കനുസൃതമായി സമഗ്രമായ പുനഃപരിശോധന നടത്തുന്നതിനുമായി 'വികസിത ഭാരതത്തിനായുള്ള ബാങ്കിംഗ് ഉന്നതതല സമിതി' രൂപീകരിക്കും



## ഓഹരി തിരിച്ചുവാങ്ങൽ മൂലധന നേട്ടമായി കണക്കാക്കും

ഓഹരികൾ തിരികെ വാങ്ങുമ്പോൾ ലഭിക്കുന്ന തുക ഇനി മുതൽ ലാഭവിഹിതമായിട്ടല്ല, മറിച്ച് മൂലധന നേട്ടമായി കണക്കാക്കും. കൂടാതെ, തിരിച്ചുവാങ്ങലുകളിൽ പ്രൊമോട്ടർമാർക്കുള്ള നികുതി നിരക്കുകളിൽ മാറ്റമുണ്ടാകും. ആഭ്യന്തര കമ്പനികളുടെ പ്രൊമോട്ടർമാർക്ക് 22% നിരക്കിലും, മറ്റ് കമ്പനികളുടേതിന് 30% നിരക്കിലും നികുതി ചുമത്തും. പെട്ടെന്നുള്ള ലാഭത്തിനായി മാത്രം ഓഹരി വിപണിയിലെ ഫ്യൂച്ചറുകളിലും ഓപ്ഷൻ ട്രേഡിംഗിലും പ്രവേശിക്കുന്നവരെ നിരുത്സാഹപ്പെടുത്തുന്നതിനായി, ഫ്യൂച്ചേഴ്സ് ട്രേഡിംഗിന്മേലുള്ള നിലവിലെ സെക്യൂരിറ്റീസ് ട്രാൻസാക്ഷൻ ടാക്സ് (STT) 0.02%-ൽ നിന്ന് 0.05% ആയി വർദ്ധിപ്പിക്കാൻ ഗവണ്മെന്റ് നിർദ്ദേശിച്ചിട്ടുണ്ട്. അതുപോലെ, ഓപ്ഷൻ പ്രീമിയങ്ങൾക്കും ഓപ്ഷൻ ട്രേഡിംഗിനും നിലവിലുള്ള യഥാക്രമം 0.1%, 0.125% എന്നീ ടാക്സ് നിരക്കുകൾ 0.15% ആയി വർദ്ധിപ്പിക്കാനും നിർദ്ദേശമുണ്ട്.

## ജീവിതസൗകര്യം മെച്ചപ്പെടുത്തൽ

**നിയമപരമായ സങ്കീർണ്ണതകൾ കുറച്ചു. പുതിയ ആദായനികുതി നിയമം ഏപ്രിൽ 1 മുതൽ നടപ്പിലാക്കും**

ആദായനികുതി സ്ലാബുകളിലോ ഇളവുകളിലോ മാറ്റങ്ങൾ വരുത്തിയിട്ടില്ല. 2025-ലെ ആദായനികുതി നിയമം 2026 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വരും.

ലളിതമാക്കിയ ആദായനികുതി നിയമങ്ങളും ഫോമുകളും ഉടൻ വിജ്ഞാപനം ചെയ്യും. സാധാരണക്കാർക്ക് എളുപ്പത്തിൽ നികുതി നടപടികൾ പൂർത്തിയാക്കാൻ സാധിക്കുന്ന രീതിയിലാണ് പുതിയ ഫോമുകൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്.

മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണൽ നിശ്ചയിക്കുന്ന പലിശ തുകയ്ക്ക് സാധാരണക്കാർ ആദായനികുതി നൽകേണ്ടതില്ല. ഇതിന്മേൽ ടി.ഡി.എസ് ഈടാക്കുന്നതുമല്ല.

വിദേശ യാത്രാ പാക്കേജുകളുടെ വിൽപനയ്ക്ക് ഈടാക്കുന്ന ടി.സി.എസ് നിരക്ക്, നിലവിലുള്ള 5%, 20% എന്നിവയിൽ നിന്ന് തുകയുടെ പരിധിയില്ലാതെ 2% ആയി കുറയ്ക്കാൻ നിർദ്ദേശമുണ്ട്.

വിദ്യാഭ്യാസം, ചികിൽസ എന്നിവയ്ക്കായി ലിബറലൈസ്ഡ് റെമിറ്റൻസ് സ്കീം (LRS) പ്രകാരം വിദേശത്തേക്ക് അയക്കുന്ന തുകയുടെ ടി.സി.എസ് നിരക്ക് 5 ശതമാനത്തിൽ നിന്ന് 2 ശതമാനമായി കുറയ്ക്കാനും നിർദ്ദേശമുണ്ട്.

ടി.ഡി.എസ് സംബന്ധിച്ച ആശയക്കുഴപ്പങ്ങൾ ഒഴിവാക്കാൻ, മാൻപവർ സേവനങ്ങളെ കോൺട്രാക്ടർമാർക്കുള്ള പേയ്മെന്റ് വിഭാഗത്തിൽ വ്യക്തമായി ഉൾപ്പെടുത്തും. ഇത്തരം സേവനങ്ങളുടെ ടി.ഡി.എസ് നിരക്ക് 1% അല്ലെങ്കിൽ 2% മാത്രമായിരിക്കും.

ചെറുകിട നികുതിദായകർക്ക് പുതിയ പദ്ധതിയിലൂടെ അസസിംഗ് ഓഫീസർക്ക് അപേക്ഷ നൽകുന്നതിന് പകരം, നിയമങ്ങളുടെ അടിസ്ഥാനത്തിൽ ഓട്ടോമേറ്റഡ് സംവിധാനത്തിലൂടെ കുറഞ്ഞ നിരക്കിലോ നികുതി രഹിതമായോ ഉള്ള ഡിഡക്ഷൻ സർട്ടിഫിക്കറ്റ് നേടാം.

റിട്ടേണുകൾ പരിഷ്കരിക്കുന്നതിനുള്ള സമയപരിധി നാമമാത്ര ഫീസ് അടച്ച് ഡിസംബർ 31-ൽ നിന്ന് മാർച്ച് 31 വരെ നീട്ടാനുള്ള നിർദ്ദേശം.

ആദായനികുതി റിട്ടേൺ സമർപ്പിക്കുന്നതിന് വ്യത്യസ്ത സമയപരിധികൾ ഉണ്ടാകും. ITR-1, ITR-2 ഫയൽ ചെയ്യുന്നവർക്ക് മുൻപത്തെപ്പോലെ ജൂലൈ 31 വരെ സമയമുണ്ടാകും. ഓഡിറ്റിംഗ് ആവശ്യമില്ലാത്ത ബിസിനസ്സുകൾക്കും ട്രസ്റ്റുകൾക്കും ആഗസ്റ്റ് 31 വരെ സമയം ലഭിക്കും.

പ്രവാസി ഇന്ത്യക്കാർ സ്ഥാവര സ്വത്തുക്കൾ വിൽക്കുമ്പോൾ ടി.ഡി.എസ് ഈടാക്കുന്നതിനായി വാങ്ങുന്നയാൾക്ക് പ്രത്യേക TAN എടുക്കേണ്ടതില്ല. വാങ്ങുന്നയാൾക്ക് സ്വന്തം പാൻ ഉപയോഗിച്ച് ചലാൻ വഴി ടി.ഡി.എസ് അടയ്ക്കാം.

വിദ്യാർത്ഥികൾ, യുവ പ്രൊഫഷണലുകൾ, സാങ്കേതിക ജീവനക്കാർ, വിദേശത്ത് താമസിക്കുന്ന പ്രവാസികൾ, മറ്റ് ചെറുകിട നികുതിദായകർ എന്നിവർക്കായി പുതിയ പദ്ധതി പ്രഖ്യാപിച്ചു. വിദേശത്തുള്ള ആസ്തികൾ വെളിപ്പെടുത്തുന്നതിന് 6 മാസത്തെ സാവകാശം നൽകും

## പിഴയും പ്രോസിക്യൂഷൻ നടപടികളും യുക്തിസഹമാക്കൽ

- നികുതി നിർണ്ണയവും പിഴ നടപടികളും ഒരൊറ്റ ഉത്തരവിലൂടെ നടപ്പിലാക്കാൻ നിർദ്ദേശമുണ്ട്. ആദ്യ അപ്പീൽ കാലയളവിൽ പിഴ തുകയ്ക്ക് മേൽ നികുതിദായകനിൽ നിന്ന് പലിശ ഈടാക്കില്ല. അപ്പീൽ നൽകുമ്പോൾ മുൻകൂറായി കെട്ടിവെക്കേണ്ട തുക 20 ശതമാനത്തിൽ നിന്ന് 10 ശതമാനമായി കുറച്ചു.




- പുനർനിർണ്ണയ നടപടികൾക്ക് ശേഷവും നികുതിദായകർക്ക് അവരുടെ റിട്ടേണുകൾ പുതുക്കാൻ സാധിക്കും. എന്നാൽ ഇതിനായി ബന്ധപ്പെട്ട വർഷത്തെ നികുതിക്ക് പുറമെ 10 ശതമാനം അധിക നികുതി കൂടി നൽകേണ്ടി വരും.
- വരുമാനം കുറച്ചു കാണിക്കുന്ന കേസുകളിൽ നൽകിയിരുന്ന പിഴയിൽ നിന്നും പ്രോസിക്യൂഷനിൽ നിന്നുമുള്ള ഇളവ് ഇനി മുതൽ വരുമാനം തെറ്റായി രേഖപ്പെടുത്തുന്ന കേസുകൾക്കും ബാധകമായിരിക്കും. എങ്കിലും, ഇത്തരം സാഹചര്യങ്ങളിൽ നികുതിദായകൻ നികുതി തുകയുടെ 100 ശതമാനം അധിക ആദായനികുതിയായി നൽകേണ്ടിവരും.
- അക്കൗണ്ടുകളോ രേഖകളോ സമർപ്പിക്കുന്നതിൽ പരാജയപ്പെടുന്നത് ഇനി മുതൽ ക്രിമിനൽ കുറ്റമായി കണക്കാക്കില്ല. അതുപോലെ, വസ്തുക്കളായോ സേവനങ്ങളായോ നൽകുന്ന പേയ്മെന്റുകളിൽ ടി.ഡി.എസ് കുറയ്ക്കാൻ വിട്ടുപോകുന്നതും കുറ്റകരമായി കണക്കാക്കില്ല. ഇത്തരം നിസ്സാര കേസുകളിൽ പിഴ മാത്രമായിരിക്കും ഈടാക്കുക.

ആരോഗ്യം


# ബജറ്റ് - സാമൂഹ്യ സുരക്ഷയുടെ നട്ടെല്ല്



***ആരോഗ്യ ബജറ്റ് അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിൽ മാത്രം ഒതുങ്ങുന്നില്ല, മറിച്ച് ഓരോ വ്യക്തിക്കും പ്രാപ്യവും മിതമായ നിരക്കിലുള്ളതും ഗുണനിലവാരമുള്ളതുമായ ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുക എന്നതും ഇതിലൂടെ ലക്ഷ്യമിടുന്നു.....***

ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയ ബജറ്റ് | **1,06,530.42** കോടി രൂപ

**194%** | കഴിഞ്ഞ 12 വർഷത്തിനിടെ ആരോഗ്യ ബജറ്റിൽ വർദ്ധന രേഖപ്പെടുത്തി.



**ക്യാൻസർ മരുന്നുകൾ താങ്ങാനാവുന്ന വിലയിൽ:** ക്യാൻസർ രോഗികൾക്കുള്ള 17 ഇനം ജീവൻരക്ഷാ മരുന്നുകളെ അടിസ്ഥാന കസ്റ്റംസ് ഡ്യൂട്ടിയിൽ നിന്ന് പൂർണ്ണമായും ഒഴിവാക്കാൻ നിർദ്ദേശം. കൂടാതെ, പ്രത്യേക ചികിത്സാ ആവശ്യങ്ങൾക്കായി വ്യക്തിഗതമായി ഇറക്കുമതി ചെയ്യുന്ന മരുന്നുകൾ, ഡ്രഗ്ഗുകൾ, പ്രത്യേക ഭക്ഷണസാധനങ്ങൾ എന്നിവയുടെ ഇറക്കുമതി തീരുവയിൽ നിന്ന് ഇളവ് നൽകുന്ന പട്ടികയിൽ ഏഴ് അപൂർവ്വ രോഗങ്ങളെ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.




**മാനസികാരോഗ്യവും ട്രോമ കെയറും:** മാനസികാരോഗ്യ സേവനങ്ങൾക്കായി നിംഹാൻസ്-2 (NIMHANS-2) സ്ഥാപിക്കും. കൂടാതെ, റാഞ്ചിയിലെയും തേസ്പൂരിലെയും നാഷണൽ മെന്റൽ ഹെൽത്ത് ഇൻസ്റ്റിറ്റ്യൂട്ടുകളെ മേഖലാതല ഉന്നത സ്ഥാപനങ്ങൾ ഉയർത്തുകയും ചെയ്യും.



**ഗവേഷണം:** 2026-27 ബജറ്റ് മുതൽ മെഡിക്കൽ ഗവേഷണത്തിനുള്ള ബജറ്റ് വിഹിതം 24% വർദ്ധിപ്പിച്ച് 4,821 കോടി രൂപയിലധികമാക്കി.



**വയോജന പരിചരണം:** വയോജന പരിചരണത്തിനും അനുബന്ധ സേവനങ്ങൾക്കുമായി അടുത്ത അഞ്ച് വർഷത്തിനുള്ളിൽ 150,000 പരിചാരകർക്ക് പരിശീലനം നൽകും.



**മെഡിക്കൽ ടൂറിസം സേവന കേന്ദ്രങ്ങൾ:** ഇന്ത്യയെ മെഡിക്കൽ ടൂറിസം ഹബ്ബായി വികസിപ്പിക്കുന്നതിന്റെ ഭാഗമായി, സ്വകാര്യ മേഖലയുമായി സഹകരിച്ച് അഞ്ച് റീജിയണൽ മെഡിക്കൽ സെന്ററുകൾ സ്ഥാപിക്കാൻ സംസ്ഥാനങ്ങൾക്ക് പിന്തുണ നൽകും. ഈ കേന്ദ്രങ്ങളിൽ ചികിത്സാ സൗകര്യങ്ങൾക്ക് പുറമെ വിദ്യാഭ്യാസ, ഗവേഷണ സൗകര്യങ്ങളും ഉണ്ടായിരിക്കും.



**ജില്ലാ ആശുപത്രികൾ:** രാജ്യത്തെ 50% ജില്ലാ ആശുപത്രികളിലും അടിയന്തര ചികിത്സാ വിഭാഗങ്ങളും ട്രോമ കെയർ സെന്ററുകളും സ്ഥാപിച്ചുകൊണ്ട് അവയുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കും.

**എഎച്ച്പി ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിക്കൽ**


അലൈഡ് ഹെൽത്ത് പ്രൊഫഷണലുകൾക്കായി (AHPs) നിലവിലുള്ള സ്ഥാപനങ്ങൾ നവീകരിക്കും. കൂടാതെ, സ്വകാര്യ-ഗവൺമെന്റ് മേഖലകളിൽ പുതിയ AHP ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിക്കുകയും ചെയ്യും. ഒപ്റ്റോമെട്രി, റേഡിയോളജി, അനസ്തേഷ്യ, ഒ.ടി സാങ്കേതികവിദ്യ, അപ്ലൈഡ് സൈക്കോളജി, ബിഹേവിയറൽ ഹെൽത്ത് എന്നിവയുൾപ്പെടെ തിരഞ്ഞെടുക്കപ്പെട്ട 10 വിഷയങ്ങൾ ഇതിൽ ഉൾപ്പെടും. അടുത്ത 5 വർഷത്തിനുള്ളിൽ ഒരു ലക്ഷം അലൈഡ് ഹെൽത്ത് പ്രൊഫഷണലുകളെ കൂടി ഈ മേഖലയിലേക്ക് കൂട്ടിച്ചേർക്കും.



**മൃഗഡോക്ടർമാർ**



വെറ്ററിനറി പ്രൊഫഷണലുകളുടെ എണ്ണം 20,000-ത്തിന് മുകളിലേക്ക് ഉയർത്തുന്നതിനായി നയ്പാ ബന്ധിത മൂലധന സബ്സിഡി നിർദ്ദേശിച്ചിട്ടുണ്ട്. ഇതിലൂടെ സ്വകാര്യ മേഖലയിൽ വെറ്ററിനറി കോളേജുകൾ, വെറ്ററിനറി ആശുപത്രികൾ, രോഗനിർണ്ണയ ലബോറട്ടറികൾ, പ്രജനന സൗകര്യങ്ങൾ എന്നിവ സ്ഥാപിക്കുന്നതിന് പിന്തുണ നൽകും.



**ബയോഫാർമ 'ശക്തി'(വിജ്ഞാനം, സാങ്കേതികവിദ്യ, നൂതനാശയം എന്നിവയിലൂടെയുള്ള ആരോഗ്യ സംരക്ഷണ തന്ത്രം)**

രാജ്യത്ത് പ്രമേഹം, അർബുദം, ഓട്ടോ ഇമ്മ്യൂൺ ഡിസോർഡറുകൾ തുടങ്ങിയ സാംക്രമികേതര രോഗങ്ങൾ അതിവേഗം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അതിനാൽ, ഇന്ത്യയെ ആഗോള ബയോഫാർമ നിർമ്മാണ കേന്ദ്രമായി വികസിപ്പിക്കുന്നതിനായി അടുത്ത 5 വർഷത്തേക്ക് 10,000 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന 'ബയോഫാർമ ശക്തി' പദ്ധതി നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 3 പുതിയ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസ്യൂട്ടിക്കൽ എഡ്യൂക്കേഷൻ ആൻഡ് റിസർച്ച് (NIPER) സ്ഥാപിക്കുകയും, നിലവിലുള്ള 7 സ്ഥാപനങ്ങൾ നവീകരിക്കുകയും ചെയ്യും. കൂടാതെ, ബയോഫാർമ കേന്ദ്രീകൃത ശൃംഖലയും ഇതിലൂടെ രൂപീകരിക്കും. ഇത്തരത്തിൽ 1,000-ലധികം അംഗീകാരമുള്ള ഇന്ത്യൻ ക്ലിനിക്കൽ ട്രയൽ സൈറ്റുകളുടെ ഒരു ശൃംഖലയും നിലവിൽ വരും.

## ആയുഷ്: മൂന്ന് പുതിയ എയിംസുകൾ സ്ഥാപിക്കും

- പാരമ്പരാഗത ചികിത്സാരീതികൾ സ്വീകരിക്കുന്ന രോഗികൾക്കായി മൂന്ന് പുതിയ ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദ സ്ഥാപിക്കും.
- ജാംനഗറിലെ ഡബ്ല്യു.എച്ച്.ഒ (WHO) ഗ്ലോബൽ സെന്റർ ഫോർ ട്രഡീഷണൽ മെഡിസിനോടൊപ്പം, ആയുഷ് ഫാർമസികൾ, ഡ്രഗ് ടെസ്റ്റിംഗ് ലബോറട്ടറികൾ, തെളിവ് അധിഷ്ഠിത ഗവേഷണ സൗകര്യങ്ങൾ എന്നിവയും നവീകരിക്കും.

**ആയുഷ് മന്ത്രാലയത്തിന്റെ ബജറ്റ് വിഹിതം:**

**4,408.93** കോടി രൂപ



> **മെഡിക്കൽ ഹബ്ബുകളുടെ നിർമ്മാണം, അലൈഡ് ഹെൽത്ത് പ്രൊഫഷണലുകൾ, ഓറഞ്ച് ഇക്കോണമി (അതായത് ഓഡിയോ-വിഷ്വൽ, ഗെയിമിംഗ് മേഖലകൾ) പ്രോത്സാഹിപ്പിക്കൽ, ടൂറിസം മേഖലയ്ക്ക് നൽകുന്ന പിന്തുണ, ഖേലോ ഇന്ത്യ മിഷൻ എന്നിവയിലൂടെ യുവജനങ്ങൾക്കായി പുതിയ അവസരങ്ങളുടെ വാതിലുകൾ തുറക്കപ്പെടും.**
>
> *- പ്രധാനമന്ത്രി നരേന്ദ്ര മോദി*

## ആത്മനിർഭർ ഭാരത്

# വസ്ത്ര വ്യവസായത്തിന് ശക്തമായ ഊന്നൽ



***തൊഴിലവസര സൃഷ്ടി, കയറ്റുമതി വളർച്ച, സ്വാശ്രയ ഇന്ത്യ എന്ന ലക്ഷ്യം എന്നിവയുമായി ബന്ധപ്പെടുത്തി, വസ്ത്ര വ്യവസായ മേഖലയ്ക്ക് കേന്ദ്ര ബജറ്റ് ശക്തമായ ഊന്നൽ നൽകിയിട്ടുണ്ട്. പരമ്പരാഗത കൈത്തറി മുതൽ ആധുനിക കൃത്രിമ നാരുകൾ, സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ തുണി നിർമ്മാണം എന്നിവ വരെയുള്ള മുഴുവൻ മൂല്യശൃംഖലയെയും ശാക്തീകരിക്കുന്നതിൽ ഗവൺമെന്റിന്റെ ശ്രദ്ധ വ്യക്തമായി കാണാവുന്നതാണ്....***

ടെക്സ്റ്റൈൽസ് മന്ത്രാലയത്തിന് 2026-27 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് വിഹിതം

**5729.01** കോടി രൂപ

*ടെക്സ്റ്റൈൽ മേഖലയ്ക്കായി മത്സരശേഷി, സ്വാശ്രയത്വം, തൊഴിൽ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി ഗവൺമെന്റ് ഒരു സംയോജിത പരിപാടി നിർദ്ദേശിച്ചിട്ടുണ്ട്, അതിൽ അഞ്ച് ഉപഘടകങ്ങൾ ഉൾപ്പെടുന്നു...*

- ദേശീയ ഫൈബർ പദ്ധതി: നാരുകളുടെ ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഈ പദ്ധതി പട്ട്, കമ്പിളി, ചണം തുടങ്ങിയ പ്രകൃതിദത്ത നാരുകൾക്കും, കൃത്രിമ നാരുകൾക്കും, പുതിയതരം നാരുകൾക്കും പിന്തുണ നൽകും.
- ടെക്സ്റ്റൈൽ എക്സ്പാൻഷൻ ആൻഡ് എംപ്ലോയ്മെന്റ് സ്കീം: യന്ത്രസാമഗ്രികൾ വാങ്ങുന്നതിനുള്ള മൂലധന സഹായം, സാങ്കേതികവിദ്യ നവീകരിക്കൽ, പൊതുവായ പരിശോധനാ-സർട്ടിഫിക്കേഷൻ കേന്ദ്രങ്ങൾ സ്ഥാപിക്കൽ എന്നിവയിലൂടെ പരമ്പരാഗത തുണിത്തര ക്ലസ്റ്ററുകളെ ആധുനികവൽക്കരിക്കാൻ പദ്ധതി ലക്ഷ്യമിടുന്നു.
- ദേശീയ കൈത്തറി, കരകൗശല പരിപാടി: കൈത്തറി, കരകൗശല മേഖലകളിലെ നിലവിലുള്ള പദ്ധതികളെ ഒരു ഏകീകൃത ദേശീയ പരിപാടിയുടെ കീഴിൽ കൊണ്ടുവരികയും ശക്തിപ്പെടുത്തുകയും ചെയ്യും. ഇത് നെയ്ത്തുകാർക്കും കരകൗശല തൊഴിലാളികൾക്കും ലക്ഷ്യബോധമുള്ളതും ഫലപ്രദവുമായ പിന്തുണ ഉറപ്പാക്കും.
- ടെക്സ്-എക്കോ ഇനിഷ്യേറ്റീവ് : ആഗോളതലത്തിൽ മത്സരശേഷിയുള്ളതും പരിസ്ഥിതി സൗഹൃദവുമായ തുണിത്തരങ്ങളും വസ്ത്രങ്ങളും നിർമ്മിക്കുന്നത് പ്രോത്സാഹിപ്പിക്കാൻ ഈ സംരംഭം ലക്ഷ്യമിടുന്നു.

> **മേക്ക് ഇൻ ഇന്ത്യ, ആത്മനിർഭർ ഭാരത് അഭിയാൻ എന്നിവയ്ക്ക് പുതിയ വേഗത കൈവരിക്കാനുള്ള അഭിലാഷപൂർണ്ണമായ കർമ്മപദ്ധതിയാണ് ഈ ബജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. വളർന്നുവരുന്ന പുതിയ വ്യവസായങ്ങൾക്ക്, അതായത് 'സൺറൈസ് സെക്ടറുകൾക്ക്', ഈ ബജറ്റിൽ നൽകിയിട്ടുള്ള പിന്തുണ അഭൂതപൂർവ്വമാണ്.**
>
> *- പ്രധാനമന്ത്രി നരേന്ദ്ര മോദി*

### ബിസിനസ്സ് എളുപ്പമാക്കൽ

ഇന്ത്യയ്ക്ക് പുറത്ത് താമസിക്കുന്ന വ്യക്തികൾക്ക് (Personal Resident Outside India - PROI) ലിസ്റ്റ് ചെയ്യപ്പെട്ട ഇന്ത്യൻ കമ്പനികളുടെ ഓഹരികളിൽ നിക്ഷേപം നടത്താൻ അനുമതി നൽകും. ആകെ നിക്ഷേപ പരിധി 10 ശതമാനത്തിൽ നിന്ന് 24 ശതമാനമായി ഉയർത്തും. കൂടാതെ, ഒരു നിക്ഷേപകന് നടത്താവുന്ന പരിധി 5 ശതമാനത്തിൽ നിന്ന് 10 ശതമാനമായും വർദ്ധിപ്പിക്കും.





### സമർത്ഥ് 2.0

നവീകരിച്ച ഈ നൈപുണ്യ വികസന പരിപാടി, കൂടുതൽ ആഴത്തിലുള്ള സഹകരണത്തിലൂടെ തുണിത്തര മേഖലയിലെ നൈപുണ്യ ആവാസവ്യവസ്ഥയെ ആധുനികവൽക്കരിക്കും.

### മഹാത്മാഗാന്ധി ഗ്രാമ സ്വരാജ് സംരംഭം

ഖാദി, കൈത്തറി, കരകൗശല മേഖലകളെ ശക്തിപ്പെടുത്തുന്നതിനായി 'മഹാത്മാഗാന്ധി ഗ്രാമ സ്വരാജ് സംരംഭം' ആരംഭിക്കും. ആഗോള വിപണികളുമായുള്ള ബന്ധം, ബ്രാൻഡിംഗ്, കാര്യക്ഷമമായ പരിശീലനം, നൈപുണ്യ വികസനം, ഗുണനിലവാരം മെച്ചപ്പെടുത്തൽ, പ്രക്രിയകളുടെ ആധുനികവൽക്കരണം എന്നിവയിൽ ഈ സംരംഭം ശ്രദ്ധ കേന്ദ്രീകരിക്കും.

### അപൂർവ്വ ധാതുക്കൾ

2025 നവംബറിൽ റെയർ എർത്ത് പെർമനന്റ് മാഗ്നറ്റ് സ്കീം ആരംഭിച്ചു. ഇപ്പോൾ, ഖനനം, സംസ്കരണം, ഗവേഷണം, നിർമ്മാണം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു അപൂർവ്വ ധാതു ഇടനാഴി സ്ഥാപിക്കുമെന്ന് ബജറ്റിൽ പ്രഖ്യാപിച്ചു. ഈ ഇടനാഴി ധാതുസമ്പന്നമായ ഒഡീഷ, കേരളം, ആന്ധ്രാപ്രദേശ്, തമിഴ്നാട് എന്നീ സംസ്ഥാനങ്ങൾക്ക് വലിയ പിന്തുണ നൽകും.

### കണ്ടെയ്നർ നിർമ്മാണം

അടുത്ത 5 വർഷത്തേക്ക് 10,000 കോടി രൂപ വകയിരുത്തിക്കൊണ്ട് കണ്ടെയ്നർ നിർമ്മാണ പദ്ധതി ആരംഭിക്കും.

**"വളർച്ചയുടെ വേഗത നിലനിർത്താൻ ഞങ്ങൾ വഴിയൊരുക്കുകയാണ്. സാമ്പത്തിക വികസനം സുസ്ഥിരമാണെന്ന് ഉറപ്പാക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ഘടനാപരമായ പരിഷ്കാരങ്ങളിലൂടെ മികച്ച ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നതിലാണ് ഞങ്ങൾ പ്രാഥമികമായി ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്തുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അനുയോജ്യമായ അന്തരീക്ഷം ഒരുക്കുക എന്ന ലക്ഷ്യത്തോടെ ഞങ്ങളുടെ പരിഷ്കരണ പ്രവർത്തനങ്ങൾ തുടരും.**

***കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ***

### സമഗ്രവും സംയോജിതവുമായ നയരൂപരേഖ പ്രഖ്യാപിച്ചു

തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും, കയറ്റുമതിയിലും, ഗ്രാമീണ ഉപജീവനമാർഗങ്ങളിലും, സുസ്ഥിരമായ നിർമ്മാണത്തിലും വസ്ത്ര വ്യവസായ മേഖലയ്ക്കുള്ള നിർണ്ണായക പങ്ക് കണക്കിലെടുത്ത് 2026-27 ബജറ്റ് ഈ മേഖലയ്ക്ക് പ്രത്യേക ഊന്നൽ നൽകുന്നു. ഫൈബർ മുതൽ ഫാഷൻ വരെയും, ഗ്രാമീണ വ്യവസായങ്ങൾ മുതൽ ആഗോള വിപണികൾ വരെയും നീളുന്ന തുണിത്തര മൂല്യശൃംഖലയെ ശക്തിപ്പെടുത്തുന്നതിനായി സമഗ്ര നയരൂപരേഖ പ്രഖ്യാപിച്ചിട്ടുണ്ട്.

### മെഗാ ടെക്സ്റ്റൈൽ പാർക്കുകൾ

മെഗാ ടെക്സ്റ്റൈൽ പാർക്കുകൾ സ്ഥാപിക്കുമെന്ന് ഗവണ്മെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പാർക്കുകൾ സാങ്കേതിക തുണിത്തരങ്ങളുടെ വികസനത്തെയും പ്രോത്സാഹിപ്പിക്കും.

### ട്രേഡ് റിസീവബിൾസ് ഡിസ്കൗണ്ടിംഗ് സിസ്റ്റം (TReDS)

തുണിത്തര വ്യവസായത്തിലെ ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് പണലഭ്യത എളുപ്പമാക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി, ട്രേഡ് റിസീവബിൾസ് ഡിസ്കൗണ്ടിംഗ് സിസ്റ്റത്തിന്റെ (TReDS) ഫലപ്രാപ്തി വർദ്ധിപ്പിക്കുന്നതിനുള്ള പ്രധാന നടപടികൾ ഗവണ്മെന്റ് പ്രഖ്യാപിച്ചു.

### തുണിത്തരങ്ങൾ, തുകൽ, സമുദ്രോൽപ്പന്നങ്ങൾ എന്നിവയുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനായി ബജറ്റിൽ നിരവധി സുപ്രധാന പ്രഖ്യാപനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്:

- ഡ്യൂട്ടി ഫ്രീ ആയി ഇറക്കുമതി ചെയ്ത അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിക്കുന്ന തുണിത്തരങ്ങൾ, തുകൽ വസ്ത്രങ്ങൾ, തുകൽ അല്ലെങ്കിൽ സിന്തറ്റിക് പാദരക്ഷകൾ, മറ്റ് തുകൽ ഉൽപ്പന്നങ്ങൾ എന്നിവയുടെ കയറ്റുമതി ബാധ്യതാ കാലാവധി 12 മാസമായി വർദ്ധിപ്പിച്ചു.
- ഈ നടപടി കയറ്റുമതിക്കാർക്ക് അവരുടെ പ്രവർത്തനങ്ങളിൽ കൂടുതൽ ഇളവുകളും, നിയമങ്ങൾ പാലിക്കുന്നതിൽ എളുപ്പവും, മെച്ചപ്പെട്ട പ്രവർത്തന മൂലധന മാനേജ്മെന്റും നൽകും.
- TReDS വഴി തുണിത്തര മേഖലയിലെ MSME-കൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനുള്ള വ്യവസ്ഥയും ഉൾപ്പെടുത്തിയിട്ടുണ്ട്.

കവർ സ്റ്റോറി

കേന്ദ്ര ബജറ്റ് 2026-27

# വനിതകൾ

## വിദ്യാഭ്യാസം നൽകുന്നതിനുള്ള നിരന്തര ശ്രമങ്ങൾ

*സ്ത്രീകളെ വിദ്യാഭ്യാസത്തിലൂടെയും ശാക്തീകരണത്തിലൂടെയും ഉന്നമനത്തിലേക്ക് നയിക്കാൻ കേന്ദ്ര ഗവണ്മെന്റ് നിരന്തരം പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇതിന്റെ ഭാഗമായി, ബജറ്റിൽ ധനമന്ത്രി നിർമ്മല സീതാരാമൻ വനിതകൾക്കായി സുപ്രധാനമായ പല പ്രഖ്യാപനങ്ങളും നടത്തി. രാജ്യത്തെ ജനസംഖ്യയുടെ പകുതിയോളം വരുന്ന സ്ത്രീസമൂഹത്തിന് ഇത് നേരിട്ട് പ്രയോജനം ചെയ്യും. ഈ വർഷത്തെ ബജറ്റ്, വനിതകൾ നയിക്കുന്നതും സ്ത്രീകൾ തന്നെ നടത്തുന്നതുമായ സ്വയംസഹായ സംഘങ്ങളുടെ ആധുനിക സംവിധാനത്തിന് മുൻഗണന നൽകി ഓരോ വീട്ടിലും ഐശ്വര്യം എത്തിക്കുന്നുവെന്ന് ഉറപ്പാക്കാൻ ലക്ഷ്യമിടുന്നു.....*




### വനിതാ ഹോസ്റ്റലുകൾ

രാജ്യത്തെ ഓരോ ജില്ലയിലും പെൺകുട്ടികൾക്കായി ഹോസ്റ്റലുകൾ നിർമ്മിക്കാൻ കേന്ദ്ര ഗവണ്മെന്റ് തീരുമാനിച്ചു. വിദ്യാഭ്യാസ മേഖലയിൽ ലിംഗസമത്വം, സുരക്ഷ, ശാക്തീകരണം എന്നിവ ഉറപ്പാക്കുന്നതിൽ ഒരു നാഴികക്കല്ലാണിത്.

## സ്വയം സഹായ സംരംഭകർക്ക് 'ഷീ-മാർട്ട്' സംരംഭം

- ലഖ്പതി ദീദി യോജനയുടെ വിജയത്തെ അടിസ്ഥാനമാക്കി, സ്വയംസഹായ സംരംഭകർക്കായി 'SHE Mart' എന്ന പദ്ധതി ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
- മൃഗസംരക്ഷണം, കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, മറ്റ് തൊഴിലുകൾ എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന വനിതകളെ കേവലം ഉപജീവനത്തിനപ്പുറം സംരംഭകരായി മാറാൻ പ്രാപ്തരാക്കുക എന്നതാണ് ഈ സംരംഭത്തിന്റെ ലക്ഷ്യം.
- സ്വയംസഹായ സംഘങ്ങളും ഗ്രാമീണ വനിതകളും നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾക്ക് പുതിയ വിപണി പ്രദാനം ചെയ്യുന്നതിനായി, ഓരോ ജില്ലയിലും കമ്മ്യൂണിറ്റി ഉടമസ്ഥതയിലുള്ള ചില്ലറ വിൽപ്പന കേന്ദ്രങ്ങൾ സ്ഥാപിക്കും.
- ഷീ-മാർക്ക് ബാഡ്ജ് പുറത്തിറക്കുന്നതിലൂടെ സ്ത്രീകൾക്ക് എളുപ്പത്തിൽ വായ്പാ സൗകര്യങ്ങൾ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തും.

### ലിംഗസമത്വത്തിനായുള്ള ബജറ്റ് വിഹിതം




**2026-27 വർഷത്തെ ജെൻഡർ ബജറ്റ് സ്റ്റേറ്റ്മെന്റ് (GBS), സ്ത്രീകളുടെയും പെൺകുട്ടികളുടെയും ക്ഷേമത്തിനായി അഞ്ച് ലക്ഷം കോടി രൂപ വകയിരുത്തി. ഇത് 2025-26 വർഷത്തിൽ അനുവദിച്ച 4.49 ലക്ഷം കോടി രൂപയേക്കാൾ 11.36 ശതമാനം കൂടുതലാണ്.**



യുവജനങ്ങൾ

# അവസരങ്ങളുടെ പുതിയ വാതിലുകൾ

*ധനമന്ത്രി നിർമ്മല സീതാരാമൻ പാർലമെന്റിൽ അവതരിപ്പിച്ച ബജറ്റ് യുവജന ബജറ്റ് എന്നാണ് വിശേഷിപ്പിക്കപ്പെടുന്നത്. യുവജനങ്ങളുടെ ചിന്താഗതിയെയും അവരുടെ സ്വപ്നങ്ങളെയും നിശ്ചയദാർഢ്യത്തെയും ചലനാത്മകതയെയും ഇത് പ്രതിഫലിപ്പിക്കുന്നു. ബജറ്റിലെ നിർദ്ദേശങ്ങൾ വിവിധ മേഖലകളിൽ പുതിയ നേതാക്കളെയും നൂതന ആശയങ്ങൾ കൊണ്ടുവരുന്നവരെയും സ്രഷ്ടാക്കളെയും സൃഷ്ടിക്കും. ഇതിനുപുറമെ, ഖേലോ ഇന്ത്യ മിഷനിലൂടെ യുവജനക്കൾക്കായി പുതിയ അവസരങ്ങൾ തുറക്കപ്പെടുകയും ചെയ്യും...*

## വിദ്യാഭ്യാസം

- പ്രധാന വ്യാവസായിക-ലോജിസ്റ്റിക് ഇടനാഴികൾക്ക് ചുറ്റുമായി അഞ്ച് യൂണിവേഴ്സിറ്റി ടൗൺഷിപ്പുകൾ സ്ഥാപിക്കുന്നതിന് സംസ്ഥാനങ്ങളെ കേന്ദ്ര ഗവണ്മെന്റ് സഹായിക്കും. ഒരു ചലഞ്ച് റൂട്ട് മുഖേനയായിരിക്കും ഇത് നടപ്പിലാക്കുക.
- ഇന്ത്യയുടെ കിഴക്കൻ മേഖലയിൽ ഒരു പുതിയ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (NID) സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം.
- അസ്ട്രോഫിസിക്സും അസ്ട്രോണമിയും പ്രോത്സാഹിപ്പിക്കുന്നതിനായി നാല് ദൂരദർശിനി സംവിധാനങ്ങൾ സ്ഥാപിക്കും.

ബജറ്റ്

വിദ്യാഭ്യാസ മന്ത്രാലയത്തിനായുള്ള ആകെ ബജറ്റ് വിഹിതം

**139289.48**

കോടി രൂപയിലെത്തി. ഇത് 2025-26 വർഷത്തെ ബജറ്റ് എസ്റ്റിമേറ്റുമായി താരതമ്യം ചെയ്യുമ്പോൾ 8.27 ശതമാനത്തിന്റെ വർദ്ധനയാണ്.

## വിദ്യാഭ്യാസത്തിൽ നിന്ന് തൊഴിലിലേക്കും സംരംഭകത്വത്തിലേക്കും

വികസിത ഭാരതം എന്ന ലക്ഷ്യം കൈവരിക്കുന്നതിലെ പ്രധാന ചാലകശക്തിയായി സേവന മേഖലയെ മാറ്റുന്നതിൽ 'വിദ്യാഭ്യാസത്തിൽ നിന്ന് തൊഴിലിലേക്കും സംരംഭകത്വത്തിലേക്കും' എന്ന സ്റ്റാൻഡിംഗ് കമ്മിറ്റി ശ്രദ്ധ കേന്ദ്രീകരിക്കും. ഈ തീരുമാനം 2047-ഓടെ ആഗോള വിപണിയുടെ 10% വിഹിതം കരസ്ഥമാക്കിക്കൊണ്ട് ഇന്ത്യയെ ലോകനേതാവാക്കി മാറ്റും.

## ഓറഞ്ച് സമ്പദ്‌വ്യവസ്ഥ

15,000 സെക്കൻഡറി സ്കൂളുകളിലും 500 കോളേജുകളിലും എ.വി.ജി.സി (AVGC - ആനിമേഷൻ, വിഷ്വൽ ഇഫക്ട്സ്, ഗെയിമിംഗ്, കോമിക്സ്) കണ്ടന്റ് ക്രിയേറ്റർ ലാബുകൾ സ്ഥാപിക്കുന്നതിനായി മുംബൈയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിയേറ്റീവ് ടെക്നോളജിക്ക് സഹായം നൽകാൻ നിർദ്ദേശം.

## കായികം

ഖേലോ ഇന്ത്യ പദ്ധതിയിലൂടെ കായിക പ്രതിഭകളെ വളർത്തിയെടുക്കുന്നതിനുള്ള നിലവിലെ ശ്രമങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി, അടുത്ത ദശകത്തിൽ കായിക മേഖലയിൽ വലിയ മാറ്റങ്ങൾ കൊണ്ടുവരാൻ ലക്ഷ്യമിട്ട് 'ഖേലോ ഇന്ത്യ മിഷൻ' ആരംഭിക്കാൻ നിർദ്ദേശിക്കുന്നു.

### ഖേലോ ഇന്ത്യ മിഷൻ ഇനിപ്പറയുന്ന സൗകര്യങ്ങൾ ലഭ്യമാക്കും:

- താഴെത്തട്ടിലും, ഇന്റർമീഡിയറ്റ്, എലൈറ്റ് തലങ്ങളിലുമുള്ള വിവിധ പരിശീലന കേന്ദ്രങ്ങളുടെ പിന്തുണയോടെയുള്ള ഒരു സംയോജിത പ്രതിഭ വികസന പാത.
- പരിശീലകരുടെയും മറ്റ് സഹായ ജീവനക്കാരുടെയും വ്യവസ്ഥാപിതമായ വികസനം.
- കായിക ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും സംയോജനം.
- കായിക സംസ്കാരം പ്രോത്സാഹിപ്പിക്കുന്നതിനും പ്രതിഭകൾക്ക് വേദിയൊരുക്കുന്നതിനുമായി മത്സരങ്ങളും ലീഗുകളും സംഘടിപ്പിക്കുക.
- പരിശീലനത്തിനും മത്സരങ്ങൾക്കുമായി കായിക അനുബന്ധ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക.



## കൃഷി ശാക്തീകരിക്കൽ

# കർഷകരുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കുന്നു

*ഇന്ത്യയുടെ കൃഷി, ക്ഷീരമേഖല, മത്സ്യബന്ധനം എന്നിവയ്ക്ക് കേന്ദ്രഗവൺമെന്റ് എല്ലായ്പ്പോഴും മുൻഗണന നൽകിയിട്ടുണ്ട്. ഈ വർഷത്തെ ബജറ്റിൽ തെങ്ങ്, കശുവണ്ടി, കൊക്കോ, ചന്ദനം എന്നിവയുടെ കൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്കായി നിരവധി സുപ്രധാന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. മത്സ്യബന്ധന മേഖലയിലും മൃഗസംരക്ഷണ മേഖലയിലും സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നത് ഗ്രാമങ്ങളിൽ കൂടുതൽ തൊഴിലവസരങ്ങളും സ്വയം തൊഴിൽ സാധ്യതകളും സൃഷ്ടിക്കും...*



**1,70,944**

രാസവളങ്ങളും ജൈവവളങ്ങളും താങ്ങാവുന്ന വിലയ്ക്ക് ലഭ്യമാക്കുന്നതിനായി 1,70,944 കോടി രൂപ സബ്സിഡിയായി അനുവദിച്ചു. ഉൽപ്പാദനച്ചെലവ് കുറയ്ക്കാനും കർഷകർക്ക് വലിയ ആശ്വാസം നൽകാനും ഇത് സഹായിക്കും.

## ഉയർന്ന മൂല്യമുള്ള കൃഷി

*ഉയർന്ന മൂല്യമുള്ള വിളകളുടെ കൃഷിക്ക് ഗവൺമെന്റ് പിന്തുണ നൽകും:*

- തീരദേശ മേഖലകളിൽ തെങ്ങ്, ചന്ദനം, കൊക്കോ, കശുവണ്ടി തുടങ്ങിയ ഉയർന്ന മൂല്യമുള്ള വിളകൾക്ക് പിന്തുണ നൽകും.
- നാളികേര ഉൽപ്പാദനത്തിൽ മത്സരക്ഷമത വർദ്ധിപ്പിക്കുന്നതിനായി നാളികേര പ്രോത്സാഹന പദ്ധതി നിർദ്ദേശിക്കുന്നു.
- വടക്കുകിഴക്കൻ മേഖലയിലെ അഗർവുഡ് മരങ്ങളും, മലയോര മേഖലകളിലെ ബദാം, വാൾനട്ട്, ആപ്രിക്കോട്ട് തുടങ്ങിയ പരിപ്പ് വർഗ്ഗഫലങ്ങളും പ്രോത്സാഹിപ്പിക്കും.
- ഇന്ത്യൻ കശുവണ്ടിയെയും കൊക്കോയെയും 2030-ഓടെ ആഗോള പ്രീമിയം ബ്രാൻഡുകളായി മാറ്റുന്നതിനായി പ്രത്യേക പദ്ധതി.

### കർഷകരുടെ വരുമാനം വർദ്ധിപ്പിക്കൽ

- കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി മത്സ്യകൃഷി, അഞ്ഞൂറോളം ജലാശയങ്ങളുടെയും അമൃത് സരോവരുകളുടെയും സംയോജിത വികസനം, മൃഗസംരക്ഷണം, ഉയർന്ന മൂല്യമുള്ള കൃഷി എന്നിവ പ്രോത്സാഹിപ്പിക്കും.



## ഭാരത്-വിസ്താർ

- കേന്ദ്ര ബജറ്റിൽ ഭാരത്-വിസ്താർ പദ്ധതി നിർദ്ദേശിക്കുന്നു. അഗ്രിസ്റ്റാക്ക് പോർട്ടലുകളെയും കാർഷിക രീതികളെക്കുറിച്ചുള്ള ഐ.സി.എ.ആർ പാക്കേജിനെയും നിർമ്മിതബുദ്ധി സംവിധാനങ്ങളുമായി സംയോജിപ്പിക്കുന്ന ബഹുഭാഷാ എ ഐ ടൂൾ ആണിത്.

### ഗ്രാമവികസന വകുപ്പിന് വർദ്ധിപ്പിച്ച ബജറ്റ് വിഹിതം

- ഗ്രാമവികസന വകുപ്പിനുള്ള ബജറ്റ് വിഹിതം ഈ വർഷം 21 ശതമാനം വർദ്ധിപ്പിച്ചു. ഗ്രാമവികസന-കാർഷിക മന്ത്രാലയത്തിന് കീഴിലുള്ള ഗ്രാമവികസന, കാർഷിക വകുപ്പുകളുടെ സംയുക്ത ബജറ്റ് ഇപ്പോൾ 4,35,779 കോടി രൂപയിലധികമാണ്.
- കൃഷി വകുപ്പിനുള്ള ബജറ്റ് ഈ വർഷം 1,32,561 കോടി രൂപയായി ഉയർത്തി. കാർഷിക വിദ്യാഭ്യാസത്തിനും ഗവേഷണത്തിനുമായി 9,967 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇത് ഗവേഷണത്തിനും നൂതനാശയങ്ങൾക്കും കരുത്തേകും.
- ദേശീയ ഫൈബർ പദ്ധതി പട്ട്, കമ്പിളി, ചണം തുടങ്ങിയ നാരുകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഈ വിളകളുമായി ബന്ധപ്പെട്ട കർഷകർക്ക് ഇത് നേരിട്ട് പ്രയോജനം ചെയ്യും.

### സഹകരണ മേഖലയ്ക്കായി നിർദ്ദേശിച്ച ഒട്ടേറെ ആനുകൂല്യങ്ങൾ

- പ്രാഥമിക സഹകരണ സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കാലിത്തീറ്റ, പരുത്തിക്കുരു എന്നിവയുടെ വിതരണത്തിന് നികുതി ഇളവ്.
- പുതിയ നികുതി സമ്പ്രദായത്തിൽ സഹകരണ സംഘങ്ങൾ തമ്മിലുള്ള ലാഭവിഹിത വരുമാനത്തിന് നികുതിയിളവ് അനുവദിച്ചു.



ഭിന്നശേഷിയുള്ളവരുടെ ശാക്തീകരണ വകുപ്പിനായി 2026-27 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് വിഹിതം 1669.72 കോടി രൂപയാണ്.

## ഭിന്നശേഷിയുള്ളവർ

# അന്തസ്സ്, അവസരം, സ്വയംപര്യാപ്തത

***സാമൂഹിക ഉത്തരവാദിത്വത്തിനുപരിയായി ജീവിതത്തിൽ മുന്നേറുന്നതിനും സമഗ്ര വികസനത്തിന്റെ മുഖ്യധാരയിലേക്ക് ഭിന്നശേഷിയുള്ളവരെ കൂടി ഉൾപ്പെടുത്തി ശാക്തീകരിക്കുന്നതിനുമുള്ള കൃത്യമായ രൂപരേഖയാണ് ഈ വർഷത്തെ ബജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. വിദ്യാഭ്യാസം, നൈപുണ്യ വികസനം, ആരോഗ്യം, സഹായ ഉപകരണങ്ങളുടെ ലഭ്യത, തൊഴിലവസരങ്ങളുടെ ലഭ്യത എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചുള്ള വ്യവസ്ഥകളിലൂടെ, ഭിന്നശേഷിയുള്ളവരെ സ്വയംപര്യാപ്തരാക്കാനും അവർക്ക് അന്തസുറ്റ ജീവിതത്തിന് തുല്യ അവസരങ്ങൾ നൽകാനും ബജറ്റ് ലക്ഷ്യമിടുന്നു.***

## ജീവിതം സുഗമമാക്കൽ

### ഭിന്നശേഷിയുള്ളവരുടെ ശാക്തീകരണം

ഭിന്നശേഷിയുള്ളവരുടെ നൈപുണ്യ വികസന പദ്ധതി: വ്യവസായവുമായി ബന്ധപ്പെട്ടതും ഇഷ്ടാനുസൃതവുമായ പരിശീലനത്തിലൂടെ ഭിന്നശേഷിയുള്ളവരുടെ ഓരോ വിഭാഗത്തിനും മാന്യമായ ഉപജീവന അവസരങ്ങൾ ഉറപ്പാക്കാൻ ഈ പദ്ധതി സഹായിക്കും. വ്യവസായ പങ്കാളിത്തത്തിലൂടെ ഇത് മാന്യമായ ഉപജീവന അവസരങ്ങൾ നൽകും. കൂടാതെ ഭിന്നശേഷി സ്ത്രീകൾക്ക് പ്രത്യേക പരിശീലന പരിപാടികളും ഇതിൽ ഉൾപ്പെടും. പദ്ധതി പ്രകാരം, ഐടി, എവിജിസി (ആനിമേഷൻ, വിഷ്വൽ ഇഫക്റ്റുകൾ, ഗെയിമിംഗ്, കോമിക്സ്), ഹോസ്പിറ്റാലിറ്റി മേഖലകളിലെ ഭിന്നശേഷിയുള്ളവർക്ക് അനുസൃതമായ പരിശീലനം നൽകും.

### സായുധ സേനകൾക്കുള്ള ഭിന്നശേഷി പെൻഷൻ

അർദ്ധസൈനിക ഉദ്യോഗസ്ഥർ ഉൾപ്പെടെ സായുധ സേനയിലെ ഉദ്യോഗസ്ഥർക്കുള്ള ഭിന്നശേഷി പെൻഷൻ, സേവന സാഹചര്യങ്ങളും വൈകല്യ സാഹചര്യങ്ങളും ആസ്പദമാക്കിയുള്ളതാണ്. കരസേന, നാവികസേന, വ്യോമസേന എന്നിവയിലെ സേവനം മൂലമോ അല്ലെങ്കിൽ അതിന്റെ ഫലമായി തീവ്രമായതോ ആയ ശാരീരിക വൈകല്യം മൂലം സേവനത്തിൽ നിന്ന് വിടുതൽ നല്കപ്പെട്ട ഉദ്യോഗസ്ഥർക്ക് പ്രത്യേക വ്യവസ്ഥകൾ ഏർപ്പെടുത്തിയിട്ടുണ്ട്.

### വയോജനങ്ങൾക്കുള്ള ആരോഗ്യ സംരക്ഷണം

സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടെ വയോജനങ്ങൾക്കായി ഒരു ആരോഗ്യ സംരക്ഷണ ആവാസവ്യവസ്ഥയും അനുബന്ധ പരിചരണ സേവന കേന്ദ്രങ്ങളും സൃഷ്ടിക്കും. അടുത്ത ഏതാനും വർഷങ്ങൾക്കുള്ളിൽ ഒന്നര ലക്ഷം പരിചരണ സേവന ദാതാക്കൾക്ക് പരിശീലനം നൽകും.

### ദിവ്യാംഗ് സഹാറ യോജന

*അർഹരായ എല്ലാ ദിവ്യാംഗജർക്കും ഉയർന്ന നിലവാരമുള്ള സഹായ ഉപകരണങ്ങൾ യഥാസമയം ലഭ്യമാക്കുക.*

- ഗവേഷണ വികസനത്തിലും എ ഐ സംയോജനത്തിലും നിക്ഷേപിക്കുന്നതിന് ആർട്ടിഫിഷ്യൽ ലിമ്പ്സ് മാനുഫാക്ചറിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (ALIMCO)ക്ക് സഹായം നൽകും.
- പിഎം ദിവ്യാശ സെന്ററുകൾ ശക്തിപ്പെടുത്തുന്നതിനും ആധുനിക റീട്ടെയിൽ ശൈലിയിലുള്ള കേന്ദ്രങ്ങളായി അസിസ്റ്റീവ് ടെക്നോളജി മാർട്ടുകൾ സ്ഥാപിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. ഇവിടെ, ഭിന്നശേഷിയുള്ളവർക്കും മുതിർന്ന പൗരന്മാർക്കും സഹായ ഉൽപ്പന്നങ്ങൾ കാണാനും പരീക്ഷിക്കാനും വാങ്ങാനും കഴിയും.
- ദിവ്യാംഗ് സഹാറ യോജന പ്രകാരം, സഹായ ഉപകരണങ്ങളുടെ നിർമാണം വർദ്ധിപ്പിക്കുന്നതിനും, ഗവേഷണ- വികസന പ്രവർത്തനത്തിൽ നിക്ഷേപിക്കുന്നതിനും, നിർമിത ബുദ്ധി ഉൾപ്പെടെയുള്ള നൂതന സാങ്കേതികവിദ്യകൾ സംയോജിപ്പിക്കുന്നതിനും ആർട്ടിഫിഷ്യൽ ലിമ്പ്സ് മാനുഫാക്ചറിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (ALIMCO)ക്ക് ഗവണ്മെന്റിന്റെ സഹായം നൽകും.

കവർ സ്റ്റോറി

കേന്ദ്ര
ബജറ്റ്
2026-27

ഭാവിയിലെ ഇന്ത്യ

# അടിസ്ഥാന സൗകര്യങ്ങളാൽ നയിക്കപ്പെടുന്ന വളർച്ച



*ഏതൊരു രാജ്യത്തിന്റെയും അല്ലെങ്കിൽ സംസ്ഥാനത്തിന്റെയും വികസനത്തിന്റെ ഏറ്റവും വലിയ അളവുകോൽ അതിന്റെ മൂലധന ബജറ്റാണെന്ന് കണക്കാക്കപ്പെടുന്നു. ഗവൺമെന്റിന്റെ മൂലധനം വർധിക്കുന്നതനുസരിച്ച് വികസനത്തിനും അടിസ്ഥാന സൗകര്യങ്ങൾക്കുമായി കൂടുതൽ പ്രവർത്തനങ്ങൾ നടക്കും. കഴിഞ്ഞ 12 വർഷത്തിനിടയിൽ, പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ, പൊതു അടിസ്ഥാന സൗകര്യങ്ങൾക്കായുള്ള മൂലധന ചെലവ് 2 ലക്ഷം കോടിരൂപയിൽ നിന്ന് 12.2 ലക്ഷം കോടിരൂപയായി വർദ്ധിപ്പിച്ചുവെന്ന് മാത്രമല്ല, ഗണ്യമായ തോതിൽ അടിസ്ഥാന സൗകര്യ വികസനവും നടപ്പിലാക്കിയിട്ടുണ്ട്...*

**അടിസ്ഥാന സൗകര്യ ബജറ്റ് വിഹിതം ആറ് മടങ്ങ് വർദ്ധിച്ചു**

| | | |
|---|---|---|
| 12.2 ലക്ഷം കോടി രൂപ | 11.2 ലക്ഷം കോടി രൂപ | 2 ലക്ഷം കോടി രൂപ |
| 2026-27 | 2025-26 | 2014-15 |

## നഗരങ്ങളെ കൂടുതൽ ബന്ധിപ്പിക്കുന്ന ഏഴ് അതിവേഗ റെയിൽ ഇടനാഴികൾ വികസിപ്പിക്കും

**കേന്ദ്ര ബജറ്റ് 2026-27**

ഇന്ത്യൻ റെയിൽവേയ്ക്ക് ഇതുവരെയുള്ളതിൽ വച്ച് ഏറ്റവും ഉയർന്ന മൂലധന ചെലവ് (മൂലധനം)

**2,93,030** കോടി രൂപ അനുവദിക്കുന്നു.

- ഹൈ-സ്പീഡ് ഗതാഗതം, ചരക്ക് നീക്കം, സുരക്ഷ എന്നിവയ്ക്കായി റെയിൽവേ അതിന്റെ ചെലവ് കേന്ദ്രീകരിക്കുന്നു.
- ചെന്നൈ, ബെംഗളൂരു, ഹൈദരാബാദ് എന്നിവ ചേർന്ന് സൗത്ത് ഹൈ-സ്പീഡ് ഡയമണ്ട് രൂപപ്പെടുത്തും. കർണാടക, തെലങ്കാന, ആന്ധ്രാപ്രദേശ്, തമിഴ്നാട്, കേരളം, എന്നീ 5 ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾക്കും പുതുച്ചേരിയ്ക്കും ഇത് ഒരു വലിയ അനുഗ്രഹമായിരിക്കും.



- ദക്ഷിണ ഹൈ-സ്പീഡ് ഇടനാഴി കർണാടക, തെലങ്കാന, ആന്ധ്രാപ്രദേശ്, തമിഴ്നാട്, കേരളം, പുതുച്ചേരി എന്നിവയ്ക്ക് ഗുണം ചെയ്യും.

ഏകദേശം 4,000 കിലോമീറ്റർ ദൈർഘ്യമുള്ള ഈ ഹൈ-സ്പീഡ് റെയിൽ ഇടനാഴി ഏകദേശം


**16** ലക്ഷം കോടി രൂപ നിക്ഷേപം ആകർഷിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

- നിർദ്ദിഷ്ട ഇടനാഴി നഗരങ്ങൾ തമ്മിലുള്ള യാത്രാ സമയം കുറയ്ക്കും. യാത്രക്കാർക്ക് തടസ്സമില്ലാത്ത, ബഹു തല ഗതാഗതം സുഗമമാക്കും.

- മുംബൈ – പൂനെ
- പൂനെ – ഹൈദരാബാദ്
- ഹൈദരാബാദ് – ബെംഗളൂരു
- ഹൈദരാബാദ് – ചെന്നൈ
- ചെന്നൈ – ബെംഗളൂരു
- ഡൽഹി – വാരണാസി
- വാരണാസി – സിലിഗുരി

എന്നിവ വികസിപ്പിക്കും.


## പരിസ്ഥിതി സൗഹൃദ ചരക്ക് നീക്കം




കിഴക്ക് ദങ്കുനിയിൽ നിന്ന് പടിഞ്ഞാറ് സൂറത്തിലേക്ക് (2052 കിലോമീറ്റർ നീളം) ഒരു പുതിയ സമർപ്പിത ചരക്ക് ഇടനാഴി നിർമ്മിക്കും.




അടുത്ത 5 വർഷത്തിനുള്ളിൽ 20 പുതിയ ദേശീയ ജലപാതകൾ (NW) ആരംഭിക്കും. ഒഡീഷയിലെ NW-5 മുതൽ താൽച്ചർ, അംഗുൽ തുടങ്ങിയ ധാതു സമ്പന്നമായ പ്രദേശങ്ങളെയും കലിംഗനഗർ പോലുള്ള വ്യാവസായിക കേന്ദ്രങ്ങളെയും പാരദീപ്, ധമ്ര തുറമുഖങ്ങളുമായി ബന്ധിപ്പിക്കുന്നതിന് ഇത് സഹായിക്കും.



ജലപാതകൾക്കായി മനുഷ്യ വിഭവശേഷി വികസിപ്പിക്കുന്നതിനായി, യുവാക്കൾക്ക് പ്രയോജനകരമാകുന്ന തരത്തിൽ, പ്രാദേശിക മികവ് കേന്ദ്രങ്ങൾ എന്ന നിലയിൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കും. ഉൾനാടൻ ജലപാതകളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി വാരണാസി- പട്നയിൽ ഒരു കപ്പൽ അറ്റകുറ്റപ്പണി കേന്ദ്രം സ്ഥാപിക്കും.



2047 ഓടെ ജലപാതകളുടെയും തീരദേശ ഗതാഗതത്തിന്റെയും വിഹിതം 6% ൽ നിന്ന് 12% ആയി ഉയർത്തും. ഇതിനായി ഒരു തീരദേശ ചരക്ക് പ്രോത്സാഹന പദ്ധതി ആരംഭിക്കും.



വിദൂര പ്രദേശങ്ങളെയും രാജ്യത്തിന്റെ എല്ലാ കോണുകളെയും ബന്ധിപ്പിക്കുന്നതിനും ടൂറിസം വർദ്ധിപ്പിക്കുന്നതിനും സീപ്ലെയിനുകളുടെ തദ്ദേശീയ നിർമ്മാണം പ്രോത്സാഹിപ്പിക്കും. പ്രവർത്തനത്തെ പിന്തുണയ്ക്കുന്നതിനായി ഒരു സീപ്ലെയിൻ VGF പദ്ധതി ആരംഭിക്കും.

**കാർബൺ പിടിച്ചെടുക്കലും സംഭരണവും** (CCUS) :
2025 ഡിസംബറിൽ ആരംഭിച്ച കർമ്മ പദ്ധതിക്ക് അനുസൃതമായി, വൈദ്യുതി, ഉരുക്ക്, സിമൻറ്, രാസവസ്തുക്കൾ എന്നിവയുൾപ്പെടെ അഞ്ച് വ്യാവസായിക മേഖലകൾക്കായി ഗണ്യമായ CCUS സാങ്കേതികവിദ്യകൾ നിർദ്ദേശിക്കപ്പെടുന്നു.

ഇതിനായി അടുത്ത 5 വർഷത്തേക്ക്

**20,000** കോടി രൂപ വകയിരുത്തുന്നു.



## ഇൻഫ്രാസ്ട്രക്ചർ റിസ്ക് ഗ്യാരണ്ടി ഫണ്ട് സ്ഥാപിക്കും

- സിപിഎസ്ഇകളുടെ പ്രധാന റിയൽ എസ്റ്റേറ്റ് ആസ്തികളുടെ പുനരുപയോഗം ത്വരിതപ്പെടുത്തുന്നതിന് പ്രത്യേക REIT-കൾ സ്ഥാപിക്കും.
- 5 ലക്ഷത്തിലധികം ജനസംഖ്യയുള്ള നഗരങ്ങളിൽ ( രണ്ടാം നിര, മൂന്നാം നിര നഗരങ്ങൾ) അടിസ്ഥാന സൗകര്യ വികസനത്തിൽ ഗവൺമെന്റ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത് തുടരുന്നു.
- അടിസ്ഥാന സൗകര്യ വികസനത്തിലും നിർമ്മാണത്തിലും സ്വകാര്യ ഡെവലപ്പർമാരുടെ ആത്മവിശ്വാസം ശക്തിപ്പെടുത്തുന്നതിനും, കൂടാതെ വായ്പ നൽകുന്നവർക്ക് ഭാഗിക വായ്പ ഉറപ്പ് നൽകുന്നതിനുമായി ഒരു ഇൻഫ്രാസ്ട്രക്ചർ റിസ്ക് ഗ്യാരണ്ടി ഫണ്ട് സ്ഥാപിക്കും.
- സിപിഎസ്ഇകളുടെ ഡിജിറ്റൽ ഓട്ടോമേറ്റഡ് സർവീസ് ബ്യൂറോകളായി 2 ഇടങ്ങളിൽ ഹൈടെക് ടൂൾ റൂമുകൾ സ്ഥാപിക്കും.
- ഉയർന്ന മൂല്യമുള്ളതും സാങ്കേതികമായി നൂതനവുമായ നിർമ്മാണ, അടിസ്ഥാന സൗകര്യ ഉപകരണങ്ങളുടെ (CIE) ആഭ്യന്തര ഉത്പാദനം ശക്തിപ്പെടുത്തുന്നതിനുള്ള ഒരു പദ്ധതി ആരംഭിക്കും.

**10,000**

കോടിരൂപയുടെ ബജറ്റ് വിഹിതത്തോടെ ആഗോളതലത്തിൽ മത്സരാധിഷ്ഠിതമായ ഒരു കണ്ടെയ്നർ നിർമ്മാണ ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നതിന് ഒരു കണ്ടെയ്നർ നിർമ്മാണ പദ്ധതിയും നിർദ്ദേശിക്കപ്പെടുന്നു.



### നഗര സാമ്പത്തിക മേഖലകൾ

ഇന്ത്യയുടെ വളർച്ചയുടെയും, നൂതനാശയങ്ങളുടെയും, അവസരങ്ങളുടെയും എഞ്ചിനുകളാണ് നഗരങ്ങൾ. ആധുനിക അടിസ്ഥാന സൗകര്യങ്ങളും അടിസ്ഥാന സംവിധാനങ്ങളും ആവശ്യമുള്ള II, III നിര നഗരങ്ങളിലും തീർത്ഥാടന നഗരങ്ങളിലും ഇനി ഞങ്ങൾ ശ്രദ്ധ കേന്ദ്രീകരിക്കും. സാമ്പത്തിക ശക്തി പ്രയോജനപ്പെടുത്തുന്നതിനും നഗരങ്ങളുടെ സാധ്യതകൾ കൂടുതൽ വർദ്ധിപ്പിക്കുന്നതിനും, ചാലഞ്ച് രീതിയിൽ പദ്ധതികൾ 5 വർഷത്തിനുള്ളിൽ നടപ്പിലാക്കുന്നതിനുമായി ഓരോ നഗര സാമ്പത്തിക മേഖലയ്ക്കും ₹5000 കോടി വീതം അനുവദിക്കാൻ നിർദ്ദേശിക്കുന്നു.



## വളർച്ച എൻജിൻ

# നൂതന സാങ്കേതിക വിദ്യകളും ഡിജിറ്റലൈസേഷനും

*ഇന്ത്യ ലോകത്തിലെ മൂന്നാമത്തെ വലിയ സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥ മാത്രമല്ല, മൊബൈൽ ഫോണുകളുടെ മുൻനിര കയറ്റുമതി രാജ്യങ്ങളിൽ ഒന്ന് കൂടിയാണ്. അക മിഷൻ, നാഷണൽ ക്വാണ്ടം മിഷൻ, അനുസന്ധൻ നാഷണൽ റിസർച്ച് ഫണ്ട്, ഗവേഷണ, വികസന, നൂതനാശയ ഫണ്ട് തുടങ്ങിയ സംരംഭങ്ങളിലൂടെ പുതിയ സാങ്കേതികവിദ്യകളെ പിന്തുണയ്ക്കുന്നതിന് ഗവണ്മെന്റ് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബജറ്റിൽ നിരവധി നടപടികൾ പ്രഖ്യാപിച്ചിട്ടുണ്ട്...*



**40,000** കോടി രൂപ | ഇലക്ട്രോണിക് ഘടകങ്ങളുടെ നിർമ്മാണ പദ്ധതിക്ക് ബജറ്റ് വിഹിതം

**15.5%** | എന്ന ഏകീകൃത സേഫ് ഹാർബർ പരിധി നടപ്പാക്കും; എല്ലാ വിവരസാങ്കേതിക സേവനങ്ങൾക്കുമായി ഒരൊറ്റ വിഭാഗം അവതരിപ്പിക്കും.

- സോഫ്റ്റ്‌വെയർ വികസനം, ഐടി-അധിഷ്ഠിത സേവനങ്ങൾ, വൈജ്ഞാനിക ഔട്ട്‌സോഴ്‌സിംഗ് സേവനങ്ങൾ, സോഫ്റ്റ്‌വെയർ വികസനവുമായി ബന്ധപ്പെട്ട ഗവേഷണ വികസന പദ്ധതി എന്നിവയിൽ ഇന്ത്യ മുൻനിരയിലാണ്. ഇപ്പോൾ, ഈ സേവനങ്ങളെല്ലാം ഇൻഫർമേഷൻ ടെക്നോളജി സേവനങ്ങൾ എന്ന ഒറ്റ വിഭാഗത്തിന് കീഴിൽ കൊണ്ടുവരും. കൂടാതെ 15.5% എന്ന ഏകീകൃത സേഫ് ഹാർബർ പരിധി നടപ്പാക്കും.
- ഐടി സേവനങ്ങൾക്കായി സേഫ് ഹാർബർ ലഭിക്കുന്നതിനുള്ള പരിധി 300 കോടിരൂപയിൽ നിന്ന് 2000 കോടിരൂപയായി ഉയർത്തുന്നു.
- ഐടി സേവനങ്ങൾക്കായി സേഫ് ഹാർബറിനുള്ള അംഗീകാരം ഇനി ഓട്ടോമേറ്റഡ് രീതിയിൽ ആയിരിക്കും. അപേക്ഷകൾ സൂക്ഷ്മമായി പരിശോധിച്ച് അംഗീകരിക്കാൻ ഒരു നികുതി ഉദ്യോഗസ്ഥന്റെ സേവനം ഇനി ആവശ്യമില്ല.
- ഒരു ഐടി സേവന കമ്പനി ഇതിനായി അപേക്ഷിച്ചുകഴിഞ്ഞാൽ, കമ്പനിയുടെ വിവേചനാധികാരത്തിൽ അതേ സേഫ് ഹാർബർ 5 വർഷത്തേക്ക് തുടരാം.
- ഒരു എപിഎയിൽ ഉൾപ്പെടാൻ ആഗ്രഹിക്കുന്ന ഐടി സേവന കമ്പനികൾക്കായി യൂണിലാറ്ററൽ അഡ്വാൻസ് പ്രൈസിംഗ് കരാർ പ്രക്രിയ വേഗത്തിലാക്കാനുള്ള നിർദ്ദേശം. ഇത് 2 വർഷത്തിനുള്ളിൽ പൂർത്തിയാക്കാൻ ശ്രമിക്കും. എന്നാൽ ഇത് പരമാവധി 2 വർഷം വരെ നീട്ടാൻ കഴിയും.

> **സെമികണ്ടക്ടർ മിഷനിൽ ഇന്ത്യ സ്റ്റാക്ക്, ബൗദ്ധിക സ്വത്തവകാശവുമായി ബന്ധപ്പെട്ട കാര്യങ്ങൾ എന്നിവ മെച്ചപ്പെടുത്തുന്നതിന് രണ്ട് പ്രധാന പ്രഖ്യാപനങ്ങൾ നടത്തിയിട്ടുണ്ട്. ഇലക്ട്രോണിക്സ് മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുള്ള ഒരു പ്രധാന പ്രോത്സാഹനമാണ്, 40,000 കോടി രൂപയുടെ ഇലക്ട്രോണിക് ഘടകങ്ങളുടെ നിർമ്മാണ പദ്ധതി.**
>
> *നിർമ്മല സീതാരാമൻ, കേന്ദ്ര ധനമന്ത്രി*




## ആഗോള ബിസിനസ്, നിക്ഷേപം എന്നിവയെ ആകർഷിക്കൽ

- ഡാറ്റാ സെന്ററുകളിലെ അടിസ്ഥാന സൗകര്യ നിക്ഷേപം വർദ്ധിപ്പിക്കുന്നതിന്, ഡാറ്റാ സെന്റർ സേവനങ്ങൾ ഉപയോഗിച്ച് ആഗോളതലത്തിൽ ക്ലൗഡ് സേവനങ്ങൾ നൽകുന്ന വിദേശ കമ്പനികൾക്ക് 2047 വരെ നികുതി അവധി നൽകും.
- ഡാറ്റാ സെന്റർ സേവനങ്ങൾ നൽകുന്ന കമ്പനി ഒരു അനുബന്ധ സംരംഭമാണെങ്കിൽ, അതിന് ചെലവിന്റെ 15% സേഫ് ഹാർബർ പരിധി നൽകും.
- ഇലക്ട്രോണിക്സ് നിർമ്മാണത്തിന് കൃത്യസമയ കാര്യക്ഷമത ഉറപ്പാക്കുന്നതിന്, മൂല്യത്തിന്റെ 2 ശതമാനം ലാഭത്തിൽ നിർമാണ ഘടക സംഭരണത്തിനായി പ്രവാസികൾക്ക് ഒരു സേഫ് ഹാർബർ നൽകും.
- ഇന്ത്യയിൽ ടോൾ നിർമ്മാണ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന്, പ്രവാസികളെ 5 വർഷത്തേക്ക് ആദായനികുതിയിൽ നിന്ന് ഒഴിവാക്കും.
- ആഗോള പ്രതിഭകളെ, ദീർഘകാലത്തേക്ക് ഇന്ത്യയിൽ ജോലി ചെയ്യാൻ പ്രോത്സാഹിപ്പിക്കുന്നതിന്, വിജ്ഞാപനം ചെയ്ത പദ്ധതികൾക്ക് കീഴിലായി ഒരു പ്രവാസി വിദഗ്ദ്ധന്റെ ആഗോള (ഇന്ത്യയ്ക്ക് പുറത്തുള്ള ഉറവിട) വരുമാനം, 5 വർഷത്തെ താമസ കാലയളവിലേക്ക് ഒഴിവാക്കും.
- അനുമാന അടിസ്ഥാനത്തിൽ നികുതി അടയ്ക്കുന്ന പ്രവാസികളെ മിനിമം ആൾട്ടർനേറ്റ് ടാക്സിൽ (MAT) നിന്ന് ഒഴിവാക്കും.

## ഇന്ത്യ സെമികണ്ടക്ടർ ദൗത്യം

- ഉപകരണങ്ങളുടെയും വസ്തുക്കളുടെയും ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നതിനും, പൂർണ്ണമായും പ്രവർത്തന സജ്ജമായ ഇന്ത്യൻ ഐപി ഡിസൈനുകൾ വികസിപ്പിക്കുന്നതിനും, വിതരണ ശൃംഖലകൾ ശക്തിപ്പെടുത്തുന്നതിനുമായി ഇന്ത്യ സെമികണ്ടക്ടർ മിഷൻ 2.0 ആരംഭിക്കും. വ്യവസായാധിഷ്ഠിത ഗവേഷണ പരിശീലന കേന്ദ്രങ്ങളിലും ശ്രദ്ധ കേന്ദ്രീകരിക്കും.
- 22,919 കോടി രൂപ വകയിരുത്തി 2025 ഏപ്രിലിൽ ആരംഭിച്ച ഇലക്ട്രോണിക്സ് ഘടകങ്ങളുടെ നിർമ്മാണ പദ്ധതിക്ക് പ്രാരംഭ ലക്ഷ്യത്തിന്റെ ഇരട്ടി നിക്ഷേപ വാഗ്ദാനം ഇതിനകം ലഭിച്ചു. ഈ ആക്കം മുതലെടുക്കാൻ, വിഹിതം 40,000 കോടിരൂപയായി ഉയർത്തും.






### ഇ-കൊമേഴ്സ് കൊറിയർ കയറ്റുമതി: മൂല്യ പരിധി നീക്കം ചെയ്തു


ആഗോള വിപണികളിലേക്കുള്ള ഇന്ത്യയുടെ പ്രവേശനം, ഇ-കൊമേഴ്സ് വഴി വികസിച്ചു. ഇന്ത്യയിലെ ചെറുകിട ബിസിനസുകൾ, കരകൗശല വിദഗ്ധർ, സ്റ്റാർട്ടപ്പുകൾ എന്നിവരുടെ അഭിലാഷങ്ങൾ നിറവേറ്റുന്നതിനായി, കൊറിയർ കയറ്റുമതിയിൽ ഒരു ചരക്ക് കെട്ടിന് 10 ലക്ഷം രൂപ എന്ന നിലവിലെ മൂല്യ പരിധി നീക്കം ചെയ്തിട്ടുണ്ട്. സാങ്കേതികവിദ്യയുടെ ഫലപ്രദമായ ഉപയോഗത്തിലൂടെ അത്തരം ചരക്ക് കെട്ടുകൾ തിരിച്ചറിയുന്നത് വഴി, നിരസിക്കപ്പെട്ടതോ തിരികെ അയച്ചതോ ആയ ചരക്കുകളുടെ തുടർന്നുള്ള കൈകാര്യം ചെയ്യൽ മെച്ചപ്പെടുത്തും.

> **ആഗ്രഹപൂർവമുള്ള ബജറ്റാണിത്. ഈ ബജറ്റ് രാജ്യത്തിന്റെ അഭിലാഷങ്ങളെ അഭിസംബോധന ചെയ്യുന്നു. ഗ്രാമങ്ങൾക്കും ദരിദ്രർക്കും കർഷകർക്കും പ്രയോജനം ചെയ്യാൻ ലക്ഷ്യമിടുന്ന ഈ ഭാവിസജ്ജവും സംവേദന ക്ഷമവുമായ ബജറ്റിന് നിർമ്മല ജിയെയും സംഘത്തെയും ഞാൻ ഒരിക്കൽ കൂടി അഭിനന്ദിക്കുന്നു.**
>
> *നരേന്ദ്ര മോദി, പ്രധാനമന്ത്രി*

കേന്ദ്ര ബജറ്റ് 2026-27

## വിനോദസഞ്ചാരത്തിന് ഉത്തേജനം

# വിനോദസഞ്ചാരം, സംസ്കാരം, പൈതൃകം എന്നിവയ്ക്ക് ഉത്തേജനം നൽകുന്നു



***ഇന്ത്യയുടെ സാംസ്കാരിക വേരുകൾ ശക്തിപ്പെടുത്തുന്നതിനൊപ്പം വിനോദസഞ്ചാര അധിഷ്ഠിത വികസനത്തിനുള്ള പുതിയ അവസരങ്ങൾ തുറക്കാനും കേന്ദ്ര ഗവൺമെന്റ് പ്രവർത്തിക്കുന്നു. ഈ വർഷത്തെ ബജറ്റിൽ ഇത് പ്രതിഫലിച്ചു. ആത്മീയ ടൂറിസം, വിനോദ ലക്ഷ്യകേന്ദ്രങ്ങളുടെ വികസനം, ഇന്ത്യയുടെ വിശാലമായ സാംസ്കാരിക ആവാസവ്യവസ്ഥയെ ശാക്തീകരിക്കൽ എന്നിവയിൽ കേന്ദ്ര ബജറ്റ് പ്രത്യേക ഊന്നൽ നൽകുന്നു. ഇന്ത്യയുടെ സംസ്കാരത്തെയും പൈതൃകത്തെയും പുതിയ ഉയരങ്ങളിലെത്തിക്കുന്നതിന് വിനോദസഞ്ചാരത്തിന് പുതിയ ആക്കം നൽകാൻ ഈ വർഷത്തെ ബജറ്റ് ഒരുങ്ങുന്നു...***

ഹിമാചൽ പ്രദേശ്, ഉത്തരാഖണ്ഡ്, ജമ്മു കശ്മീർ എന്നിവിടങ്ങളിലും പൂർവ, പശ്ചിമഘട്ട മലനിരകളിലെ അരകു താഴ്വരയിലും പാരിസ്ഥിതികമായി സുസ്ഥിരമായ പർവത പാതകൾ വികസിപ്പിക്കാനുള്ള നിർദ്ദേശം.

### നാഷണൽ ഹോസ്പിറ്റാലിറ്റി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം

- നിലവിലുള്ള നാഷണൽ കൗൺസിൽ ഫോർ ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് ടെക്നോളജിയെ നവീകരിച്ചുകൊണ്ട് ഒരു നാഷണൽ ഹോസ്പിറ്റാലിറ്റി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാനുള്ള നിർദ്ദേശം. ഇത് യുവാക്കൾക്ക് നൈപുണ്യ വികസനവും തൊഴിലവസരങ്ങളും നൽകുകയും ടൂറിസം മേഖലയെ കൂടുതൽ ശക്തിപ്പെടുത്തുകയും ചെയ്യും.
- ഐഐഎമ്മുമായി സഹകരിച്ച് ഹൈബ്രിഡ് രീതിയിൽ, ഉന്നത നിലവാരമുള്ളതും ഏകീകൃതവുമായ 12 ആഴ്ച പരിശീലന കോഴ്സ് വഴി 20 വിനോദസഞ്ചാര കേന്ദ്രങ്ങളിലെ 10,000 ഗൈഡുകളുടെ വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കുന്നതിനുള്ള ഒരു പൈലറ്റ് പദ്ധതി ആരംഭിക്കും.
- സാംസ്കാരിക, ആത്മീയ, പൈതൃക പ്രാധാന്യമുള്ള എല്ലാ സ്ഥലങ്ങളുടെയും ഡിജിറ്റൽ രേഖകൾ സൃഷ്ടിക്കുന്നതിനായി ദേശീയതലത്തിൽ ഡെസ്റ്റിനേഷൻ ഡിജിറ്റൽ വൈജ്ഞാനിക ശൃംഖല സ്ഥാപിക്കും.
- ഈ സംരംഭത്തിലൂടെ പ്രാദേശിക ഗവേഷകർ, ചരിത്രകാരന്മാർ, ഉള്ളടക്ക സ്രഷ്ടാക്കൾ, സാങ്കേതിക പങ്കാളികൾ എന്നിവർക്ക് തൊഴിലവസരങ്ങൾ നൽകുന്ന ഒരു പുതിയ ആവാസവ്യവസ്ഥ സൃഷ്ടിക്കും.

### 15 പുരാവസ്തു കേന്ദ്രങ്ങൾ വികസിപ്പിക്കാനുള്ള തീരുമാനം

- ലോത്തൽ, ധോലവീര, രാഖിഗർഹി, ആദിച്ചനല്ലൂർ, സാരനാഥ്, ഹസ്തിനപൂർ, ലേ തുടങ്ങിയ 15 പുരാവസ്തു കേന്ദ്രങ്ങളെ ഊർജ്ജസ്വലവും അനുഭവപരവുമായ സാംസ്കാരിക കേന്ദ്രങ്ങളാക്കി വികസിപ്പിക്കാനുള്ള നിർദ്ദേശം. ഈ നിർദ്ദേശം ഇന്ത്യയുടെ പുരാതന സംസ്കാരത്തെ ആഗോളതലത്തിൽ പ്രദർശിപ്പിക്കും.

### 5 വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലായി 5 വിനോദസഞ്ചാര കേന്ദ്രങ്ങളുടെ നിർമ്മാണം

- ദുർഗാപൂരിൽ മെച്ചപ്പെട്ട കണക്റ്റിവിറ്റി നോഡുകളുള്ള ഒരു സംയോജിത പൂർവ്വ തീര വ്യവസായ ഇടനാഴി വികസിപ്പിക്കുന്നതിനുള്ള നിർദ്ദേശം. 5 വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലായി 5 വിനോദസഞ്ചാര കേന്ദ്രങ്ങളുടെ നിർമ്മാണം, 4000 ഇ-ബസുകൾ ലഭ്യമാക്കൽ എന്നിവ ഉൾപ്പെടുന്നു.
- അരുണാചൽ പ്രദേശ്, സിക്കിം, അസം, മണിപ്പൂർ, മിസോറം, ത്രിപുര എന്നിവിടങ്ങളിലെ ബുദ്ധിസ്റ്റ് സർക്യൂട്ടിന്റെ വികസനത്തിനായുള്ള പുതിയ പദ്ധതി.
- ക്ഷേത്രങ്ങളുടെയും ആശ്രമങ്ങളുടെയും സംരക്ഷണം, തീർത്ഥാടന വ്യാഖ്യാന കേന്ദ്രങ്ങൾ സ്ഥാപിക്കൽ, കണക്റ്റിവിറ്റി, തീർത്ഥാടക സൗകര്യങ്ങൾ എന്നിവയിൽ ഈ പദ്ധതി സഹായിക്കും.

### ടൂറിസം അധിഷ്ഠിത വികസനത്തിനുള്ള പുതിയ അവസരങ്ങൾ

- ഒഡീഷ, കർണാടക, കേരളം എന്നിവിടങ്ങളിൽ ആമ പ്രജനന കേന്ദ്രങ്ങളും ആമ പാതകളും വികസിപ്പിക്കും.
- ടൂറിസവും ജൈവവൈവിധ്യവും പ്രോത്സാഹിപ്പിക്കുന്നതിനായി ആന്ധ്രാപ്രദേശിലും തമിഴ്നാട്ടിലുമായി പുലിക്കാട്ട് തടാകതീരത്ത് പക്ഷിനിരീക്ഷണ പാതകൾ വികസിപ്പിക്കും.

പത്മ പുരസ്കാരങ്ങൾ 2026






# നിസ്വാർത്ഥ കർമ്മ യോഗികളെ ആദരിക്കുന്ന ഒരു നവ പാരമ്പര്യം

*രാജ്യത്തെ പരമോന്നത സിവിലിയൻ ബഹുമതികളിലൊന്നായ പത്മ പുരസ്കാരങ്ങൾ ഇപ്പോൾ പ്രശസ്ത വ്യക്തികൾക്ക് മാത്രമല്ല, സ്വന്തം രീതിയിൽ സമൂഹത്തിനും രാഷ്ട്രത്തിനും ക്രിയാത്മകമായി സംഭാവന നൽകുകയും മാനവരാശിയെ സേവിക്കുകയും ചെയ്യുന്ന അപ്രശസ്തരായ വ്യക്തിത്വങ്ങൾക്കും നൽകപ്പെടുന്നു. കാരണം, നിലവിലെ ഗവൺമെന്റ് ഈ പുരസ്കാരങ്ങളുടെ തിരഞ്ഞെടുപ്പ് പ്രക്രിയയെ പൂർണ്ണമായും നവീകരിച്ചു... ഇപ്പോൾ, പാരമ്പര്യം, സംസ്കാരം, വിദ്യാഭ്യാസം, സാഹിത്യം, ആരോഗ്യം എന്നീ മേഖലകളിൽ ആരുടേയും ശ്രദ്ധയിൽപ്പെടാതെ നിസ്വാർത്ഥ സേവനം നൽകുന്ന അപ്രശസ്തരായ വ്യക്തികൾ, രാഷ്ട്രപതി ഭവനിൽ 'ജനങ്ങളുടെ പത്മ'യുടെ പ്രൗഢി വർദ്ധിപ്പിക്കുന്നു... 2026 ൽ, പൊതുജീവിതത്തെ സമ്പന്നമാക്കിയ 131 പ്രമുഖ വ്യക്തികളെ ആദരിക്കും...*



## അഞ്ച് വിശിഷ്ട വ്യക്തികൾക്ക് പത്മവിഭൂഷൺ



**ധർമ്മേന്ദ്ര സിംഗ് ഡിയോൾ**
*(മരണാനന്തരം) (കല)*
*മഹാരാഷ്ട്ര*



**കെ.ടി. തോമസ്**
*(പൊതുകാര്യം)*
*കേരളം*



**എൻ. രാജം**
*(കല)*
*ഉത്തർപ്രദേശ്*



**പി നാരായണൻ**
*(സാഹിത്യവും വിദ്യാഭ്യാസവും ) കേരളം*



**വിഎസ് അച്യുതാനന്ദൻ**
*(മരണാനന്തരം)*
*(പൊതുകാര്യം)*
*കേരളം*

രാജ്യത്തെ പരമോന്നത സിവിലിയൻ ബഹുമതികളിലൊന്നായ 2026 ലെ പത്മ പുരസ്കാരങ്ങൾ റിപ്പബ്ലിക് ദിനത്തിന്റെ പൂർവ ദിനത്തിൽ പ്രഖ്യാപിച്ചു. രണ്ട് സംയുക്ത പുരസ്കാരം ഉൾപ്പെടെ 131 പ്രമുഖ വ്യക്തികളെ പുരസ്കാരം നൽകി ആദരിച്ചു. രാഷ്ട്രപതി ദ്രൗപദി മുർമു അംഗീകരിച്ച പത്മ പുരസ്കാരങ്ങളിൽ 5 പത്മവിഭൂഷൺ, 13 പത്മഭൂഷൺ, 113 പത്മശ്രീ എന്നിവ ഉൾപ്പെടുന്നു. പുരസ്കാര ജേതാക്കളിൽ 19 സ്ത്രീകൾ, വിദേശ/എൻആർഐ/പിഐഒ/ഒസിഐ വിഭാഗത്തിൽ നിന്നുള്ള 6 വ്യക്തികൾ, 16 മരണാനന്തര ബഹുമതി എന്നിവ ഉൾപ്പെടുന്നു. ഈ വർഷത്തെ പട്ടികയിൽ 19 സ്ത്രീകളെ ഉൾപ്പെടുത്തിയതോടെ, കഴിഞ്ഞ ആറ് വർഷത്തിനിടെ പത്മ പുരസ്കാരം ലഭിച്ച സ്ത്രീകളുടെ ആകെ എണ്ണം 154 ആയി.

## പത്മ പുരസ്കാരങ്ങളുടെ പ്രാധാന്യം

- 1954 ൽ ഇന്ത്യാ ഗവൺമെന്റ് രണ്ട് സിവിലിയൻ പുരസ്കാരങ്ങൾ ആരംഭിച്ചു - ഭാരതരത്ന, പത്മവിഭൂഷൺ. പത്മവിഭൂഷൺ പുരസ്കാരത്തിന് മൂന്ന് വിഭാഗങ്ങളുണ്ടായിരുന്നു: ഫസ്റ്റ് ക്ലാസ്, സെക്കൻഡ് ക്ലാസ്, തേർഡ് ക്ലാസ്. 1955 ജനുവരി 8 ന്, രാഷ്ട്രപതി പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ അവയെ പത്മവിഭൂഷൺ, പത്മഭൂഷൺ, പത്മശ്രീ എന്നിങ്ങനെ പുനർനാമകരണം ചെയ്തു.
- ഈ പുരസ്കാരങ്ങൾ അന്തസ്സിന്റെയും ദേശീയ ബഹുമതിയുടെയും പ്രതീകമാണ്. ഇതിൽ ക്യാഷ് അവാർഡ് നൽകുന്നില്ല.
- പുരസ്കാര ജേതാക്കൾക്ക് രാഷ്ട്രപതി ഒപ്പിട്ട സർട്ടിഫിക്കറ്റും ഒരു മെഡലും ലഭിക്കും. മെഡലിന്റെ ഒരു ചെറിയ പകർപ്പും നൽകുന്നു. അത് ഏത് ചടങ്ങിലും ജേതാക്കൾക്ക് ധരിക്കാം.
- ഈ പുരസ്കാരം ഒരു പദവിയ്ക്ക് തുല്യമല്ല. പുരസ്കാര ജേതാക്കളുടെ പേരുകൾക്ക് പ്രത്യയമായോ ഉപസർഗ്ഗമായോ ഇത് ഉപയോഗിക്കാൻ കഴിയില്ല.

സാധാരണയായി എല്ലാ വർഷവും മാർച്ച് അല്ലെങ്കിൽ ഏപ്രിൽ മാസങ്ങളിൽ രാഷ്ട്രപതി ഭവനിൽ നടക്കുന്ന ചടങ്ങിൽ രാഷ്ട്രപതിയാണ് ഈ പുരസ്കാരങ്ങൾ സമ്മാനിക്കുന്നത്.

രാജ്യത്തിന് നൽകിയ മികച്ച സംഭാവനകൾക്കും സമർപ്പിത സേവനത്തിനും ആദരിക്കപ്പെടുന്ന ഈ പ്രമുഖരിൽ 16 പേർക്ക് മരണാനന്തര ബഹുമതിയായാണ് നൽകുന്നത്. നടൻ ധർമ്മേന്ദ്ര സിംഗ് ഡിയോൾ, കേരള മുൻ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ എന്നിവർക്ക് മരണാനന്തര ബഹുമതിയായി പത്മവിഭൂഷൺ നൽകും. ഉത്തരാഖണ്ഡ് മുൻ മുഖ്യമന്ത്രി ഭഗത് സിംഗ് കോഷ്യാരി, കല്ലിപ്പട്ടി രാമസാമി പളനിസാമി, ഗായിക അൽക യാഗ്നിക്, മലയാളി നടൻ മമ്മൂട്ടി എന്നിവർക്കും, കൂടാതെ പരസ്യ ഗുരു പിയൂഷ് പാണ്ഡെ, രാഷ്ട്രീയ നേതാവ് ഷിബു സോറൻ, വിജയ് കുമാർ മൽഹോത്ര എന്നിവർക്ക് മരണാനന്തര ബഹുമതിയായും പത്മഭൂഷൺ നൽകും. പത്മശ്രീ പുരസ്കാരം 113 പേർ നേടി. ക്രിക്കറ്റ് താരങ്ങളായ രോഹിത് ശർമ്മ, പ്രവീൺ കുമാർ, വനിതാ ക്രിക്കറ്റ് ടീം ക്യാപ്റ്റൻ ഹർമൻപ്രീത് കൗർ, ബൽദേവ് സിംഗ്, കെ. പഴനിവേൽ, സവിത പുനിയ എന്നിവരുൾപ്പെടെ കായിക മേഖലയിൽ നിന്നുള്ള നിരവധി പേർ പത്മശ്രീ പുരസ്കാരത്തിന് അർഹരായി.

ഗുജറാത്ത്, പശ്ചിമ ബംഗാൾ, ഉത്തർപ്രദേശ്, കേരളം, കർണാടക, തമിഴ്നാട്, മഹാരാഷ്ട്ര, അസം എന്നിവിടങ്ങളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട പത്മ പുരസ്കാര ജേതാക്കളുടെ സംഭാവനകളെ കേന്ദ്ര ആഭ്യന്തര, സഹകരണ മന്ത്രി അമിത് ഷാ പ്രകീർത്തിച്ചു. ഇത് നിസ്വാർത്ഥമായി സമൂഹത്തെ സേവിക്കാൻ കൂടുതൽ പേരെ പ്രചോദിപ്പിക്കുമെന്ന് അദ്ദേഹം പ്രസ്താവിച്ചു.



## 13 പത്മഭൂഷൺ ജേതാക്കൾ



**അൽക്ക യാഗ്നിക്**
*(കല)*
*മഹാരാഷ്ട്ര*



**ഭഗത് സിംഗ് കോഷിയാരി**
*(പൊതുകാര്യം)*
*ഉത്തരാഖണ്ഡ്*



**കല്ലിപ്പട്ടി രാമസാമി പളനിസ്വാമി**
*(വൈദ്യശാസ്ത്രം)*
*തമിഴ്നാട്*



**മമ്മൂട്ടി**
*(കല)*
*കേരളം*



**ഡോ നോറി ദത്താത്രേയുഡു**
*(വൈദ്യശാസ്ത്രം)*
*യുഎസ്എ*



**പിയൂഷ് പാണ്ഡെ**
*(മരണാനന്തരം)*
*(കല)*
*മഹാരാഷ്ട്ര*

## 13 പത്മഭൂഷൺ ജേതാക്കൾ



**എസ് കെ എം മൈലാനന്ദൻ**
*(സാമൂഹ്യ പ്രവർത്തനം)*
*തമിഴ്നാട്*



**ശതാവധാനി ആർ ഗണേഷ്**
*(കല)*
*കർണാടക*



**ഷിബു സോറൻ**
*(മരണാനന്തരം)*
*(പൊതുകാര്യം)*
*ഝാർഖണ്ഡ്*



**ഉദയ് കൊട്ടക്**
*(വ്യാപാരവും വ്യവസായവും)*
*മഹാരാഷ്ട്ര*



**വി കെ മൽഹോത്ര**
*(മരണാനന്തരം)*
*(പൊതുകാര്യം)*
*ഡൽഹി*



**വെള്ളാപ്പള്ളി നടേശൻ**
*(പൊതുകാര്യം)*
*കേരളം*



**വിജയ് അമൃത് രാജ്**
*(കായികം)*
*യു എസ് എ*

പത്മശ്രീ
**113**


## ഓരോ മേഖലയിലും ലഭിച്ച പത്മ പുരസ്കാരങ്ങളുടെ എണ്ണം

| | |
|---|---|
| കല | 44 (2 പത്മവിഭൂഷൺ, 4 പത്മഭൂഷൺ, 38 പത്മശ്രീ) |
| സാഹിത്യം | 18 (1 പത്മവിഭൂഷൺ, 17 പത്മശ്രീ) |
| വൈദ്യശാസ്ത്രം | 15 (2 പത്മഭൂഷൺ, 13 പത്മശ്രീ) |
| പൊതുകാര്യം | 7 (2 പത്മവിഭൂഷൺ, 4 പത്മഭൂഷൺ, 1 പത്മശ്രീ, പദ്മശ്രീ) |
| സാമൂഹ്യ സേവനം | 13 (1 പത്മവിഭൂഷൺ, 12 പത്മശ്രീ ) |
| കായികം | 9 (1 പത്മവിഭൂഷൺ, 8 പത്മശ്രീ ) |
| വ്യാപാരവും വ്യവസായവും | 4 (1 പത്മഭൂഷൺ, 3 പദ്മശ്രീ) |
| സിവിൽ സർവീസ് | 2 പത്മശ്രീ |
| ശാസ്ത്രവും എഞ്ചിനീയറിംഗും | 11 പത്മശ്രീ |
| മറ്റുള്ളവർ | 8 പത്മശ്രീ |
| ആകെ | 131 |

> **രാഷ്ട്രത്തിന് നൽകിയ മികച്ച സംഭാവനകൾക്ക് എല്ലാ പത്മ പുരസ്കാര ജേതാക്കൾക്കും അഭിനന്ദനങ്ങൾ. വിവിധ മേഖലകളിലെ അവരുടെ മികവ്, സമർപ്പണം, സേവനം എന്നിവ നമ്മുടെ സാമൂഹ്യ ഘടനയെ സമ്പന്നമാക്കുന്നു. പ്രതിജ്ഞാബദ്ധതയുടെയും മികവിന്റെയും ചൈതന്യത്തെ ഈ ബഹുമതി പ്രതിഫലിപ്പിക്കുന്നു. ഇത് ഭാവി തലമുറകളെ പ്രചോദിപ്പിക്കും**
>
> ***നരേന്ദ്ര മോദി, പ്രധാനമന്ത്രി***

സാമൂഹിക സേവനം, വിദ്യാഭ്യാസം, സാഹിത്യം, കല എന്നീ മേഖലകളിൽ പത്മശ്രീ പുരസ്കാരം നേടിയവർ അവരുടെ നിരന്തര സംഭാവനകളിലൂടെ പലരുടെയും ജീവിതത്തിൽ ശുഭകരമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ഇന്ത്യയുടെ സാംസ്കാരികവും ബൗദ്ധികവുമായ ഭൂമികയെ രൂപപ്പെടുത്തുന്നതിൽ അവർക്കുള്ള നിതാന്ത പങ്കിനെ ഈ ബഹുമതി പ്രതിഫലിപ്പിക്കുന്നു. ഇത് ജനങ്ങളുടെ പത്മ പുരസ്കാരം എന്നതിന്റെ അന്തസത്തയെ യഥാർത്ഥത്തിൽ ഉൾക്കൊള്ളുന്നു. സാമൂഹിക ഉത്തരവാദിത്വങ്ങളുടെ ശ്രദ്ധാപൂർവമുള്ള പൂർത്തീകരണത്തിലൂടെ രാഷ്ട്രനിർമ്മാണത്തിന് ഫലപ്രദമായ സംഭാവനകൾ സാധ്യമാണെന്ന് പത്മ പുരസ്കാര ജേതാക്കൾ തെളിയിച്ചിട്ടുണ്ട്. ഇത് കൂടുതൽ പേരെ നിസ്സംശയമായും നിസ്വാർത്ഥമായും സമൂഹത്തെ സേവിക്കാൻ പ്രചോദിപ്പിക്കും.

# വികസനത്തിനും തൊഴിൽ സൃഷ്ടിക്കും കേരളത്തിൽ നിന്നുള്ള പ്രചോദനം



***കേന്ദ്ര ഗവണ്മെന്റിന്റെ ശ്രമങ്ങൾ കേരളത്തിന്റെ വികസനത്തിന് പുതിയ ഗതിവേഗവും തുടർച്ചയും നൽകുന്നു. ജനുവരി 23 ന് പ്രധാനമന്ത്രി നരേന്ദ്ര മോദി നിരവധി പുതിയ വികസന പദ്ധതികൾക്ക് തുടക്കം കുറിച്ചു. ഇവിടെ നിന്ന്, പ്രധാനമന്ത്രി സ്വാനിധി ക്രെഡിറ്റ് കാർഡ് അവതരിപ്പിച്ചുകൊണ്ട് ദാരിദ്ര്യ നിർമാർജനം ലക്ഷ്യമിട്ടുള്ള പ്രധാന സംരംഭങ്ങൾക്ക് രാജ്യവ്യാപകമായി തുടക്കം കുറിച്ചു. റെയിൽ കണക്റ്റിവിറ്റി ശക്തിപ്പെടുത്തുന്നതിനും തിരുവനന്തപുരത്തെ രാജ്യത്തിന്റെ ഒരു പ്രധാന സ്റ്റാർട്ടപ്പ് ഹബ്ബാക്കി മാറ്റുന്നതിനുള്ള സംരംഭങ്ങൾക്കും ഉത്തേജനം ലഭിച്ചു.***

ഒരുകാലത്ത് സമ്പന്നരുടെ വിശേഷാവകാശമായിരുന്നു ക്രെഡിറ്റ് കാർഡുകൾ. എന്നാൽ ഇപ്പോൾ രാജ്യത്തുടനീളമുള്ള ദശലക്ഷക്കണക്കിന് തെരുവ് കച്ചവടക്കാർക്കും അവ ലഭ്യമാകും. ജനുവരിയിൽ കേരളത്തിലെ തിരുവനന്തപുരത്ത് നിന്നാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി ഈ സംരംഭം ആരംഭിച്ചത്. കഴിഞ്ഞ 11 വർഷത്തിനിടയിൽ, കോടിക്കണക്കിന് പൗരന്മാരെ ബാങ്കിംഗ് സംവിധാനവുമായി ബന്ധിപ്പിക്കുന്നതിന് വിപുലമായ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. മുൻകാലങ്ങളിൽ, റോഡരികുകളിലും തെരുവുകളിലും സാധനങ്ങൾ വിൽക്കുന്ന തെരുവ് കച്ചവടക്കാരുടെ അവസ്ഥ വളരെ മോശമായിരുന്നു. സാധനങ്ങൾ വാങ്ങാൻ വളരെ കുറഞ്ഞ തുകയ്ക്ക് പോലും അവർക്ക് അമിത പലിശ നിരക്കിൽ കടം വാങ്ങേണ്ടി വന്നു. ആദ്യമായി, കേന്ദ്ര ഗവണ്മെന്റ് അവർക്കായി പ്രധാനമന്ത്രി സ്വാനിധി പദ്ധതി സൃഷ്ടിച്ചു. ഈ പദ്ധതിക്ക് ശേഷം, രാജ്യത്തുടനീളമുള്ള ദശലക്ഷക്കണക്കിന് പേർക്ക് ബാങ്കുകളിൽ നിന്ന് വലിയ സഹായം ലഭിച്ചു. ജീവിതത്തിൽ ആദ്യമായി ദശലക്ഷക്കണക്കിന് തെരുവ് കച്ചവടക്കാർക്ക് ബാങ്ക് വായ്പ ലഭിച്ചു. ഇപ്പോൾ, ഈ വ്യക്തികൾക്ക് ക്രെഡിറ്റ് കാർഡുകൾ നൽകിക്കൊണ്ട് കേന്ദ്ര ഗവൺമെന്റ് മറ്റൊരു ചുവടുവയ്പ്പ് നടത്തുകയാണ്. ഇത് തെരുവ് കച്ചവടക്കാർക്കും രാജ്യത്തുടനീളമുള്ള തെരുവോരങ്ങളിൽ ജോലി ചെയ്യുന്നവർക്കും ഗുണം ചെയ്യും.

### തുല്യ നഗരവികസനം ഉറപ്പാക്കൽ

ഇന്ന്, ഇന്ത്യയെ ഒരു വികസിത രാഷ്ട്രമാക്കാനുള്ള ശ്രമങ്ങളിൽ രാജ്യമാകെ ഒറ്റക്കെട്ടാണ്. വികസിത ഇന്ത്യയെ കെട്ടിപ്പടുക്കുന്നതിൽ നഗരങ്ങൾ നിർണായക പങ്ക് വഹിക്കുന്നു. കഴിഞ്ഞ 11 വർഷമായി, നഗര അടിസ്ഥാന സൗകര്യങ്ങളിൽ കേന്ദ്ര ഗവണ്മെന്റ് ഗണ്യമായി നിക്ഷേപം നടത്തുന്നു. നഗരങ്ങളിലെ ദരിദ്ര കുടുംബങ്ങളുടെ പ്രയോജനത്തിനായി കേന്ദ്ര ഗവൺമെന്റും പ്രവർത്തിക്കുന്നു. പ്രധാനമന്ത്രി ആവാസ് യോജന പ്രകാരം, രാജ്യത്തുടനീളമുള്ള ദരിദ്രർക്ക് 4 കോടിയിലധികം വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്. ഇതിൽ ഒരു കോടിയിലധികം വീടുകൾ നഗരങ്ങളിലെ ദരിദ്രർക്കായി നിർമ്മിച്ചു. കേരളത്തിൽ മാത്രം,നഗരങ്ങളിലെ ഏകദേശം 1.25 ലക്ഷം ദരിദ്ര കുടുംബങ്ങൾക്ക് സ്വന്തമായി വീടുകൾ ലഭിച്ചു.

ദരിദ്ര കുടുംബങ്ങളെ അവരുടെ വൈദ്യുതി ബില്ലുകൾ ലാഭിക്കാൻ സഹായിക്കുന്നതിനായി, പ്രധാനമന്ത്രി സൂര്യഘർ മുഫ്ത് ബിജ്‌ലി യോജന ആരംഭിച്ചു. ആയുഷ്മാൻ ഭാരതിന് കീഴിൽ ദരിദ്രർക്ക് 5 ലക്ഷം രൂപ വരെ സൗജന്യ ചികിത്സ ലഭിക്കുന്നു. മാതൃ വന്ദന യോജന പോലുള്ള പദ്ധതികൾ സ്ത്രീകളുടെ ആരോഗ്യ സുരക്ഷ ഉറപ്പാക്കാൻ പ്രവർത്തിക്കുന്നു

# തിരുവനന്തപുരത്ത് ശിലാസ്ഥാപനവും വിവിധ പദ്ധതികളുടെ ഉദ്ഘാടനവും

*റെയിൽ കണക്റ്റിവിറ്റി, നഗര ഉപജീവനമാർഗ്ഗങ്ങൾ, ശാസ്ത്ര-നൂതനാശയങ്ങൾ, പൗര കേന്ദ്രീകൃത സേവനങ്ങൾ, നൂതന ആരോഗ്യ സംരക്ഷണം തുടങ്ങിയ പ്രധാന മേഖലകൾ ഇതിൽ ഉൾപ്പെടുന്നു.*

- പിഎം സ്വാനിധി ക്രെഡിറ്റ് കാർഡ് ആരംഭിച്ചു. യുപിഐ-ബന്ധിതമായ, പലിശ രഹിത റിവോൾവിംഗ് ക്രെഡിറ്റ് സൗകര്യം വഴി തൽക്ഷണം പണം നൽകുകയും ഡിജിറ്റൽ ഇടപാടുകൾ പ്രോത്സാഹിപ്പിക്കുകയും ഗുണഭോക്താക്കൾക്ക് ഔപചാരിക വായ്പ സംവിധാനം സൃഷ്ടിക്കാൻ സഹായിക്കുകയും ചെയ്യും.
- പിഎം സ്വാനിധി വായ്പകൾ ഒരു ലക്ഷം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു. പിഎം സ്വാനിധി പദ്ധതി ഗുണഭോക്താക്കളുടെ വലിയൊരു വിഭാഗത്തിന് ആദ്യമായി ഔപചാരിക വായ്പ ലഭ്യമാക്കി.
- കേരളത്തിൽ റെയിൽ കണക്റ്റിവിറ്റി മെച്ചപ്പെടുത്തുന്നതിനായി മൂന്ന് അമൃത് ഭാരത് എക്സ്പ്രസ് ട്രെയിനുകളും ഒരു പാസഞ്ചർ ട്രെയിനും ഫ്ലാഗ് ഓഫ് ചെയ്തു.
- നാഗർകോവിൽ-മംഗളൂരു അമൃത് ഭാരത് എക്സ്പ്രസ്, തിരുവനന്തപുരം-താംബരം അമൃത് ഭാരത് എക്സ്പ്രസ്, തിരുവനന്തപുരം-ചാർലപ്പള്ളി അമൃത് ഭാരത് എക്സ്പ്രസ്, തൃശ്ശൂരിനും ഗുരുവായൂരിനും ഇടയിലുള്ള ഒരു പുതിയ പാസഞ്ചർ ട്രെയിൻ എന്നിവ ഇതിൽ ഉൾപ്പെടുന്നു.
- ഈ സർവീസുകൾ ആരംഭിക്കുന്നത് കേരളം, തമിഴ്നാട്, കർണാടക, തെലങ്കാന, ആന്ധ്രാപ്രദേശ് എന്നിവയ്ക്കിടയിലുള്ള ദീർഘദൂര, പ്രാദേശിക ഗതാഗത സൗകര്യം ഗണ്യമായി മെച്ചപ്പെടുത്തും. ഇത് യാത്രക്കാർക്ക് താങ്ങാനാവുന്ന ചെലവിൽ സുരക്ഷിതവും സമയബന്ധിതവുമായ യാത്ര ഉറപ്പാക്കുന്നു.
- തിരുവനന്തപുരത്ത് CSIR-NIIST നൂതനാശയ, സാങ്കേതികവിദ്യ -സംരംഭ ഹബ്ബിന് തറക്കല്ലിട്ടു.
- തിരുവനന്തപുരത്ത് ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയിൽ അത്യാധുനിക റേഡിയോ സർജറി കേന്ദ്രത്തിനു തറക്കല്ലിട്ടു.
- തിരുവനന്തപുരത്ത് പൂജപ്പുരയിൽ പുതിയ പോസ്റ്റ് ഓഫീസും ഉദ്ഘാടനം ചെയ്തു.



*Scan the QR code to watch the Prime Minister's full programme.*

> “ കഴിഞ്ഞ 11 വർഷത്തിനിടയിൽ, കോടിക്കണക്കിന് ജനങ്ങളെ ബാങ്കിംഗ് സംവിധാനവുമായി ബന്ധിപ്പിക്കുന്നതിന് വളരെയധികം പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. ഇപ്പോൾ, ദരിദ്രർ, പട്ടികജാതി/പട്ടികവർഗ/ഒബിസി, സ്ത്രീകൾ, മത്സ്യത്തൊഴിലാളികൾ എന്നിവർക്കെല്ലാം ബാങ്ക് വായ്പകൾ എളുപ്പത്തിൽ ലഭ്യമാകുന്നു. ഈട് നൽകാൻ ഇല്ലാത്തവർക്ക്, ഗവണ്മെന്റ് തന്നെ അവരുടെ ഗ്യാരണ്ടിയായി മാറുകയാണ്. - *നരേന്ദ്ര മോദി, പ്രധാനമന്ത്രി*

12 ലക്ഷം രൂപ വരെയുള്ള വരുമാനത്തിന് കേന്ദ്ര ഗവണ്മെന്റ് നികുതി ഒഴിവാക്കി. ഇത് കേരളത്തിലെ ജനങ്ങൾക്ക്, പ്രത്യേകിച്ച് മധ്യവർഗത്തിന് വളരെയധികം ഗുണം ചെയ്തു.

**കേരളത്തിന്റെ വികസനത്തിന് പുതിയ ആക്കം**

സമ്പർക്ക സംവിധാനങ്ങൾ , ശാസ്ത്രം, നൂതനാശയം, ആരോഗ്യ സംരക്ഷണം എന്നിവയിലും കേന്ദ്ര ഗവണ്മെന്റ് വൻതോതിൽ നിക്ഷേപം നടത്തുന്നു. കേരളത്തിൽ സിഎസ്ഐആർ ഇന്നൊവേഷൻ ഹബ്ബിന്റെ ഉദ്ഘാടനവും മെഡിക്കൽ കോളേജിൽ റേഡിയോസർജറി സെന്റർ ആരംഭിക്കുന്നതും കേരളത്തെ ശാസ്ത്രം, നൂതനാശയം, ആരോഗ്യ സംരക്ഷണം എന്നിവയുടെ കേന്ദ്രമാക്കി മാറ്റാൻ സഹായിക്കും. അതുപോലെ, കേരളത്തിന്റെ റെയിൽ ഗതാഗത സംവിധാനം കൂടുതൽ ശക്തിപ്പെടുത്തി. മൂന്ന് അമൃത് ഭാരത് എക്സ്പ്രസ് ട്രെയിനുകൾ ഫ്ലാഗ് ഓഫ് ചെയ്തു. ഇത് വിനോദ സഞ്ചാര മേഖലയ്ക്ക് ഗുണം ചെയ്യും. ഗുരുവായൂരിനും തൃശ്ശൂരിനും ഇടയിലുള്ള പുതിയ പാസഞ്ചർ ട്രെയിൻ തീർത്ഥാടകർക്ക് യാത്ര എളുപ്പമാക്കും. ഈ പദ്ധതികളെല്ലാം കേരളത്തിന്റെ വികസനത്തിന് പുതിയ ആക്കം നൽകും.

തീർച്ചയായും, വികസിത ഇന്ത്യ എന്ന സ്വപ്നം സാക്ഷാത്കരിക്കപ്പെടുക ഒരു വികസിത കേരളത്തിലൂടെ മാത്രമാണ്. ഈ ശ്രമത്തിൽ, കേന്ദ്ര ഗവണ്മെന്റ് കേരളത്തിലെ ജനങ്ങളോടൊപ്പം ഉറച്ചുനിൽക്കുന്നു. ●

സന്യാസ പാരമ്പര്യവുമായും പൈതൃകവുമായും ഭാവി തലമുറകളെ ബന്ധിപ്പിക്കുന്നു

# ആദംപൂർ വിമാനത്താവളം ഇനി 'ശ്രീ ഗുരു രവിദാസ് മഹാരാജ് ജി വിമാനത്താവളം'




***വികസനത്തോടൊപ്പം പൈതൃകം സംരക്ഷിക്കാനും ഭാവി തലമുറകളെ അതുമായി ബന്ധിപ്പിക്കാനുമാണ് രാജ്യം പരിശ്രമിക്കുന്നത്. ഇതിന്റെ ഭാഗമായി നീതിയിലും സഹാനുഭൂതിയിലുമധിഷ്ഠിതമായ ഇന്ത്യയുടെ ഭാവി സംബന്ധിച്ച് കാഴ്ചപ്പാട് പങ്കുവെച്ച സന്യാസി രവിദാസിന്റെ 649-ാം ജന്മവാർഷികത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പഞ്ചാബ് സന്ദർശിച്ചു. ഹൽവാര വിമാനത്താവളത്തിലെ പുതിയ ടെർമിനൽ കെട്ടിടം ഉദ്ഘാടനം ചെയ്ത പ്രധാനമന്ത്രി സന്യാസ പാരമ്പര്യത്തെയും പൈതൃകത്തെയും ഭാവി തലമുറകളുമായി ബന്ധിപ്പിക്കുന്നതിന് ആദംപൂർ വിമാനത്താവളത്തെ 'ശ്രീ ഗുരു രവിദാസ് മഹാരാജ് ജി വിമാനത്താവളം, ആദംപൂർ' എന്ന് പുനർനാമകരണം ചെയ്തു.***

സാമൂഹ്യ പരിഷ്കർത്താവും സന്യാസിയുമായ രവിദാസ് മഹാരാജ് രാജ്യത്തിന് സേവന പാതയാണ് കാണിച്ചു തന്നത്. സാമൂഹ്യ ഐക്യത്തിന്റെയും സന്മനസ്സിന്റെയും ദീപം തെളിയിച്ച അദ്ദേഹം സമത്വം, സഹാനുഭൂതി, മാനുഷിക അന്തസ്സ് എന്നിവയെക്കുറിച്ച് പ്രബോധനങ്ങൾ പങ്കുവെയ്ക്കുകയും അവ ഇന്ത്യയുടെ സാമൂഹ്യ മൂല്യങ്ങൾക്ക് പ്രചോദനമേകുകയും ചെയ്തു. ഗുരു രവിദാസ് മഹാരാജിന്റെ ജന്മവാർഷികത്തിൽ പഞ്ചാബിലെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദി ആദംപൂർ വിമാനത്താവളം ഇനി 'ശ്രീ ഗുരു രവിദാസ് മഹാരാജ് ജി വിമാനത്താവളം' എന്നറിയപ്പെടുമെന്ന് പ്രഖ്യാപിച്ചു. എണ്ണമറ്റ ജനങ്ങൾക്ക് ഇത് സന്തോഷത്തിന്റെ സുദിനമാണ്. ശ്രീ ഗുരു രവിദാസ് മഹാരാജ് ജിയുടെ കാലാതീത ആദർശങ്ങൾക്ക് ഉചിതമായ ആദരവാണിത്. സമത്വം, സഹാനുഭൂതി, സേവനം എന്നിവയെക്കുറിച്ച് അദ്ദേഹം പങ്കുവെച്ച സന്ദേശം നമ്മെ ഇന്നും ഏറെ പ്രചോദിപ്പിക്കുന്നു.

സംസ്ഥാനത്തിന്റെ വ്യോമയാന അടിസ്ഥാന സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്ന ഹൽവാര വിമാനത്താവളത്തിലെ പുതിയ ടെർമിനൽ കെട്ടിടം പ്രധാനമന്ത്രി മോദി ഉദ്ഘാടനം ചെയ്തു. പുതിയ ടെർമിനൽ കെട്ടിടം പ്രത്യേകിച്ച് ലുധിയാനയിലെയും പരിസര പ്രദേശങ്ങളിലെയും ജനങ്ങൾക്ക് അതിയായ സന്തോഷം പകരുന്നുവെന്ന് പ്രധാനമന്ത്രി പറഞ്ഞു.



പ്രധാനമന്ത്രിയുടെ പരിപാടി പൂർണമായി കാണാൻ ക്യൂആർ കോഡ് സ്‌കാൻ ചെയ്യുക.

## ലുധിയാനയിലെ ഹൽവാര വിമാനത്താവള ടെർമിനൽ കെട്ടിടത്തിന്റെ ഉദ്ഘാടനം

- പഞ്ചാബിലെ വ്യോമയാന അടിസ്ഥാന സൗകര്യങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ലുധിയാനയിലെ ഹൽവാര വിമാനത്താവള ടെർമിനൽ കെട്ടിടം പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു.
- ലുധിയാനയിലെയും പരിസര പ്രദേശങ്ങളിലെയും വ്യാവസായിക, കാർഷിക മേഖലകളുടെ ആവശ്യങ്ങൾ നിറവേറ്റുന്ന ഈ ടെർമിനൽ സംസ്ഥാനത്തിന്റെ പുതിയ പ്രവേശന കവാടമായി മാറും.
- ലുധിയാന ജില്ലയിലെ ഹൽവാരയിൽ തന്ത്രപ്രധാനമായ ഇന്ത്യൻ വ്യോമസേന കേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്.
- ലുധിയാനയിലെ പഴയ വിമാനത്താവളത്തിൽ ചെറുവിമാനങ്ങൾക്ക് മാത്രം അനുയോജ്യമായ ചെറിയ റൺവേയാണ് ഉണ്ടായിരുന്നത്.
- വിമാനഗതാഗതം മെച്ചപ്പെടുത്താനും വലിയ വിമാനങ്ങളെ ഉൾക്കൊള്ളാനും ഹൽവാരയിൽ പുതിയ സിവിൽ എൻക്ലേവ് വികസിപ്പിച്ചു. നീളം കൂടിയ റൺവേയുള്ള ഇവിടെ A-320 പോലുള്ള വലിയ വിമാനങ്ങൾ കൈകാര്യം ചെയ്യാനാവും.
- സുസ്ഥിരവും പരിസ്ഥിതി സൗഹൃദവുമായ വികസനമെന്ന പ്രധാനമന്ത്രിയുടെ കാഴ്ചപ്പാടിനനുസൃതമായി പരിസ്ഥിതി സൗഹൃദവും ഊർജക്ഷമവുമായ നിരവധി സവിശേഷതകൾ ടെർമിനലിനുണ്ട്.
- എൽഇഡി ലൈറ്റുകൾ, ഇൻസുലേറ്റ് ചെയ്ത മേൽക്കൂര, മഴവെള്ള സംഭരണ സംവിധാനം, മലിനജല സംസ്കരണ പ്ലാന്റ്, ഉദ്യാനങ്ങളിൽ പുനരുപയോഗിച്ച വെള്ളത്തിന്റെ ഉപയോഗം എന്നിവ ഇതിലുൾപ്പെടുന്നു.
- പഞ്ചാബിന്റെ സമ്പന്ന സാംസ്കാരിക പൈതൃകത്തെ പ്രതിഫലിപ്പിക്കുന്ന ടെർമിനലിന്റെ രൂപകല്പന യാത്രക്കാർക്ക് പ്രാദേശികതയുടെ പ്രചോദനം പകരുന്ന സവിശേഷ യാത്രാനുഭവം നൽകുന്നു.

**മാനവികതയുടെ യഥാർത്ഥ ഭക്തിയിൽ ജീവിച്ച മഹാനായ സന്ന്യാസി ശ്രീ ഗുരു രവിദാസ് മഹാരാജിന് അദ്ദേഹത്തിന്റെ ജന്മവാർഷികത്തിൽ എന്റെ ഹൃദയംഗമമായ ശ്രദ്ധാഞ്ജലി നേരുന്നു. നീതിയുടെയും സഹാനുഭൂതിയുടെയും തത്വങ്ങളാണ് അദ്ദേഹത്തിന്റെ ചിന്തകൾക്ക് വഴികാട്ടിയത്. ഈ തത്വങ്ങളാണ് രാജ്യത്തെ ക്ഷേമപദ്ധതികളുടെ കേന്ദ്രബിന്ദു. അദ്ദേഹം തെളിച്ച സാമൂഹ്യ ഐക്യത്തിന്റെയും സന്മനസ്സിന്റെയും ദീപം രാജ്യത്തെ ജനങ്ങളുടെ ജീവിതപാതയിൽ എക്കാലവും പ്രകാശം പകർന്നുകൊണ്ടേയിരിക്കും.**

*- നരേന്ദ്ര മോദി, പ്രധാനമന്ത്രി*

## രവിദാസ് മഹാരാജിന് ആദരം

- ആദംപൂർ വിമാനത്താവളം 'ശ്രീ ഗുരു രവിദാസ് മഹാരാജ് ജി വിമാനത്താവളം, ആദംപൂർ'എന്ന് പുനർനാമകരണം ചെയ്തു.
- സമത്വത്തിന്റെയും സഹാനുഭൂതിയുടെയും മാനുഷിക അന്തസ്സിന്റെയും പ്രബോധനങ്ങളിലൂടെ സാമൂഹ്യ മൂല്യങ്ങൾക്ക് പ്രചോദനമേകിയ സന്ന്യാസിയും സാമൂഹ്യ പരിഷ്കർത്താവുമായ ഗുരു രവിദാസ് മഹാരാജിന് ആദരമായാണ് ആദംപൂർ വിമാനത്താവളത്തിന്റെ പുനർനാമകരണം.



നമുക്കെല്ലാം അറിയാവുന്നതുപോലെ ഉത്തരേന്ത്യയിലെ സുപ്രധാന വ്യാവസായിക-വാണിജ്യ കേന്ദ്രമാണ് ലുധിയാന. ഊർജസ്വലരായ ജനങ്ങളിലൂടെയാണ് ഈ നഗരം അറിയപ്പെടുന്നത്. ലുധിയാനയുടെ വ്യോമയാന ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ അശ്രാന്ത പരിശ്രമത്തിലാണ് സർക്കാർ. ആധുനിക വിമാനത്താവളം സാക്ഷാത്ക്കരിക്കുന്നതിനായി നടന്നുവരുന്ന പ്രവർത്തനങ്ങളിൽ ഇത് പ്രതിഫലിക്കുന്നു.

**ഡെറാ സച്ച്ഖണ്ഡ് ബല്ലാൻ സന്ദർശിച്ച് പ്രധാനമന്ത്രി**

പ്രധാനമന്ത്രി നരേന്ദ്ര മോദി പഞ്ചാബിലെ ഡെറാ സച്ച്ഖണ്ഡ് ബല്ലാൻ സന്ദർശിച്ചു. ശ്രീ ഗുരു രവിദാസ് മഹാരാജ് ജിയുടെ ജയന്തി ദിനത്തിൽ ഡെറാ സച്ച്ഖണ്ഡ് ബല്ലാനിലെത്താനായത് സവിശേഷ അനുഭവമാണെന്ന് പ്രധാനമന്ത്രി മോദി പറഞ്ഞു.

**സന്ത് നിരഞ്ജൻ ദാസ് ജിയുമായി കൂടിക്കാഴ്ച നടത്തി പ്രധാനമന്ത്രി മോദി**

ഡെറാ സച്ച്ഖണ്ഡ് ബല്ലാനിൽ സന്ത് നിരഞ്ജൻ ദാസ് ജിയെ കണ്ട ശേഷം അദ്ദേഹവുമായി നടത്തിയ കൂടിക്കാഴ്ച ഏറെ സവിശേഷമായിരുന്നുവെന്ന് പ്രധാനമന്ത്രി മോദി പറഞ്ഞു. സമൂഹത്തിന് അദ്ദേഹം നൽകുന്ന പ്രചോദനാത്മക സേവനങ്ങൾ പരിഗണിച്ച് ഈയിടെ പത്മശ്രീ പുരസ്കാരം നൽകി അദ്ദേഹത്തെ ആദരിച്ചിരുന്നു.




# ഇന്ത്യയിൽ ഇപ്പോൾ വിമാനയാത്ര എല്ലാവർക്കും

*ഇന്ത്യയിലെ സിവിൽ വ്യോമയാന മേഖല ഇന്ന് അതിവേഗം വളരുന്ന മേഖലകളിലൊന്നായി മാറിയിരിക്കുന്നു. ചുരുക്കം ചിലർക്ക് മാത്രം വിമാനയാത്ര പരിമിതപ്പെടുത്തിയിരുന്ന ഒരു കാലമുണ്ടായിരുന്നു. എന്നാൽ ഇന്ന് രാജ്യം ലോകത്തെ മൂന്നാമത് വലിയ ആഭ്യന്തര വ്യോമയാന വിപണിയായി മാറിയിരിക്കുന്നു. യാത്രക്കാരുടെ എണ്ണത്തിലെ തുടർച്ചയായ വർധനയ്ക്കൊപ്പം വിമാനങ്ങളുടെ എണ്ണവും അതിവേഗം ഉയരുന്നു. ഈ പശ്ചാത്തലത്തിൽ, വ്യോമയാന അടിസ്ഥാന സൗകര്യങ്ങളുടെ ആധുനികവൽക്കരണത്തിന് പുതിയ ഉണർവേകുകയെന്ന ലക്ഷ്യത്തോടെ ജനുവരി 28 – ന് ഹൈദരാബാദിൽ സംഘടിപ്പിച്ച വിങ്സ് ഇന്ത്യ 2026 – ൽ പ്രധാനമന്ത്രി നരേന്ദ്ര മോദി രാഷ്ട്രത്തെ അഭിസംബോധന ചെയ്തു.*

ഇന്ത്യയുടെ സാമ്പത്തിക അഭിവൃദ്ധി മെച്ചപ്പെടുത്താനും ദേശീയ ഐക്യം ശക്തിപ്പെടുത്താനും '2047-ലെ വികസിത ഭാരതം' എന്ന ലക്ഷ്യത്തിലേക്ക് ആത്മവിശ്വാസത്തോടെ മുന്നേറാനും വ്യോമയാന മേഖല രാജ്യത്തെ ശാക്തീകരിച്ചു. ഏഷ്യയിലെ ഏറ്റവും വലിയ സിവിൽ വ്യോമയാന പരിപാടിയായ വിങ്സ് ഇന്ത്യ-2026-ൽ രാജ്യത്തിന്റെ വ്യോമയാന വികസനഗാഥയുടെ പ്രദർശനത്തിന് പുറമെ സിവിൽ വ്യോമയാന മേഖലയിൽ ലഭ്യമായ അവസരങ്ങളെക്കുറിച്ച് ആഗോള നിക്ഷേപകർക്ക് അവബോധം നൽകുകയും ചെയ്തു. തെലങ്കാനയിലെ ഹൈദരാബാദിൽ ജനുവരി 28 മുതൽ 31 വരെയായിരുന്നു പരിപാടി. ഇന്ത്യയിൽ വിമാനയാത്ര ഏതെങ്കിലും പ്രത്യേക ജനവിഭാഗത്തിന്റെ മാത്രം അവകാശമല്ലാതാക്കി മാറ്റുകയും സാധാരണക്കാരന് പ്രാപ്യമാക്കുകയും ചെയ്തിരിക്കുന്നു. 'ഇന്ത്യൻ വ്യോമയാനമേഖലയുടെ ഭാവി പാത - രൂപകല്പന മുതൽ വിന്യാസം വരെയും നിർമാണം മുതൽ പരിപാലനം വരെയും ഉൾച്ചേർക്കൽ മുതൽ നൂതനാശയങ്ങൾ വരെയും സുരക്ഷ മുതൽ സുസ്ഥിരത വരെയും' എന്ന പ്രമേയത്തെ അടിസ്ഥാനമാക്കി സംഘടിപ്പിച്ച വിങ്സ് ഇന്ത്യ 2026 അന്താരാഷ്ട്ര സമ്മേളനത്തിൽ മന്ത്രിതല സെഷന് പുറമെ 13 പ്രമേയാധിഷ്ഠിത സെഷനുകളുമുണ്ടായിരുന്നു. വ്യോമയാന വ്യവസായത്തിന്റെ അടുത്ത ഘട്ടം വലിയ പ്രതീക്ഷകൾ നിറഞ്ഞതാണെന്നും ഇന്ത്യ ഇതിൽ സുപ്രധാന പങ്കാളിയായി ഉയർന്നുവരികയാണെന്നും പ്രധാനമന്ത്രി മോദി പറഞ്ഞു. വിമാന നിർമാണം, പൈലറ്റ് പരിശീലനം, നൂതന വ്യോമ സഞ്ചാരം, വിമാനങ്ങൾ വാടകയ്ക്ക് നൽകൽ എന്നിവയിലൂടെ ആഗോള വ്യോമയാന കമ്പനികൾക്ക് ഇന്ത്യ മികച്ച നിക്ഷേപ അവസരങ്ങൾ നൽകുന്നു.

**2047-ഓടെ 400-ലേറെ വിമാനത്താവളങ്ങൾ**

രാജ്യത്തെ വ്യോമയാന പ്രവർത്തനങ്ങൾ പലമടങ്ങ് വികസിച്ചുകൊണ്ടിരിക്കുകയാണ്. 2047-ഓടെ രാജ്യത്ത് 400-ലേറെ വിമാനത്താവളങ്ങളുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഉഡാൻ പദ്ധതിയുടെ അടുത്ത ഘട്ടത്തിന്റെ പ്രവർത്തനങ്ങളിലാണ് കേന്ദ്രസർക്കാർ. ഈ നയം പ്രാദേശികവും ചെലവ് കുറഞ്ഞതുമായ വ്യോമഗതാഗതം കൂടുതൽ ശക്തിപ്പെടുത്തും. സീപ്ലെയിൻ പ്രവർത്തനങ്ങളും വിപുലീകരിക്കുകയാണ്. രാജ്യത്തിന്റെ ഓരോ കോണിലും വിമാനയാത്രാ സൗകര്യങ്ങൾ മെച്ചപ്പെടുത്താനാണ് ശ്രമമെന്ന് പരിപാടിയിൽ പ്രധാനമന്ത്രി മോദി പറഞ്ഞു. രാജ്യത്തുടനീളം വിനോദ സഞ്ചാര കേന്ദ്രങ്ങൾ വികസിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അവിടെയെത്താൻ ജനങ്ങൾ മുൻഗണന നൽകുന്നത് വിമാനയാത്രയ്ക്കാണ്. വരും കാലങ്ങളിൽ വിമാനയാത്രയുടെ ആവശ്യകത ഇനിയും വർധിക്കുമെന്നും ഇത് കൂടുതൽ നിക്ഷേപ അവസരങ്ങൾ സൃഷ്ടിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

## ഇന്ത്യയുടെ വികസന വിമാനം പറത്തുന്നതിൽ പങ്കുചേരാം

ഇന്ത്യയെപ്പോലെ വ്യോമയാന വ്യവസായത്തിൽ വ്യാപ്തിയും നയപരമായ സ്ഥിരതയും സാങ്കേതിക അഭിലാഷങ്ങളും സ്വന്തമായ ചുരുക്കം ചില രാജ്യങ്ങൾ മാത്രമേ ഇന്ന് ലോകത്തുള്ളൂ. വ്യോമയാന രംഗത്ത് രാജ്യം നിരവധി പരിഷ്കാരങ്ങൾ നടപ്പാക്കിവരികയാണ്. ഈ ശ്രമങ്ങൾ ഗ്ലോബൽ സൗത്ത് രാഷ്ട്രങ്ങൾക്കും ലോകത്തിനുമിടയിലെ സുപ്രധാന വ്യോമയാന കവാടമായി ഇന്ത്യയെ മാറ്റുന്നു. വ്യോമയാന മേഖലയുമായി ബന്ധപ്പെട്ട നിക്ഷേപകർക്കും നിർമാതാക്കൾക്കും ഇതൊരു വലിയ അവസരമാണ്. ഈ സുവർണാവസരം പ്രയോജനപ്പെടുത്താനും ഇന്ത്യയുടെ വളർച്ചാ യാത്രയിൽ ദീർഘകാല പങ്കാളികളാകാനും അതുവഴി ആഗോള വ്യോമയാന മേഖലയുടെ വളർച്ചയ്ക്ക് സംഭാവന നൽകാനും ആഗോള നിക്ഷേപകരോട് പ്രധാനമന്ത്രി മോദി ആഹ്വാനം ചെയ്തു.



*പ്രധാനമന്ത്രിയുടെ പരിപാടി പൂർണമായി കാണാൻ ക്യൂആർ കോഡ് സ്കാൻ ചെയ്യുക.*

## വ്യോമയാന മേഖലയിലെ ഇന്ത്യയുടെ ദീർഘവീക്ഷണത്തിലൂടെ ലഭ്യമായ മികച്ച സൗകര്യങ്ങൾ

- രണ്ടാംനിര, മൂന്നാംനിര നഗരങ്ങളെ വിമാനത്താവളങ്ങളുമായി ബന്ധിപ്പിച്ചു.
- 2014-ൽ 70 വിമാനത്താവളങ്ങളാണ് ഇന്ത്യയിലുണ്ടായിരുന്നത്. പത്ത് വർഷത്തിനകം ഇത് ഇരട്ടിയിലധികമായി വർധിച്ച് 160 -ലെത്തി.
- ഇന്ത്യയിലെ വിമാനയാത്രികരുടെ എണ്ണം 2014-ലെ 10.3 കോടിയിൽ നിന്ന് 2025-ൽ 35 കോടിയിലധികമായി ഉയർന്നു.
- രാജ്യത്ത് നൂറിലേറെ എയർ ഡോമുകൾ സജ്ജമാക്കി.
- പൗരന്മാർക്ക് കുറഞ്ഞ ചിലവിൽ വിമാനയാത്രയ്ക്ക് പദ്ധതി ആരംഭിച്ചു.
- ഉഡാൻ പദ്ധതിയുടെ ഫലമായി 1.5 കോടി യാത്രക്കാർ വിവിധ റൂട്ടുകളിൽ യാത്ര ചെയ്തു, ഇതിൽ പല റൂട്ടുകളും നേരത്തെ നിലവിലുണ്ടായിരുന്നില്ല.



**ഇന്ത്യയിൽ രൂപകല്പന ചെയ്ത് നിർമിച്ച ഇലക്ട്രിക് വെർട്ടിക്കൽ ടേക്ക് ഓഫ് ആൻഡ് ലാൻഡിംഗ് വിമാനങ്ങൾ വ്യോമയാന മേഖലയ്ക്ക് പുതിയ ദിശാബോധം നൽകുകയും യാത്രാ സമയം ഗണ്യമായി കുറയ്ക്കുകയും ചെയ്യുന്ന സുദിനം വിദൂരമല്ല. സുസ്ഥിര വ്യോമയാന ഇന്ധന രംഗത്തും നാം വിപുലമായി പ്രവർത്തിക്കുന്നുണ്ട്. വരും വർഷങ്ങളിൽ ഹരിത വ്യോമയാന ഇന്ധനത്തിന്റെ പ്രധാന ഉല്പാദകരും കയറ്റുമതിക്കാരുമായി മാറാനൊരുങ്ങുകയാണ് രാജ്യം.**

*- നരേന്ദ്ര മോദി, പ്രധാനമന്ത്രി*

**വ്യോമയാന ആവശ്യങ്ങൾക്ക് മറ്റുള്ളവരെ ആശ്രയിക്കാതിരിക്കാം**

രാജ്യം സുപ്രധാന ആഗോള വ്യോമയാന കേന്ദ്രമായി മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വ്യോമയാന സംബന്ധമായ ആവശ്യങ്ങൾക്ക് നാം മറ്റുള്ളവരെ ആശ്രയിക്കാതിരിക്കേണ്ടത് പ്രധാനമാണെന്ന് വിങ്സ് ഇന്ത്യ 2026-ൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭ്യർത്ഥിച്ചു. സ്വയംപര്യാപ്തതയുടെ പാത നാം ശക്തിപ്പെടുത്തണം. രാജ്യത്ത് നിക്ഷേപം നടത്താനെത്തുന്ന കമ്പനികൾക്കും ഇത് സഹായകരമാകും. ഈ കാഴ്ചപ്പാടോടെ വിമാന രൂപകല്പന, നിർമാണം, എം.ആർ.ഒ ആവാസവ്യവസ്ഥ (പരിപാലനം, അറ്റകുറ്റപ്പണി, സമഗ്ര പരിശോധന) എന്നിവയ്ക്ക് ഇന്ത്യ വലിയ മുൻഗണന നൽകുന്നു. ഇന്നും വിമാനഭാഗങ്ങളുടെ പ്രധാന നിർമാതാക്കളും വിതരണക്കാരുമാണ് രാജ്യം. സൈനിക, ചരക്കുവിമാനങ്ങൾ ഇതിനകം ആഭ്യന്തരമായി നിർമിക്കാൻ തുടങ്ങിയ രാജ്യം സിവിൽ വിമാനങ്ങളുടെ നിർമാണത്തിലേക്കും മുന്നേറുകയാണ്.









കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ

# ജനാധിപത്യത്തിന്റെ ആഗോള ശബ്ദം

***ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമാണ് ഇന്ത്യ. ഏകദേശം 97 കോടിയോളം രജിസ്റ്റർ ചെയ്ത വോട്ടർമാരും എഴുനൂറിലേറെ രാഷ്ട്രീയ പാർട്ടികളും രാജ്യത്തുണ്ട്. ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഡെമോക്രസി ആൻഡ് ഇലക്ടറൽ അസിസ്റ്റൻസ് അംഗരാജ്യ സമിതിയുടെ അധ്യക്ഷസ്ഥാനവും ഇന്ത്യ ഏറ്റെടുത്തു. ജനാധിപത്യത്തിന്റെ മഹത്തായ പാരമ്പര്യത്തിനൊപ്പം നിഷ്പക്ഷവും സുതാര്യവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ തെരഞ്ഞെടുപ്പ് പ്രക്രിയ ആഗോളതലത്തിൽ പങ്കുവെക്കുകയെന്ന ലക്ഷ്യത്തോടെ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ 2026 ജനുവരി 21 മുതൽ 23 വരെ 'ജനാധിപത്യവും തെരഞ്ഞെടുപ്പ് നിർവഹണവും' എന്ന വിഷയത്തിൽ മൂന്നുദിവസത്തെ അന്താരാഷ്ട്ര സമ്മേളനം സംഘടിപ്പിച്ചു. തെരഞ്ഞെടുപ്പ് നിർവഹണത്തിൽ ഇന്ത്യയുടെ പങ്കിന് പരിപാടി കൂടുതൽ കരുത്തേകി.***

തെരഞ്ഞെടുപ്പ് നിർവഹണ സമിതികൾക്കും നയരൂപകർത്താക്കൾക്കും വിദഗ്ധർക്കും തെരഞ്ഞെടുപ്പ് പ്രക്രിയകളിലെ നൂതനാശയങ്ങളും സാങ്കേതിക ഇടപെടലുകളും സമ്മതിദായക പങ്കാളിത്തവുമടക്കം സുപ്രധാന മേഖലകളെക്കുറിച്ച് ചർച്ച ചെയ്യാൻ അന്താരാഷ്ട്ര സമ്മേളനം പൊതുവേദിയൊരുക്കി. ഇത്തരത്തിൽ ആദ്യമായി സംഘടിപ്പിച്ച സമ്മേളനത്തിൽ 42 വിദേശ എംബസികളിലെ അന്താരാഷ്ട്ര പ്രതിനിധികളും 27 രാജ്യങ്ങളിലെ ദൗത്യ തലവന്മാരും ഉൾപ്പെടെ ആയിരത്തിലേറെ പ്രതിനിധികൾ പങ്കെടുത്തു. കേന്ദ്ര മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ജ്ഞാനേഷ് കുമാർ 32 രാജ്യങ്ങളിലെ തിരഞ്ഞെടുപ്പ് നിർവഹണ സംവിധാനങ്ങളുടെ തലവന്മാരുമായി ഉഭയകക്ഷി ചർച്ചകൾ നടത്തി. ആഗോള തെരഞ്ഞെടുപ്പ് അനുഭവങ്ങളെക്കുറിച്ചും നൂതന മാറ്റങ്ങളെക്കുറിച്ചും കൂടിക്കാഴ്ചകളിൽ വിശദമായ ചർച്ചകൾ നടന്നു. തെരഞ്ഞെടുപ്പ് നടത്തിപ്പിലും ജനാധിപത്യ സഹകരണത്തിലും ഇന്ത്യയുടെ ദീർഘകാല പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്താനാണ് ചർച്ചകൾ ലക്ഷ്യമിട്ടത്. സമ്മേളനത്തിൽ പങ്കെടുത്ത തെരഞ്ഞെടുപ്പ് നിർവഹണ സമിതികൾക്ക് അവരുടെ രാജ്യങ്ങളിലെ നിയമങ്ങൾക്കനുസൃതമായി ഇസിഐ നെറ്റ് പോലുള്ള സാങ്കേതിക സംവിധാനങ്ങൾ വികസിപ്പിക്കുന്നതിൽ സഹകരിക്കാൻ ഇന്ത്യ സന്നദ്ധതയറിയിച്ചു. സമാന സാങ്കേതിക പരിഹാരങ്ങൾ നടപ്പാക്കുന്നതിന് ഇന്ത്യയുമായി സഹകരിക്കാൻ പല രാജ്യങ്ങളും താല്പര്യം പ്രകടിപ്പിച്ചു.

സമാപന സമ്മേളനത്തിൽ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ജ്ഞാനേഷ് കുമാർ 'ഡൽഹി പ്രഖ്യാപനം 2026' അവതരിപ്പിച്ചു. എല്ലാ തെരഞ്ഞെടുപ്പ് നിർവഹണ സമിതികളും ഐകകണ്‌ഠ്യേന പ്രഖ്യാപനം അംഗീകരിച്ചു. വോട്ടർ പട്ടികയുടെ പരിശുദ്ധി, തെരഞ്ഞെടുപ്പ് നടത്തിപ്പ്, ഗവേഷണവും പ്രസിദ്ധീകരണങ്ങളും, സാങ്കേതികവിദ്യയുടെ ഉപയോഗം, പരിശീലനവും ശേഷി വർധനയും എന്നിങ്ങനെ പ്രഖ്യാപനത്തിലെ അഞ്ച് സ്തംഭങ്ങളെ ആസ്പദമാക്കി ഒരുമിച്ച് പ്രവർത്തിക്കാൻ സമിതികൾ തീരുമാനിച്ചു.

## ജനാധിപത്യത്തിന്റെ യഥാർത്ഥ കരുത്ത് സമ്മതിദായകർ

ജനാധിപത്യത്തിൽ സമ്മതിദായകനാണ് പരമാധികാരി. സമ്മതിദായകരുടെ പങ്കാളിത്തം വർധിപ്പിക്കാൻ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ നിരന്തരം പരിശ്രമിക്കുന്നു. ഇതിന്റെ ഭാഗമായി 16-ാമത് ദേശീയ സമ്മതിദായക ദിനം 2026 ജനുവരി 25-ന് ആഘോഷിച്ചു. ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുത്ത രാഷ്ട്രപതി ദ്രൗപദി മുർമു പുതുതായി രജിസ്റ്റർ ചെയ്ത അഞ്ച് യുവ സമ്മതിദായകർക്ക് ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡുകൾ കൈമാറി. ലോകത്തെ ഏറ്റവും വലുതും ചൈതന്യപൂർണവുമായ ജനാധിപത്യത്തിൽ സജീവമായി പങ്കുചേരാനുള്ള അമൂല്യ അവകാശമാണ് തിരിച്ചറിയൽ കാർഡിലൂടെ അവർക്ക് ലഭിക്കുന്നതെന്ന് രാഷ്ട്രപതി പറഞ്ഞു. വോട്ടവകാശം ഉത്തരവാദിത്തത്തോടെ വിനിയോഗിക്കാനും രാഷ്ട്രനിർമാണത്തിൽ പങ്കാളികളാകാനും എല്ലാ യുവ സമ്മതിദായകരോടും രാഷ്ട്രപതി അഭ്യർത്ഥിച്ചു. തെരഞ്ഞെടുപ്പുകളിൽ വൻതോതിൽ വോട്ട് രേഖപ്പെടുത്തിയ വനിതകളെ അഭിനന്ദിച്ച രാഷ്ട്രപതി അവർ രാജ്യത്തെ കൂടുതൽ കരുത്തുറ്റതാക്കുന്നുവെന്നും കൂട്ടിച്ചേർത്തു.

ആധുനിക ജനാധിപത്യത്തിന്റെ പശ്ചാത്തലത്തിൽ രണ്ട് തീയതികൾ ഏറെ പ്രധാനമാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു പറഞ്ഞു: ഭരണഘടന അംഗീകരിച്ച 1949 നവംബർ 26, ഭരണഘടന പൂർണമായി നടപ്പാക്കിയ 1950 ജനുവരി 26 എന്നീ തീയതികളാണവ. 1949 നവംബർ 26-ന് ഭരണഘടനയിലെ 16 അനുച്ഛേദങ്ങൾ മാത്രമാണ് ഉടനടി പ്രാബല്യത്തിൽ വന്നത്. അതിലൊന്നായ അനുച്ഛേദം 324 പ്രകാരമാണ് 1950 ജനുവരി 26-ന് റിപ്പബ്ലിക് സ്ഥാപിതമാകുന്നതിന് കൃത്യം ഒരു ദിവസം മുൻപ്, അതായത് 1950 ജനുവരി 25-ന് തിരഞ്ഞെടുപ്പ് കമ്മീഷൻ സ്ഥാപിതമായത്. ഇതിന്റെ സ്മരണാർത്ഥമാണ് ജനാധിപത്യത്തിന്റെ ഈ സവിശേഷ ആഘോഷം സംഘടിപ്പിക്കുന്നത്. രാജ്യത്തെ വോട്ടർമാരുടെ എണ്ണം 95 കോടിയിലധികമാണ്. ജനാധിപത്യത്തിന്റെ കരുത്ത് വോട്ടർമാരുടെ എണ്ണത്തിലൂടെ മാത്രമല്ല, മറിച്ച് ജനാധിപത്യബോധത്തിന്റെ ആഴത്തിലൂടെയും പ്രകടമാകുന്നുവെന്ന് രാഷ്ട്രപതി പറഞ്ഞു.

## 16-ാമത് ദേശീയ സമ്മതിദായക ദിനം

കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ 16-ാമത് ദേശീയ വോട്ടർദിനം ജനുവരി 25-ന് ആഘോഷിച്ചു. 'എന്റെ ഇന്ത്യ, എന്റെ വോട്ട്' എന്നതായിരുന്നു ഈ വർഷത്തെ പ്രമേയം. 'പൗരന്മാർ ഇന്ത്യൻ ജനാധിപത്യത്തിന്റെ കേന്ദ്രബിന്ദു' എന്ന ആപ്തവാക്യത്തോടെയായിരുന്നു ദിനാചരണം.

## വിവിധ വിഭാഗങ്ങളിലെ പുരസ്കാരങ്ങൾ

വിവിധ വിഭാഗങ്ങളിൽ മികച്ച തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ കാഴ്ചവെച്ചവർക്ക് പുരസ്കാരങ്ങളും രാഷ്ട്രപതി ദ്രൗപദി മുർമു വിതരണം ചെയ്തു. സാങ്കേതികവിദ്യയുടെ ഫലപ്രദ ഉപയോഗത്തിന് ബീഹാർ, കേരളം, തമിഴ്നാട് എന്നീ സംസ്ഥാനങ്ങൾക്ക് പുരസ്കാരം ലഭിച്ചു. തിരഞ്ഞെടുപ്പ് നിർവഹണത്തിനും ലോജിസ്റ്റിക്സിനും ഒഡീഷ, മേഘാലയ, ബീഹാർ എന്നീ സംസ്ഥാനങ്ങൾക്കാണ് പുരസ്കാരം. സർഗാത്മക വോട്ടർ ബോധവൽക്കരണത്തിന് ബീഹാർ, ഗുജറാത്ത്, കേരളം എന്നീ സംസ്ഥാനങ്ങൾക്ക് പുരസ്കാരങ്ങൾ ലഭിച്ചു. മാതൃകാ പെരുമാറ്റച്ചട്ടം നടപ്പാക്കിയതിന് മിസോറാം, ബീഹാർ എന്നീ സംസ്ഥാനങ്ങൾക്കും പരിശീലനം, ശേഷി വർധന എന്നിവയുമായി ബന്ധപ്പെട്ട് ബീഹാർ, ഉത്തർപ്രദേശ്, ജാർഖണ്ഡ് എന്നീ സംസ്ഥാനങ്ങൾക്കും പുരസ്കാരങ്ങൾ സമ്മാനിച്ചു.

### രണ്ട് പ്രസിദ്ധീകരണങ്ങളുടെ പ്രകാശനം

"2025: ഒരു വർഷത്തെ സംരംഭങ്ങളും നൂതനാശയങ്ങളും", ബീഹാറിലെ പൊതുതിരഞ്ഞെടുപ്പിന്റെ വിജയകരമായ നടത്തിപ്പിനെ ആസ്പദമാക്കി തയ്യാറാക്കിയ "ചുനാവ് കാ പർവ്, ബീഹാർ കാ ഗർവ്" എന്നീ രണ്ട് പ്രസിദ്ധീകരണങ്ങൾ ചടങ്ങിൽ പ്രകാശനം ചെയ്തു. തിരഞ്ഞെടുപ്പ് സംവിധാനത്തെ ശക്തിപ്പെടുത്തുന്നതിന് 2025-ൽ കൈക്കൊണ്ട മുപ്പതിലധികം സംരംഭങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഇതിലുണ്ട്.






**'ഇന്നത്തെ വോട്ടർമാരാണ് രാജ്യത്തിന്റെ ഭാവി ശില്പികൾ. വോട്ടവകാശം പ്രധാനമാണ്. അതേസമയം പ്രായപൂർത്തിയായ ഓരോ പൗരനും ഭരണഘടനാപരമായ കടമകൾ തിരിച്ചറിഞ്ഞ് വോട്ടവകാശം വിനിയോഗിക്കേണ്ടതും അത്രമേൽ പ്രധാനമാണ്. പ്രലോഭനങ്ങളും അജ്ഞതയും തെറ്റായ വിവരങ്ങളും കുപ്രചരണങ്ങളും മുൻവിധികളും മൂലം സ്വാധീനിക്കപ്പെടാതെ എല്ലാ വോട്ടർമാരും വിവേകത്തിന്റെ ശക്തിയിലൂന്നി തെരഞ്ഞെടുപ്പ് സംവിധാനത്തിന് കരുത്തേകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.'**

*- ദ്രൗപദി മുർമു, രാഷ്ട്രപതി*

കൃത്യമായ ഇടവേളകളിൽ പുരോഗതി അവലോകനം ചെയ്യാനും സമ്മേളനത്തിൽ പങ്കെടുത്തവർ തീരുമാനിച്ചു. ഇതിന്റെ ഭാഗമായി 2026 ഡിസംബർ 3, 4, 5 തീയതികളിൽ ന്യൂഡൽഹിയിലെ ഇന്ത്യ ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെമോക്രസി ആൻഡ് ഇലക്ഷൻ മാനേജ്മെന്റിൽ വീണ്ടും ഒത്തുചേരാൻ നിർദേശം മുന്നോട്ടുവെച്ചു. .

*രാഷ്ട്രപതിയുടെ പരിപാടി പൂർണമായി കാണാൻ ക്യൂആർ കോഡ് സ്കാൻ ചെയ്യുക.*






നിയമന ഉത്തരവുകൾ

# രാഷ്ട്ര നിർമാണത്തിന് കരുത്ത് പകരുന്നു

***യുവജനസംഖ്യയിൽ ലോകത്ത് മുന്നിൽനിൽക്കുന്ന രാജ്യങ്ങളിലൊന്നാണ് ഇന്ത്യ. രാജ്യത്തെ യുവാക്കൾക്ക് രാജ്യത്തിനകത്തും ആഗോളതലത്തിലും പുതിയ അവസരങ്ങൾ സൃഷ്ടിക്കാൻ പരിശ്രമിക്കുകയാണ് കേന്ദ്ര സർക്കാർ. ഈ ശ്രമത്തിന്റെ ഭാഗമായി ജനുവരി 24 – ന് സംഘടിപ്പിച്ച തൊഴിൽ മേളയിൽ 61,000 – ത്തിലേറെ യുവാക്കൾക്ക് സർക്കാർ ജോലിയിലേക്ക് നിയമന ഉത്തരവുകൾ കൈമാറി. ഈ നിയമന ഉത്തരവുകൾ ഒരു തരത്തിൽ രാഷ്ട്രനിർമാണത്തിന്റെ ക്ഷണക്കത്താണെന്നും വികസിത ഭാരതം കെട്ടിപ്പടുക്കുന്നതിനായി നടത്തിവരുന്ന വികസന പ്രവർത്തനങ്ങളെ ത്വരിതപ്പെടുത്തുന്ന പ്രതിജ്ഞയാണെന്നും പ്രധാനമന്ത്രി മോദി പറഞ്ഞു.***

യുവാക്കളെ നൈപുണ്യവുമായി ബന്ധിപ്പിക്കാനും അവർക്ക് തൊഴിലിനും സ്വയംതൊഴിലിനും അവസരങ്ങൾ നൽകാനും കേന്ദ്ര സർക്കാർ മുൻഗണന നൽകുന്നു. ഇതിന്റെ ഭാഗമായി സർക്കാർ ജോലികൾ നൽകുന്നതിന് ദൗത്യരൂപേണ ഊർജ്ജം പകരുകയെന്ന ലക്ഷ്യത്തോടെ തുടക്കം കുറിച്ച റോസ്ഗാർ മേളയിലൂടെ ദശലക്ഷക്കണക്കിന് യുവാക്കൾക്ക് വിവിധ സർക്കാർ വകുപ്പുകളിൽ നിയമന ഉത്തരവുകൾ ലഭിച്ചു. റോസ്ഗാർ മേളയുടെ ഭാഗമായി നിയമന ഉത്തരവുകൾ വിതരണം ചെയ്യവെ പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു: 'നിങ്ങളിൽ പലരും രാജ്യസുരക്ഷ ശക്തിപ്പെടുത്തും; പലരും വിദ്യാഭ്യാസ, ആരോഗ്യ സംരക്ഷണ സംവിധാനങ്ങളെ കൂടുതൽ ശാക്തീകരിക്കും; പലരും സാമ്പത്തിക സേവനങ്ങളും ഊർജ്ജ സുരക്ഷയും ശക്തിപ്പെടുത്തും; പലരും സർക്കാർ കമ്പനികളുടെ വളർച്ചയിൽ നിർണായക പങ്കുവഹിക്കും. എല്ലാ യുവജനങ്ങൾക്കും എന്റെ ഹൃദയംഗമമായ അഭിനന്ദനങ്ങളും ആശംസകളും അറിയിക്കുന്നു.'

റോസ്ഗാർ മേളയിൽ 8,000–ത്തിലധികം പെൺകുട്ടികൾക്കും നിയമന ഉത്തരവുകൾ ലഭിച്ചു. കഴിഞ്ഞ 11 വർഷത്തിനിടെ രാജ്യത്ത് തൊഴിൽ മേഖലയിലെ സ്ത്രീ പങ്കാളിത്തം ഏകദേശം ഇരട്ടിയായി. മുദ്ര, സ്റ്റാർട്ടപ്പ് ഇന്ത്യ തുടങ്ങിയ സർക്കാർ പദ്ധതികൾ സ്ത്രീകൾക്ക് വലിയ രീതിയിൽ ഗുണകരമായി മാറി. സ്ത്രീകളുടെ സ്വയംതൊഴിൽ നിരക്കിൽ ഏകദേശം 15 ശതമാനം വർധനയുണ്ടായി.

യുവജനങ്ങൾക്ക് പുതിയ അവസരങ്ങൾ ലഭിക്കുകയാണ്. അടുത്ത കാലത്തായി ആധുനിക അടിസ്ഥാന സൗകര്യ വികസനത്തിൽ രാജ്യം അഭൂതപൂർവമായ നിക്ഷേപമാണ് നടത്തിയിരിക്കുന്നത്.

## റോസ്ഗാർ മേളകളിലൂടെ വിതരണം ചെയ്തത് 11 ലക്ഷത്തിലധികം നിയമന ഉത്തരവുകൾ

- റോസ്ഗാർ മേളയുടെ തുടക്കം മുതൽ രാജ്യത്തുടനീളം സംഘടിപ്പിച്ച മേളകളിലൂടെ 11 ലക്ഷത്തിലേറെ നിയമന ഉത്തരവുകളാണ് കൈമാറിയത്.
- രാജ്യത്തെ 45 കേന്ദ്രങ്ങളിലായാണ് 18-ാമത് റോസ്ഗാർ മേള സംഘടിപ്പിച്ചത്.
- രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് പുതുതായി തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർത്ഥികൾ ആഭ്യന്തര മന്ത്രാലയം, ആരോഗ്യ-കുടുംബക്ഷേമ മന്ത്രാലയം, ധനകാര്യ സേവന വകുപ്പ്, ഉന്നത വിദ്യാഭ്യാസ വകുപ്പ് തുടങ്ങി കേന്ദ്ര സർക്കാരിന്റെ വിവിധ മന്ത്രാലയങ്ങളിലും വകുപ്പുകളിലും സേവനമനുഷ്ഠിക്കും.

*പ്രധാനമന്ത്രിയുടെ പരിപാടി പൂർണമായി കാണാൻ ക്യൂആർ കോഡ് സ്കാൻ ചെയ്യുക.*

**ഇന്ന് ഇന്ത്യയ്ക്കുമേൽ വർധിച്ചുവരുന്ന ആഗോള വിശ്വാസ്യത യുവാക്കൾക്ക് നിരവധി പുതിയ അവസരങ്ങൾ സൃഷ്ടിക്കുന്നു. ഒരു പതിറ്റാണ്ടിനിടെ രാജ്യം മൊത്ത ആഭ്യന്തര ഉല്പാദനം ഇരട്ടിയാക്കി. 2014-ന് മുൻപത്തെ പത്ത് വർഷങ്ങളെ അപേക്ഷിച്ച് രണ്ടര മടങ്ങിലേറെ നേരിട്ടുള്ള വിദേശ നിക്ഷേപമാണ് രാജ്യത്തെത്തിയത്. കൂടുതൽ വിദേശ നിക്ഷേപമെന്നാൽ രാജ്യത്തെ യുവതയ്ക്ക് എണ്ണമറ്റ തൊഴിലവസരങ്ങൾ എന്നാണ് അർത്ഥം.**

*- നരേന്ദ്ര മോദി, പ്രധാനമന്ത്രി*

### യുവതയ്ക്ക് സർക്കാർ ജോലികൾ ഉറപ്പാക്കി റോസ്ഗാർ മേള

| മേള നടന്നത് | നൽകിയ നിയമനക്കത്തുകൾ |
|---|---|
| 2022 ഒക്ടോബർ 22 | 75,000 – ത്തിലധികം |
| 2022 നവംബർ 22 | 71,000 – ത്തിലധികം |
| 2023 ജനുവരി 20 | 71,000 – ത്തിലധികം |
| 2023 ഏപ്രിൽ 13 | 71,000 – ത്തിലധികം |
| 2023 മെയ് 16 | 70,000 – ത്തിലധികം |
| 2023 ജൂൺ 13 | 70,000 – ത്തിലധികം |
| 2023 ജൂലൈ 22 | 70,000 – ത്തിലധികം |
| 2023 ഓഗസ്റ്റ് 28 | 51,000 – ത്തിലധികം |
| 2023 സെപ്തംബർ 26 | 51,000 – ത്തിലധികം |
| 2023 ഒക്ടോബർ 28 | 51,000 – ത്തിലധികം |
| 2023 നവംബർ 30 | 51,000 – ത്തിലധികം |
| 2024 ഫെബ്രുവരി 12 | ഒരു ലക്ഷത്തിലധികം |
| 2024 ഒക്ടോബർ 29 | 51,000 – ത്തിലധികം |
| 2024 ഡിസംബർ 23 | 71,000 – ത്തിലധികം |
| 2025 ഏപ്രിൽ 26 | 51,000 – ത്തിലധികം |
| 2025 ജൂലൈ 12 | 51,000 – ത്തിലധികം |
| 2025 ഒക്ടോബർ 24 | 51,000 – ത്തിലധികം |
| 2026 ജനുവരി 24 | 61,000 – ത്തിലധികം |



നിർമാണവുമായി ബന്ധപ്പെട്ട എല്ലാ മേഖലകളിലും തൊഴിലവസരങ്ങൾ ഗണ്യമായി വർധിക്കാൻ ഇത് വഴിയൊരുക്കി. ഇന്ത്യയുടെ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയും അതിവേഗം വികസിക്കുകയാണ്. രാജ്യത്തെ ഏകദേശം രണ്ട് ലക്ഷത്തോളം സ്റ്റാർട്ടപ്പുകൾ ഇന്ന് 2.1 ദശലക്ഷത്തിലധികം യുവജനങ്ങൾക്ക് തൊഴിൽ നൽകുന്നു. അതുപോലെ ഡിജിറ്റൽ ഇന്ത്യ ഒരു പുതിയ സമ്പദ് വ്യവസ്ഥയ്ക്ക് രൂപം നൽകി. ആനിമേഷൻ, ഡിജിറ്റൽ മാധ്യമങ്ങൾ തുടങ്ങി നിരവധി മേഖലകളിൽ ഇന്ത്യ ഒരു ആഗോള കേന്ദ്രമായി മാറുകയാണ്. രാജ്യത്തിന്റെ 'ക്രിയേറ്റർ സമ്പദ് വ്യവസ്ഥ' അതിവേഗം വളരുന്നു. ഇത് യുവാക്കൾക്ക് പുതിയ അവസരങ്ങൾ സൃഷ്ടിക്കുന്നു.

**സുപ്രധാന നിർമാണ കേന്ദ്രമായി ഇന്ത്യ**

ഇന്ത്യ ഇന്ന് സുപ്രധാന നിർമാണ ശക്തിയായി മാറിക്കൊണ്ടിരിക്കുന്നു. ഇലക്ട്രോണിക്സ്, മരുന്നുകൾ, വാക്സിനുകൾ, പ്രതിരോധം, വാഹന നിർമാണം തുടങ്ങി നിരവധി മേഖലകളിൽ ഇന്ത്യയുടെ ഉല്പാദനവും കയറ്റുമതിയും അഭൂതപൂർവമായ വളർച്ചയ്ക്കാണ് സാക്ഷ്യം വഹിക്കുന്നത്. 2014-ന് ശേഷം ആറ് മടങ്ങ് വർധിച്ച ഇന്ത്യയുടെ ഇലക്ട്രോണിക്സ് നിർമാണം ഇന്ന് 11 ലക്ഷം കോടി രൂപയിലേറെ മൂല്യം വരുന്ന വ്യവസായമാണ്. ഇലക്ട്രോണിക്സ് കയറ്റുമതി 4 ലക്ഷം കോടി രൂപ പിന്നിട്ടു. രാജ്യത്തെ വാഹന വ്യവസായവും അതിവേഗം വളരുന്ന മേഖലകളിലൊന്നായി മാറിക്കഴിഞ്ഞു. 2025-ൽ ഇരുചക്ര വാഹന വില്പന 20 ദശലക്ഷം യൂണിറ്റുകൾ പിന്നിട്ടു.



പരാക്രമം ദിവസ്

# ദേശീയ ബോധത്തിന്റെ ആഘോഷം

***ഹൃദയങ്ങളിൽ ദേശസ്നേഹത്തിന്റെ ശക്തമായ തരംഗങ്ങളുണർത്തുന്ന നാമമാണ് നേതാജി സുഭാഷ് ചന്ദ്രബോസ്. യുവാക്കളെ സംഘടിപ്പിച്ച് ആസാദ് ഹിന്ദ് ഫൗജ് (ഇന്ത്യൻ നാഷണൽ ആർമി) രൂപീകരിച്ച അദ്ദേഹം രാഷ്ട്രത്തിന്റെ സ്വാതന്ത്ര്യത്തിനായി ആദ്യ സൈനിക മുന്നേറ്റം ആരംഭിച്ചു. ആൻഡമാൻ നിക്കോബാർ ദ്വീപുകളിൽ ത്രിവർണ പതാക അനാവരണം ചെയ്ത അദ്ദേഹം 1943 – ൽ സ്വതന്ത്ര ഭാരതം പ്രഖ്യാപിച്ചു. 2021 മുതൽ രാജ്യം അദ്ദേഹത്തിന്റെ ജന്മദിനമായ ജനുവരി 23 'പരാക്രമം ദിവസ്' ആയി ആഘോഷിക്കുന്നു. ആൻഡമാൻ നിക്കോബാർ ദ്വീപുകളിൽ സംഘടിപ്പിച്ച പരാക്രമം ദിവസ് ചടങ്ങിൽ സംസാരിക്കവെ സമീപ വർഷങ്ങളിൽ ഇന്ത്യയുടെ വീര്യത്തിന്റെയും ദേശീയ ബോധത്തിന്റെയും അവിഭാജ്യ ഉത്സവമായി പരാക്രമം ദിവസ് മാറിയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു.***

നേതാജി സുഭാഷ് ചന്ദ്രബോസ് സ്വാതന്ത്ര്യസമരത്തിലെ മഹാനായ നായകൻ മാത്രമല്ലെന്നും സ്വതന്ത്ര ഭാരതത്തിന്റെ ദീർഘദർശികൂടിയായിരുന്നുവെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി അനുസ്മരിച്ചു. ഇന്ത്യയുടെ പ്രാചീന ബോധത്തിലധിഷ്ഠിതമായതും ആധുനികവുമായ രാഷ്ട്രമാണ് അദ്ദേഹം വിഭാവനം ചെയ്തത്. നേതാജിയുടെ ദർശനങ്ങൾ വർത്തമാനകാല തലമുറയ്ക്ക് പരിചയപ്പെടുത്തേണ്ടത് നമ്മുടെ ഉത്തരവാദിത്തമാണെന്നും സർക്കാർ ആ ഉത്തരവാദിത്തം നിറവേറ്റുന്നതിൽ സന്തോഷമുണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു. നേതാജിയ്ക്കായി സമർപ്പിക്കുന്ന സംരംഭങ്ങൾ അദ്ദേഹത്തോട് പ്രകടിപ്പിക്കുന്ന ആദരവിനപ്പുറം രാജ്യത്തെ യുവജനങ്ങൾക്കും ഭാവി തലമുറകൾക്കും അനശ്വര പ്രചോദനത്തിന്റെ സ്രോതസ്സുകളാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഈ ആദർശങ്ങളെ മാനിക്കുകയും അവയിൽ നിന്ന് പ്രചോദനം ഉൾക്കൊള്ളുകയും ചെയ്യുന്നത് 'വികസിത ഭാരത'ത്തിനായി നാം കൈക്കൊള്ളുന്ന നിശ്ചയദാർഢ്യത്തിന് ഊർജസ്വലതയും ആത്മവിശ്വാസവും പകരുമെന്ന് പ്രധാനമന്ത്രി മോദി പ്രസ്താവിച്ചു. ഒരു ദുർബല രാഷ്ട്രത്തിന് ലക്ഷ്യങ്ങൾ കൈവരിക്കുക പ്രയാസമാണെന്നതിനാൽ നേതാജി സുഭാഷ് ചന്ദ്രബോസ് എപ്പോഴും കരുത്തുറ്റ രാഷ്ട്രമാണ് സ്വപ്നം കണ്ടിരുന്നതെന്ന് പ്രധാനമന്ത്രി പറഞ്ഞു. 21–ാം നൂറ്റാണ്ടിൽ കരുത്തും നിശ്ചയദാർഢ്യവും കൈമുതലാക്കിയ രാഷ്ട്രമായി ഇന്ത്യയും സ്വയം മാറുകയാണ്. കരുത്ത് എങ്ങനെ കൈവരിക്കണമെന്നും എങ്ങനെ കൈകാര്യം ചെയ്യണമെന്നും എങ്ങനെ വിനിയോഗിക്കണമെന്നും ഇന്ന് ഇന്ത്യയ്ക്കറിയാം. കരുത്തുറ്റ ഇന്ത്യയെന്ന എന്ന നേതാജി സുഭാഷ് ചന്ദ്രബോസിന്റെ ദർശനം പിന്തുടർന്ന് പ്രതിരോധ മേഖലയെ സ്വയംപര്യാപ്തമാക്കാൻ രാജ്യം പരിശ്രമിക്കുകയാണെന്നും പ്രധാനമന്ത്രി പറഞ്ഞു.



പ്രധാനമന്ത്രിയുടെ പരിപാടി പൂർണമായി കാണാൻ ക്യുആർ കോഡ് സ്കാൻ ചെയ്യുക.

**'നേതാജി സുഭാഷ് ചന്ദ്രബോസിന്റെ ജന്മവാർഷികത്തിൽ അദ്ദേഹത്തിന്റെ അജയ്യമായ ധീരതയും നിശ്ചയദാർഢ്യവും രാഷ്ട്രത്തിന് അദ്ദേഹം നൽകിയ സമാനതകളില്ലാത്ത സംഭാവനകളും നാം സ്മരിക്കുന്നു. നിർഭയ നേതൃത്വത്തിന്റെയും അചഞ്ചല ദേശസ്നേഹത്തിന്റെയും ഉത്തമ ഉദാഹരണമായിരുന്നു അദ്ദേഹം. കരുത്തുറ്റ ഭാരതം കെട്ടിപ്പടുക്കാൻ അദ്ദേഹത്തിന്റെ ആദർശങ്ങൾ തലമുറകളെ ഇന്നും പ്രചോദിപ്പിക്കുന്നു.'**

*- നരേന്ദ്ര മോദി, പ്രധാനമന്ത്രി*

## പരാക്രം ദിവസ്

- അസാധ്യമായതിനെ വെല്ലുവിളിച്ച പാരമ്പര്യത്തോട് ആദരവ്.
- ചരിത്രത്തിന്റെ ഗതി മാറ്റിയ ധീരതയുടെ ഓർമ പുതുക്കൽ.
- ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന് രൂപം നൽകിയ മൂല്യങ്ങളുടെ പുനരർപ്പണം.

## നേതാജി ബോസിന്റെ ജീവിതവും ആദർശങ്ങളും പ്രചരിപ്പിക്കാൻ നടത്തിവരുന്ന ശ്രമങ്ങൾ

- പ്രധാനമന്ത്രി മോദി ഗുജറാത്ത് മുഖ്യമന്ത്രിയായിരുന്ന കാലത്ത് 2009 ജനുവരി 23-ന് നേതാജി ബോസുമായി ബന്ധപ്പെടുത്തി തുടക്കം കുറിച്ച് പിന്നീട് ഐടി മേഖലയിൽ വിപ്ലവം സൃഷ്ടിച്ച പദ്ധതിയാണ് 'ഇ-ഗ്രാം വിശ്വഗ്രാം യോജന'.
- പ്രധാനമന്ത്രി മോദി ഗുജറാത്ത് മുഖ്യമന്ത്രിയായിരിക്കെ 2012-ൽ ആസാദ് ഹിന്ദ് ഫൗജ് ദിനത്തിൽ അഹമ്മദാബാദിൽ വിപുലമായ പരിപാടി സംഘടിപ്പിച്ചു.
- നേതാജി ബോസുമായി ബന്ധപ്പെട്ട ഫയലുകളും രേഖകളും രഹസ്യവിഭാഗത്തിൽ നിന്ന് ഒഴിവാക്കി പൊതുജനങ്ങൾക്ക് ലഭ്യമാക്കി.
- 2018-ൽ ആസാദ് ഹിന്ദ് സർക്കാർ രൂപീകരണത്തിന്റെ 75-ാം വാർഷികം ചെങ്കോട്ടയിൽ ആഘോഷിച്ചു. പ്രധാനമന്ത്രി മോദി ത്രിവർണ പതാകയുയർത്തി.
- നേതാജി ബോസിന്റെ 75-ാം വാർഷികത്തിൽ ആൻഡമാൻ നിക്കോബാർ ദ്വീപുകളിലെ ശ്രീ വിജയപുരത്ത് (നേരത്തെ പോർട്ട് ബ്ലെയർ) ത്രിവർണ പതാക ഉയർത്തി.
- ആൻഡമാൻ നിക്കോബാർ ദ്വീപുകളിലെ മൂന്ന് പ്രധാന ദ്വീപുകൾ പുനർനാമകരണം ചെയ്തു. റോസ് ഐലൻഡ് ഇപ്പോൾ 'നേതാജി സുഭാഷ് ചന്ദ്രബോസ് ദ്വീപ്' എന്നറിയപ്പെടുന്നു.
- ചെങ്കോട്ടയിലെ 'ക്രാന്തി മന്ദിർ മ്യൂസിയ'ത്തിൽ നേതാജി ബോസിനെയും ഇന്ത്യൻ നാഷണൽ ആർമിയെയും കുറിച്ച് പ്രധാന ചരിത്രരേഖകളും വസ്തുക്കളും സൂക്ഷിച്ചിട്ടുണ്ട്. നേതാജി ബോസ് ധരിച്ച തൊപ്പിയും ഇതിലുൾപ്പെടുന്നു.
- 2021-ൽ കേന്ദ്ര സർക്കാർ നേതാജി സുഭാഷ് ചന്ദ്രബോസിന്റെ ജന്മദിനം 'പരാക്രം ദിവസ്' ആയി പ്രഖ്യാപിച്ചു.
- 2024 സെപ്റ്റംബർ 13-ന് ആൻഡമാൻ നിക്കോബാർ ദ്വീപുകളുടെ തലസ്ഥാനമായ പോർട്ട് ബ്ലെയറിനെ 'ശ്രീ വിജയപുരം' എന്ന് പുനർനാമകരണം ചെയ്യാൻ തീരുമാനിച്ചു.
- നേതാജി സുഭാഷ് ചന്ദ്രബോസിന് ആദരസൂചകമായും കോളനിവാഴ്ചയുടെ മനോഭാവം ഉപേക്ഷിക്കുന്നതിന്റെ ഭാഗമായും ഇന്ത്യ ഗേറ്റിന് സമീപം അദ്ദേഹത്തിന്റെ പ്രതിമ സ്ഥാപിച്ചു.

നേരത്തെ വിദേശങ്ങളിൽ നിന്ന് ആയുധങ്ങൾ ഇറക്കുമതി ചെയ്യുന്നതിനെ മാത്രം ആശ്രയിച്ച ഇന്ത്യയുടെ പ്രതിരോധ കയറ്റുമതി ഇന്ന് 23,000 കോടി രൂപ പിന്നിട്ടതായി പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. തദ്ദേശീയമായി നിർമിച്ച ബ്രഹ്മോസും മറ്റ് മിസൈലുകളും ആഗോള ശ്രദ്ധ ആകർഷിക്കുന്നുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

### 2026-ലെ സുഭാഷ് ചന്ദ്രബോസ് ആപ്ദ പ്രബന്ധൻ പുരസ്കാരം

സ്ഥാപന വിഭാഗത്തിൽ സിക്കിം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും വ്യക്തിഗത വിഭാഗത്തിൽ ലഫ്റ്റനന്റ് കേണൽ സീത അശോക് ഷെൽക്കെയുമാണ് 2026-ലെ സുഭാഷ് ചന്ദ്രബോസ് ആപ്ദ പ്രബന്ധൻ പുരസ്കാരത്തിന് തെരഞ്ഞെടുക്കപ്പെട്ടത്. ദുരന്ത നിവാരണ മേഖലയിൽ രാജ്യത്തെ വ്യക്തികളും സംഘടനകളും നൽകുന്ന സംഭാവനകളെയും നിസ്വാർത്ഥ സേവനങ്ങളെയും അംഗീകരിക്കാനും ആദരിക്കാനുമാണ് കേന്ദ്ര സർക്കാർ സുഭാഷ് ചന്ദ്രബോസ് ആപ്ദ പ്രബന്ധൻ പുരസ്കാരം ഏർപ്പെടുത്തിയത്. ഇതിന്റെ ഫലമായി പ്രകൃതി ദുരന്തങ്ങളിലെ മരണസംഖ്യയിൽ ഗണ്യമായ കുറവുണ്ടായി.

### 13 കേന്ദ്രങ്ങളിൽ ആഘോഷം

ആൻഡമാൻ നിക്കോബാർ ദ്വീപുകളിലെ പ്രധാന ആഘോഷങ്ങൾക്ക് പുറമെ നേതാജിയുടെ ജീവിതവും പാരമ്പര്യവുമായി അടുത്ത ബന്ധം പുലർത്തുന്ന രാജ്യത്തെ 13 ചരിത്രപ്രധാന കേന്ദ്രങ്ങളിലും പരാക്രം ദിവസ് ആഘോഷിച്ചു-കട്ടക്ക്, കോഡാലിയ, രാംഗഢ്, ഹരിപുര, ജബൽപൂർ, കൊൽക്കത്ത, മുർഷിദാബാദ്, ഡൽഹൗസി, ഡൽഹി, മൊയ്റാങ്, കൊഹിമ, ഗോമോ, മീററ്റ് എന്നീ കേന്ദ്രങ്ങളിലായിരുന്നു ആഘോഷം.




നാഷണൽ കേഡറ്റ് കോർപ്സ്

# ആത്മവിശ്വാസവും അച്ചടക്കവും ഒരുമിച്ച യുവശക്തി

***രാജ്യത്തെ യുവതയെ ആത്മവിശ്വാസവും അച്ചടക്കവും സംവേദനക്ഷമതയും അർപ്പണബോധവും കൈമുതലാക്കിയ പൗരന്മാരാക്കി മാറ്റുന്ന പ്രസ്ഥാനമാണ് നാഷണൽ കേഡറ്റ് കോർപ്സ് (എൻസിസി). എൻസിസിയുടെ ഭാഗമാകുന്ന കേഡറ്റുകളുടെ എണ്ണം സമീപ വർഷങ്ങളിൽ 1.4 ദശലക്ഷത്തിൽ നിന്ന് 2 ദശലക്ഷമായി വർധിച്ചു. 2026-ലെ എൻസിസി റിപ്പബ്ലിക് ദിന ക്യാമ്പിന്റെ സമാപനത്തോടനുബന്ധിച്ച് ഡൽഹിയിലെ കരിയപ്പ പരേഡ് ഗ്രൗണ്ടിൽ സംഘടിപ്പിച്ച വാർഷിക നാഷണൽ കേഡറ്റ് കോർപ്സ് പി.എം റാലിയിൽ സംസാരിക്കവെ എൻസിസി ഓരോ വർഷവും അതിന്റെ പങ്ക് കൂടുതൽ ശക്തിപ്പെടുത്തുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു.***

യുവതയുടെ വേദിയാണ് നാഷണൽ കേഡറ്റ് കോർപ്സ്. ഈ വേദിയിൽ രാജ്യത്തിന്റെ പൈതൃകം അഭിമാനപൂർവം ആഘോഷിക്കപ്പെടുന്നു. ഉദാഹരണത്തിന്, ഈ വർഷം വന്ദേമാതരത്തിന്റെ 150-ാം വാർഷികം വലിയ ആവേശത്തോടെയാണ് എൻസിസി ആഘോഷിച്ചത്. പരംവീർ സാഗർ യാത്ര ഇതിന്റെ മറ്റൊരു മികച്ച ഉദാഹരണമാണ്. എൻസിസി റാലിയിൽ പരംവീർ സാഗർ യാത്രയെ പരാമർശിച്ച പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു: 'നിങ്ങൾക്കെല്ലാവർക്കും അറിയാവുന്നത് പോലെ ഏതാനും വർഷങ്ങൾക്ക് മുൻപ് ആൻഡമാൻ നിക്കോബാർ ദ്വീപുകളിലെ 21 ദ്വീപുകൾക്ക് പരംവീർ ചക്ര പുരസ്കാര ജേതാക്കളുടെ പേര് സർക്കാർ നൽകിയിരുന്നു. ഈ കപ്പൽ യാത്രയിലൂടെ ദേശീയ നായകരെ ആദരിക്കുന്ന മനോഭാവം നിങ്ങൾ പ്രോത്സാഹിപ്പിച്ചു. അതുപോലെ, ലക്ഷദ്വീപിലെ ദ്വീപ് ഉത്സത്തിലൂടെ സമുദ്രത്തെയും സംസ്കാരത്തെയും പ്രകൃതിയെയും നിങ്ങൾ ഒരുപോലെ ആഘോഷമാക്കി.'

എൻസിസി ചരിത്രത്തെ സ്മാരകങ്ങളിൽ നിന്ന് പുറത്തെടുത്ത് ജനഹൃദയങ്ങളിൽ സജീവമാക്കിയെന്ന് കേഡറ്റുകളെ പ്രശംസിച്ച പ്രധാനമന്ത്രി മോദി പറഞ്ഞു. ബാജിറാവു പേഷ്വയുടെ ധീരതയും മഹായോദ്ധാവ് ലച്ചിത് ബോർഫുകന്റെ നൈപുണ്യവും ഭഗവാൻ ബിർസ മുണ്ടയുടെ നേതൃപാടവവും ഉയർത്തിക്കാട്ടുന്ന സൈക്കിൾ റാലികളിലൂടെ എൻസിസി പൊതുബോധത്തെ ഉണർത്തി. രാജ്യത്തെ യുവതയെ വലിയ ആത്മവിശ്വാസത്തോടെയാണ് ഇന്ന് ലോകം ഉറ്റുനോക്കുന്നത്. യുവതയുടെ നൈപുണ്യവും മൂല്യങ്ങളുമാണ് ഈ ആത്മവിശ്വാസത്തിന് കാരണം. ജനാധിപത്യ മൂല്യങ്ങൾക്കൊപ്പം വൈവിധ്യങ്ങളെ ആദരിക്കുകയും ലോകത്തെ ഒരു കുടുംബമായി കാണുകയും ചെയ്യുന്ന മൂല്യങ്ങൾ യുവത ഉയർത്തിക്കാട്ടുന്നു. അതിനാൽ ഇന്ത്യയിലെ യുവാക്കൾ എവിടെ പോയാലും അവർ ആ നാട്ടിലെ ജനങ്ങളുമായി എളുപ്പം ഇടപഴകുകയും അവരുടെ ഹൃദയം കീഴടക്കുകയും ചെയ്യുന്നുവെന്ന് പ്രധാനമന്ത്രി റാലിയിൽ പറഞ്ഞു.

## എൻസിസി കേഡറ്റുകളുടെ എണ്ണം 20 ലക്ഷമായി ഉയർന്നു

സമീപ വർഷങ്ങളിൽ എൻസിസി കേഡറ്റുകളുടെ എണ്ണം 14 ലക്ഷത്തിൽ നിന്ന് 20 ലക്ഷമായി ഉയർന്നു. എൻസിസി കേഡറ്റുകളുടെ എണ്ണത്തിലെ ഗണ്യമായി വർദ്ധനവിനെയാണ് ഇത് സൂചിപ്പിക്കുന്നത്. തീരദേശ, അതിർത്തി മേഖലകളിൽ പ്രത്യേകിച്ചും ഈ വർദ്ധനവ് ദൃശ്യമാണ്. 'ഏക് പേഡ് മാ കേ നാം' പ്രചാരണത്തിന് കീഴിൽ എൻസിസി ഏകദേശം 8 ലക്ഷം വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചു.



## റാലിയുടെ പ്രമേയം

## രാഷ്ട്ര പ്രഥം-കർത്തവ്യനിഷ്ഠ യുവ

- 'രാഷ്ട്ര പ്രഥം-കർത്തവ്യനിഷ്ഠ യുവ' എന്നതായിരുന്നു 2026 ലെ വാർഷിക എൻസിസി പി എം റാലിയുടെ പ്രമേയം. ഇന്ത്യയിലെ യുവാക്കളുടെ കർത്തവ്യബോധം, അച്ചടക്കം, രാഷ്ട്രത്തോടുള്ള പ്രതിബദ്ധത എന്നിവ പ്രമേയം പ്രതിഫലിപ്പിക്കുന്നു.
- ഒരു മാസം നീണ്ടുനിന്ന 2026 ലെ എൻസിസി റിപ്പബ്ലിക് ദിന ക്യാമ്പിന്റെ പരിസമാപ്തിയെന്ന നിലയിലാണ് എൻസിസി പി എം റാലി സംഘടിപ്പിച്ചത്.
- ഈ വർഷം, രാജ്യത്തുടനീളമുള്ള 2,406 എൻസിസി കേഡറ്റുകൾ ക്യാമ്പിൽ പങ്കെടുത്തു, അതിൽ 898 പെൺകുട്ടികളും ഉൾപ്പെടുന്നു. 21 രാജ്യങ്ങളിൽ നിന്നുള്ള 207 യുവാക്കളും ഓഫീസർമാരും റാലിയിൽ പങ്കെടുത്തു.
- എൻസിസി കേഡറ്റുകൾ, രാഷ്ട്രീയ രംഗശാല, നാഷണൽ സർവീസ് സ്കീം അംഗങ്ങൾ എന്നിവരുടെ സാംസ്കാരിക പരിപാടികളിലൂടെ രാഷ്ട്ര നിർമ്മാണത്തിലും സാമൂഹിക സേവനത്തിലും വ്യക്തി വികാസത്തിലും യുവാക്കൾ വഹിക്കുന്ന പങ്ക് റാലിയിൽ പ്രദർശിപ്പിച്ചു.

**നമ്മുടെ രാജ്യത്തെ യുവാക്കളുടെ നേട്ടങ്ങൾ ഇന്ന് ലോകം മുഴുവൻ അംഗീകരിക്കുന്നു. ഈ യുവാക്കളുടെ പ്രതിഭ കൈമുതലാക്കി, ആഗോള വിവരസാങ്കേതിക മേഖലയുടെ നട്ടെല്ലായി ഇന്ത്യ മാറിയിരിക്കുന്നു. ഇപ്പോൾ, ഈ യുവാക്കളുടെ ശക്തിയാൽ, സ്റ്റാർട്ടപ്പുകൾ, ബഹിരാകാശം, ഡിജിറ്റൽ സാങ്കേതികവിദ്യ തുടങ്ങിയ എല്ലാ മേഖലകളിലും നൂതന വിപ്ലവം ആരംഭിച്ചിരിക്കുന്നു.**

*നരേന്ദ്ര മോദി, പ്രധാനമന്ത്രി*

*പ്രധാനമന്ത്രിയുടെ പരിപാടി പൂർണമായി കാണാൻ ക്യുആർ കോഡ് സ്കാൻ ചെയ്യുക*


നമ്മുടെ പ്രതിഭ വിനിയോഗിച്ച് രാഷ്ട്ര വികസനത്തിന് നാം സംഭാവന നൽകുന്നു. അതാണ് നമ്മുടെ മൂല്യബോധം, അതാണ് നമ്മുടെ തനത് ഭാവം. മാതൃരാജ്യത്തോടുള്ള അപാരമായ ഭക്തിയും സ്വന്തം ജോലിയോടുള്ള സമാനതകളില്ലാത്ത സമർപ്പണവും നമ്മുടെ പൈതൃകമാണ്.

**യുവാക്കൾക്കായി ഫിറ്റ്നസ് മന്ത്രം**

വരും കാലത്ത് എത്രത്തോളം കായികക്ഷമത നിലനിർത്താൻ നമുക്ക് കഴിയും എന്നതാണ് യുവശക്തി നേരിടുന്ന വലിയ പരീക്ഷണം. കായികക്ഷമത അഥവാ ഫിറ്റ്നസ് എന്നത് കുറച്ച് മിനിറ്റുകളിലെ വ്യായാമത്തിൽ ഒതുങ്ങുന്നില്ല. അത് നമ്മുടെ സ്വഭാവമാകണം. ഭക്ഷണക്രമം മുതൽ ദിനചര്യ വരെ അച്ചടക്കമുള്ള ജീവിതശൈലിയും അനിവാര്യമാണ്. ഫിറ്റ് ഇന്ത്യ പ്രചാരണത്തെ എൻസിസി പ്രോത്സാഹിപ്പിക്കുന്നു. എൻസിസി കേഡറ്റുകൾ കായികരംഗത്ത് മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നു. ചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി യുവാക്കളോട് അഭ്യർത്ഥിച്ചു. എണ്ണ ഉപഭോഗം പരമാവധി കുറയ്ക്കാൻ നമുക്ക് ശ്രമിക്കാം. കുറച്ചു കാലം മുമ്പ്, ഭക്ഷണത്തിലെ എണ്ണയുടെ അളവ് 10 ശതമാനം കുറയ്ക്കാൻ ഞാൻ പൗരന്മാരോട് ആവശ്യപ്പെട്ടിരുന്നു. ഇന്ന്, എല്ലാ യുവാക്കളോടും ആ അഭ്യർത്ഥന ഞാൻ ആവർത്തിക്കുന്നു.

**പ്രധാനമന്ത്രി മോദിയുടെ 'രാഷ്ട്രം ആദ്യം' എന്ന വികാരം എൻസിസി ശക്തിപ്പെടുത്തി**

ദേശസുരക്ഷയ്ക്ക് വെല്ലുവിളി ഉയർന്ന ഓപ്പറേഷൻ സിന്ദൂറിന്റെ നിർണായക ഘട്ടത്തിൽ, എൻസിസി കേഡറ്റുകൾ അവരുടെ ഉത്തരവാദിത്തങ്ങൾ മികച്ച രീതിയിൽ നിർവ്വഹിച്ചു. ചിലർ സായുധ സേനയുടെ തയ്യാറെടുപ്പുകളിൽ സഹായിച്ചു, ചിലർ രക്തദാന ക്യാമ്പുകൾ സംഘടിപ്പിച്ചു, മറ്റുചിലരാകട്ടെ പ്രഥമശുശ്രൂഷാ ക്യാമ്പുകൾ മുഖേന സേവനം നൽകി. പരേഡ് ഗ്രൗണ്ടിലെ പരിശീലനത്തോടൊപ്പം, 'രാഷ്ട്രം ആദ്യം' എന്ന ദർശനത്തിലൂന്നിയും എൻസിസി പരിശീലനം നൽകുന്നു. എൻസിസി വളർത്തിയെടുക്കുന്ന ഈ ദേശസ്നേഹവും നേതൃത്വവും ദുഷ്കരമായ സമയങ്ങളിൽ രാജ്യത്തിനായി പൂർണ്ണ സമർപ്പണത്തോടെ പ്രവർത്തിക്കാൻ അവരെ പ്രചോദിപ്പിക്കുന്നു. പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു, 'ഞാൻ എൻസിസിയിൽ ആയിരുന്നപ്പോൾ, 'രാഷ്ട്രം ആദ്യം' എന്ന ബോധം എന്നിൽ ശക്തിപ്പെട്ടു. ഇന്ന്, നിങ്ങളെല്ലാം എൻസിസിയിൽ നിന്ന് അതേ മൂല്യങ്ങൾ സ്വായത്തമാക്കുന്നതിൽ എനിക്ക് അഭിമാനമുണ്ട്.'




ഇന്ത്യയുടെ പുതിയ ഊർജ്ജ ദർശനം

# കേവലം ഊർജ്ജ സുരക്ഷയല്ല, സ്വാശ്രയത്വത്തിനായി ഒരു ദൗത്യം

*ഭാവിയിലെ ആവശ്യകതകളും വെല്ലുവിളികളും നിറവേറ്റുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചും ഊർജ്ജ സുരക്ഷ ലക്ഷ്യമിട്ടും മാത്രമല്ല, ഊർജ്ജ സ്വാശ്രയത്വം കൈവരിക്കാൻ വേണ്ടിയുമാണ് ഇന്ത്യ ഇപ്പോൾ പ്രവർത്തിക്കുന്നത്. ഊർജ്ജ മേഖലയിൽ ഇന്ത്യയ്ക്ക് ഒട്ടേറെ അവസരങ്ങളുണ്ട്, അതുകൊണ്ടാണ് ജനുവരി 27 മുതൽ 30 വരെ ഗോവയിൽ നടന്ന ഇന്ത്യ ഊർജ്ജ വാരം 2026 ൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ആഗോള പ്രതിനിധികളോട് ഇന്ത്യയിൽ നിർമ്മിക്കുക, ഇന്ത്യയിൽ കണ്ടുപിടിക്കുക, ഇന്ത്യക്കൊപ്പം മുന്നേറുക, ഇന്ത്യയിൽ നിക്ഷേപിക്കുക എന്നീ ആഹ്വാനങ്ങൾ നടത്തിയത്.*

ഇന്ത്യയെ സംബന്ധിച്ചിടത്തോളം ഊർജ്ജ സ്വയംപര്യാപ്തത എന്നത് ഐച്ഛികമല്ല, മറിച്ച് സാമ്പത്തികവും തന്ത്രപരവുമായ ഭൗമ-രാഷ്ട്രീയ ആവശ്യകതയാണ്. അതുകൊണ്ടാണ് ഇന്ത്യ ഹരിതവും ശുദ്ധവുമായ ഊർജ്ജം അതിവേഗം സ്വീകരിക്കുന്നതിൽ മാത്രമല്ല, അഭിലഷണീയമായ ഉത്പാദന ശേഷി ലക്ഷ്യങ്ങൾ നിശ്ചയിക്കുകയും അവ സമയത്തിന് മുമ്പേ നേടിയെടുക്കുകയും ചെയ്യുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഊർജ്ജ മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കാനും വിദേശ ഇന്ധനങ്ങളോടുള്ള ആശ്രിതത്വം കുറയ്ക്കാനുമുള്ള ദൗത്യത്തിലാണ് ഇന്ത്യയിപ്പോൾ. ഊർജ്ജ മേഖലയിൽ പങ്കാളിത്തങ്ങളും നിക്ഷേപങ്ങളും ആകർഷിക്കാനുള്ള ശ്രമങ്ങളും പുരോഗമിക്കുന്നു. രാജ്യത്തിന്റെ ആഭ്യന്തര ആവശ്യം നിറവേറ്റാനും കുറഞ്ഞ ചെലവിലുള്ള ശുദ്ധീകരണ, ഗതാഗത വെല്ലുവിളികളെ മറികടന്ന് കയറ്റുമതി കൂടുതൽ മത്സരാധിഷ്ഠിതമാക്കാനും കഴിയുന്ന ഒരു ഊർജ്ജ ആവാസവ്യവസ്ഥ ഇന്ത്യ വികസിപ്പിക്കുകയാണ്.

സമസ്ത മേഖലകളിലും ആഗോള പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് ഇന്ത്യ നിരന്തരം പ്രവർത്തിക്കുന്നു. പങ്കാളിത്തങ്ങൾ ശക്തിപ്പെടുത്താനുള്ള ഈ ശ്രമത്തിന് അനുസൃതമായി, 2026 ലെ ഇന്ത്യ ഊർജ്ജ വാരത്തിൽ, ഇന്ത്യയിലെ ഊർജ്ജ മൂല്യ ശൃംഖലയുമായി ബന്ധപ്പെട്ട വിവിധ മേഖലകളിൽ ഗണ്യമായ നിക്ഷേപ അവസരങ്ങളുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി വ്യക്തമാക്കുകയുണ്ടായി. സ്വന്തം പര്യവേക്ഷണ മേഖലകൾ ഇന്ത്യ തുറന്നിടുകയാണ്. ആഴക്കടൽ പര്യവേക്ഷണവുമായി ബന്ധപ്പെട്ട ദൗത്യം അത്തരമൊരു ഉദാഹരണമാണ്.



"ഇന്ത്യ നിലവിൽ പരിഷ്കരണ പാതയിലാണ്. സമസ്ത മേഖലകളിലും പരിഷ്കാരങ്ങൾ ദ്രുതഗതിയിൽ നടപ്പിലാക്കിവരുന്നു. ആഭ്യന്തര ഹൈഡ്രോകാർബൺ മേഖലയെ ശക്തിപ്പെടുത്തുന്നതിനുള്ള പരിഷ്കാരങ്ങൾ നടപ്പിലാക്കുകയാണ്. ആഗോള സഹകരണത്തിനായി സുതാര്യവും നിക്ഷേപക സൗഹൃദവുമായ ഒരു അന്തരീക്ഷം സൃഷ്ടിക്കപ്പെടുന്നു. പര്യവേക്ഷണവുമായി ബന്ധപ്പെട്ട നിരോധിത മേഖലകൾ ഗണ്യമായി കുറയ്ക്കാൻ നമുക്കായിട്ടുണ്ട്.

*നരേന്ദ്ര മോദി, പ്രധാനമന്ത്രി*



*പ്രധാനമന്ത്രിയുടെ പരിപാടി പൂർണമായി കാണാൻ ക്യൂആർ കോഡ് സ്കാൻ ചെയ്യുക*

## ഇന്ത്യയുടെ ഊർജ്ജ മേഖലയിലെ നിക്ഷേപം ലാഭകരം

2026 ലെ ഇന്ത്യ ഊർജ്ജവാരത്തിൽ പങ്കെടുത്ത 125 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികളോട് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു, ഇന്ത്യൻ ഊർജ്ജ മേഖലയിലെ നിക്ഷേപം വളരെ ലാഭകരമാണ്. രാജ്യത്തിന് വളരെ വിപുലമായ ശുദ്ധീകരണ ശേഷിയുണ്ട്; ഈ കാര്യത്തിൽ ഇന്ത്യ ലോകത്ത് രണ്ടാം സ്ഥാനത്താണ്, ഉടൻ തന്നെ ഒന്നാം സ്ഥാനത്തെത്തും. ഇന്ന്, ഇന്ത്യയുടെ ശുദ്ധീകരണ ശേഷി ഏകദേശം 260 MMTPA ആണ്, ഇത് 300 MMTPA-ആയി വർദ്ധിപ്പിക്കാൻ ഊർജ്ജിത ശ്രമങ്ങൾ നടന്നു വരുന്നു. ദ്രവീകൃത പ്രകൃതി വാതകം (എൽഎൻജി) ഉപയോഗിച്ച് മൊത്തം ഊർജ്ജ ആവശ്യകതയുടെ 15 ശതമാനം നിറവേറ്റുക എന്നതാണ് ഇന്ത്യയുടെ ലക്ഷ്യം. ഇതിനായി മുഴുവൻ എൽഎൻജി മൂല്യ ശൃംഖലയും കേന്ദ്രീകരിച്ച് പ്രവർത്തിക്കേണ്ടതുണ്ടെന്ന് പ്രധാനമന്ത്രി മോദി പറഞ്ഞു. എൽഎൻജി ഗതാഗതത്തിന് ആവശ്യമായ കപ്പലുകൾ ഇന്ത്യയിൽ തന്നെ നിർമ്മിക്കുന്നതിനുള്ള പാതയിൽ മുന്നേറുകയാണ് നാം. അടുത്തിടെ കപ്പൽ നിർമ്മാണത്തിനായി 70,000 കോടി രൂപയുടെ ഒരു പദ്ധതി ഇന്ത്യ ആരംഭിച്ചു. എൽഎൻജി ഗതാഗതത്തിനായി ഇന്ത്യയിൽ വിപുലമായ ഒരു പൈപ്പ്ലൈൻ ശൃംഖലയും ആവശ്യമാണ്.

## ഇന്ത്യയുടെ കയറ്റുമതി മേഖല ലോകമെമ്പാടുമുള്ള 150-ലധികം രാജ്യങ്ങളിലേക്ക് വ്യാപിച്ചു

ഊർജ്ജ മേഖലയ്ക്ക് വിപുലമായ അവസരങ്ങളുള്ള നാടാണ് ഇന്ത്യ. ആഗോളതലത്തിൽ അതിവേഗം വളരുന്ന പ്രധാന സമ്പദ് വ്യവസ്ഥകളിൽ ഒന്നാണ് ഇന്ത്യ, ഇത് ഊർജ്ജ ഉത്പന്നങ്ങൾക്കുള്ള ആവശ്യകത നിരന്തരം വർദ്ധിക്കുന്നതിലേക്ക് നയിക്കുന്നു. കൂടാതെ, ആഗോള ആവശ്യം നിറവേറ്റുന്നതിന് ഇന്ത്യ മികച്ച അവസരങ്ങൾ പ്രദാനം ചെയ്യുന്നു. ഇന്ന്, ലോകത്തിലെ പെട്രോളിയം ഉത്പന്നങ്ങളുടെ 5 മുൻനിര കയറ്റുമതി രാജ്യങ്ങളിൽ ഇന്ത്യയും ഉൾപ്പെടുന്നു, 150-ലധികം രാജ്യങ്ങളിലേക്ക് കയറ്റുമതി ഉണ്ട്. ഇന്ത്യയുടെ ഈ ശേഷി വളരെ ഉപയോഗപ്രദമാകുമെന്ന് പ്രധാനമന്ത്രി മോദി നിക്ഷേപകരോട് പറഞ്ഞു. പങ്കാളിത്തങ്ങൾ പര്യവേക്ഷണം ചെയ്യുന്നതിനുള്ള മികച്ച ഇടമാണ് ഇന്ത്യ ഊർജ്ജവാരം 2026 എന്ന വേദിയെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

ഈ ദശാബ്ദത്തിന്റെ അവസാനത്തോടെ എണ്ണ, പ്രകൃതി വാതക മേഖലയിലെ നിക്ഷേപം 100 ബില്യൺ ഡോളറായി ഉയർത്താൻ ഇന്ത്യ ശ്രമിക്കുന്നു, പര്യവേക്ഷണ വിസ്തൃതി 1 ദശലക്ഷം ചതുരശ്ര കിലോമീറ്ററായി വികസിപ്പിക്കുക എന്നതാണ് ലക്ഷ്യം. ഈ ദർശനത്തോടെ, 170-ലധികം ബ്ലോക്കുകൾ ഇതിനോടകം അനുവദിച്ചു കഴിഞ്ഞു. രാജ്യത്തിന്റെ ഹൈഡ്രോകാർബൺ മേഖലയുടെ ഭാവി പ്രതീക്ഷയായി ആൻഡമാൻ നിക്കോബാർ തീരം ഉയർന്നുവരുന്നു.




# തന്ത്രപരമായ പങ്കാളിത്തം വികസനം ത്വരിതപ്പെടുത്തുന്നു

***സമീപ വർഷങ്ങളിൽ, യുണൈറ്റഡ് അറബ് എമിറേറ്റ്സും ഇന്ത്യയും തമ്മിലുള്ള ബന്ധം പുതിയ ഉയരങ്ങളിലെത്തി. ഇതിനെത്തുടർന്ന്, പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ക്ഷണപ്രകാരം യുഎഇ പ്രസിഡന്റ് ഷെയ്ഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാൻ ജനുവരി 19 ന് ഇന്ത്യ സന്ദർശിച്ചു. ഈ ഹ്രസ്വ സന്ദർശനത്തിനിടെ, ഇരു രാജ്യങ്ങളും തമ്മിൽ നിരവധി സുപ്രധാന കരാറുകളിൽ ഒപ്പുവച്ചു...***

വ്യാപാരം, നിക്ഷേപം, ഊർജ്ജം, പ്രതിരോധം, നൂതനാശയങ്ങൾ എന്നീ മേഖലകളിൽ ഇന്ത്യയും യുണൈറ്റഡ് അറബ് എമിറേറ്റ്സും തന്ത്രപരമായ പങ്കാളിത്തവും സഹകരണവും നിരന്തരം ശക്തിപ്പെടുത്തി വരികയാണ്. യുഎഇ പ്രസിഡന്റിന്റെ സന്ദർശനം കേവലം ഔപചാരിക സന്ദർശനമെന്നതിലുപരി അഭിവൃദ്ധി, സാങ്കേതിക സഹകരണം, ജനങ്ങൾ തമ്മിലുള്ള ശക്തമായ ബന്ധം എന്നിവ ഊട്ടിയുറപ്പിക്കുന്നതിനുള്ള നിർണായക ചുവടുവയ്പ്പാണ്. പ്രധാനമന്ത്രി നരേന്ദ്ര മോദി തന്നെ യുഎഇ പ്രസിഡന്റിനെ സ്വാഗതം ചെയ്യാൻ ഡൽഹി വിമാനത്താവളത്തിൽ എത്തിയത് ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്നു. ഇരു രാജ്യങ്ങളും തമ്മിലുള്ള ശക്തമായ സൗഹൃദമാണ് ഈ സന്ദർശനം പ്രതിഫലിപ്പിക്കുന്നത്. കഴിഞ്ഞ 10 വർഷത്തിനിടെ ഷെയ്ഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാന്റെ ഇന്ത്യയിലേക്കുള്ള അഞ്ചാമത്തെ സന്ദർശനവും പ്രസിഡന്റ് എന്ന നിലയിൽ അദ്ദേഹത്തിന്റെ മൂന്നാമത്തെ ഔദ്യോഗിക സന്ദർശനവുമാണിതെന്നതും ബന്ധത്തിന്റെ ആഴം വ്യക്തമാക്കുന്നു.

കൂടിക്കാഴ്ചയ്ക്ക് ശേഷം, 2022-ൽ സമഗ്ര സാമ്പത്തിക പങ്കാളിത്ത കരാർ (സിഇപിഎ) ഒപ്പുവച്ച ശേഷം വ്യാപാര, സാമ്പത്തിക സഹകരണത്തിലുണ്ടായ ശക്തമായ വളർച്ചയെ ഇരു നേതാക്കളും സംയുക്ത പ്രസ്താവനയിൽ സ്വാഗതം ചെയ്തു. 2024-25 സാമ്പത്തിക വർഷത്തിൽ 100 ബില്യൺ യു.എസ് ഡോളറിലെത്തിയ ഉഭയകക്ഷി വ്യാപാരത്തിന്റെ ദ്രുതഗതിയിലുള്ള വളർച്ചയും അവർ ചൂണ്ടിക്കാട്ടി. ഇരുവശത്തുമുള്ള ബിസിനസ്സ് സമൂഹങ്ങളുടെ ആവേശത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട്, 2032 ആകുമ്പോഴേക്കും 200 ബില്യൺ യു.എസ് ഡോളർ ലക്ഷ്യമാക്കി ഉഭയകക്ഷി വ്യാപാരം ഇരട്ടിയാക്കാൻ ഇരുപക്ഷവും തീരുമാനിച്ചിട്ടുണ്ട്. ഇന്ത്യ-യുഎഇ സൗഹൃദത്തിന്റെ ശാശ്വത പ്രതീകമെന്ന നിലയിൽ അബുദാബിയിൽ ഹൗസ് ഓഫ് ഇന്ത്യ സ്ഥാപിക്കാൻ ഇരു നേതാക്കളും തീരുമാനിച്ചു.



## പ്രധാന പ്രഖ്യാപനങ്ങൾ

- ഇന്ത്യയിൽ ഒരു സൂപ്പർ കമ്പ്യൂട്ടിംഗ് ക്ലസ്റ്റർ സ്ഥാപിക്കും.
- 2032 ആകുമ്പോഴേക്കും ഉഭയകക്ഷി വ്യാപാരം 200 ബില്യൺ യു.എസ് ഡോളറായി ഉയർത്തുക എന്നതാണ് ഒരു ലക്ഷ്യം.
- ഉഭയകക്ഷി സിവിൽ ആണവ സഹകരണം പ്രോത്സാഹിപ്പിക്കും.
- ഗുജറാത്തിലെ ഗിഫ്റ്റ് സിറ്റിയിൽ യുഎഇ കമ്പനികളായ ഫസ്റ്റ് അബുദാബി ബാങ്ക് (FAB), ഡിപി വേൾഡ് എന്നിവയുടെ ഓഫീസുകൾ സ്ഥാപിക്കുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്യും.
- ഒരു ഡിജിറ്റൽ/ഡാറ്റ എംബസി സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്നു.
- അബുദാബിയിൽ 'ഹൗസ് ഓഫ് ഇന്ത്യ' സ്ഥാപിക്കും.
- യുവജന വിനിമയ പരിപാടികൾ പ്രോത്സാഹിപ്പിക്കും.

*പ്രധാനമന്ത്രിയുടെ പരിപാടി പൂർണമായി കാണാൻ ക്യുആർ കോഡ് സ്കാൻ ചെയ്യുക*





*2026-ൽ ഇന്ത്യയുടെ ബ്രിക്സ് അധ്യക്ഷ പദവിയുടെ വിജയത്തിന് യുഎഇ പൂർണ്ണ പിന്തുണ അറിയിച്ചു. 2026 അവസാനം യുഎഇ സഹ-ആതിഥേയത്വം വഹിക്കുന്ന 2026-ലെ യുഎൻ ജല സമ്മേളനത്തിന് ഇന്ത്യ പിന്തുണ വാഗ്ദാനം ചെയ്തു.*

സാംസ്കാരിക ധാരണ കൂടുതൽ ആഴത്തിലാക്കുക എന്ന ലക്ഷ്യത്തോടെ ജനങ്ങൾ തമ്മിലുള്ള ബന്ധം വളർത്തിയെടുക്കുന്നത് തുടരാൻ ഇരുവരും ധാരണയിലെത്തി. ഇന്ത്യ-യുഎഇ പങ്കാളിത്തത്തിന്റെ ആധാരശില എന്ന നിലയിൽ വിദ്യാഭ്യാസത്തെ തിരിച്ചറിഞ്ഞിട്ടുണ്ട്. ഡൽഹിയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെയും അഹമ്മദാബാദിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിന്റെയും ഓഫ്ഷോർ കാമ്പസുകൾ യുഎഇയിൽ തുറന്നതിനെ ഇരുവരും സ്വാഗതം ചെയ്തു, അക്കാദമിക് സ്ഥാപനങ്ങൾക്കിടയിൽ സഹകരണം പ്രോത്സാഹിപ്പിക്കുന്നതിനുള്ള തീരുമാനവും കൈക്കൊണ്ടു. സ്കൂളുകളിലും കോളേജുകളിലും നൂതനാശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി ടിങ്കറിംഗ് ലാബുകൾ ആരംഭിക്കുന്നതിനുള്ള സഹകരണം ഇതിൽ ഉൾപ്പെടും.

ഉഭയകക്ഷി ഊർജ്ജ പങ്കാളിത്തം ശക്തിപ്പെടുന്നതിൽ ഇരു നേതാക്കളും സംതൃപ്തി പ്രകടിപ്പിച്ചു. ഇന്ത്യയുടെ ഊർജ്ജ സുരക്ഷയിൽ യുഎഇയുടെ സംഭാവനയും എടുത്തുപറഞ്ഞു. 2028 മുതൽ പ്രതിവർഷം 0.5 ദശലക്ഷം ടൺ ദ്രവീകൃത പ്രകൃതിവാതകം വിതരണം ചെയ്യുന്നതിനായി ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡും ADNOC ഗ്യാസും തമ്മിൽ 10 വർഷത്തെ കരാറിൽ ഒപ്പുവച്ചു, ഇത് 2028 മുതൽ ആരംഭിക്കും. ഇരു രാജ്യങ്ങളുടെയും പരമാധികാരവും അഖണ്ഡതയും തന്ത്രപരമായ സ്വയംനിർണ്ണയവും മാനിച്ച് പ്രവർത്തിക്കാനും തീരുമാനമായി. സുസ്ഥിരവും ശക്തവുമായ ഉഭയകക്ഷി പ്രതിരോധ, സുരക്ഷാ സഹകരണം തന്ത്രപരമായ സമഗ്ര പങ്കാളിത്തത്തിന്റെ പ്രധാന സ്തംഭമായി അംഗീകരിക്കപ്പെട്ടു. അതിർത്തി കടന്നുള്ള ഭീകരത ഉൾപ്പെടെ എല്ലാ രൂപങ്ങളിലും ഭാവങ്ങളിലുമുള്ള ഭീകരവാദത്തെ അസന്ദിഗ്ധമായി അപലപിച്ചു, കൂടാതെ ഭീകര പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്നവർക്കും, ആസൂത്രണം ചെയ്യുന്നവർക്കും, പിന്തുണയ്ക്കുന്നവർക്കും ഒരു രാജ്യവും സുരക്ഷിത താവളം ഒരുക്കരുതെന്ന് നിർദ്ദേശിച്ചു.



പ്രധാനമന്ത്രിയുടെ പരിപാടി പൂർണമായി കാണാൻ ക്യുആർ കോഡ് സ്കാൻ ചെയ്യുക

"എല്ലാ കരാറുകളുടെയും മാതാവ്"

# ഇന്ത്യ-യൂറോപ്യൻ യൂണിയൻ ബന്ധങ്ങളിൽ പുതുയുഗത്തിനായി ആഹ്വാനം

***ആഗോള സമ്പദ് വ്യവസ്ഥ വലിയ കുതിച്ചുചാട്ടത്തിന് സാക്ഷ്യം വഹിക്കുന്ന സമയത്ത് നിലവിൽ വരുന്ന, ചരിത്രത്തിലെ ഏറ്റവും വലിയ വ്യാപാര കരാറുകളിലൊന്നായ ഇന്ത്യ – യൂറോപ്യൻ യൂണിയൻ സ്വതന്ത്ര വ്യാപാര കരാർ (എഫ് ടി എ) അന്താരാഷ്ട്ര തലത്തിൽ സാമ്പത്തിക സ്ഥിരത സാധ്യമാക്കുന്നതിൽ നിർണായക പങ്ക് വഹിക്കാൻ പോവുകയാണ്. ഇന്ത്യയുടെ ഏറ്റവും വലിയ വ്യാപാര പങ്കാളികളിൽ ഒന്നാണ് യൂറോപ്യൻ യൂണിയൻ. ഇന്ത്യയും യൂറോപ്യൻ യൂണിയനും തമ്മിലുള്ള ഉഭയകക്ഷി വ്യാപാരം ക്രമാനുഗതമായി വളർന്ന്, 2024 – 25 ആയപ്പോഴേയ്ക്കും 11.5 ലക്ഷം കോടിയിലെത്തി. ഈ കരാർ ഉഭയകക്ഷി വ്യാപാരത്തെ സുഗമവും മത്സരാധിഷ്ഠിതവുമാക്കുക മാത്രമല്ല, നിക്ഷേപം, നൂതനാശയങ്ങൾ, വിതരണ ശൃംഖലകൾ, തൊഴിൽ സൃഷ്ടി തുടങ്ങിയ മേഖലകളിൽ പുതിയ അവസരങ്ങൾ തുറക്കുകയും ചെയ്യും...***

ലോകത്തിലെ രണ്ടാമത്തെയും നാലാമത്തെയും വലിയ സമ്പദ് വ്യവസ്ഥകൾ തമ്മിലുള്ള ചരിത്രപരമായ സ്വതന്ത്ര വ്യാപാര കരാർ പല കാര്യങ്ങളിലും നിർണ്ണായകമാണ്. ഈ കരാർ ഇന്ത്യയിലെയും യൂറോപ്യൻ യൂണിയനിലെയും 200 കോടി ജനങ്ങളെ സംബന്ധിച്ച് മാത്രമല്ല, മറ്റ് ലോക രാജ്യങ്ങളിലും ദൂരവ്യാപകമായ സ്വാധീനം ചെലുത്തും. പ്രധാനമന്ത്രി നരേന്ദ്ര മോദി, യൂറോപ്യൻ കൗൺസിൽ പ്രസിഡന്റ് അന്റോണിയോ കോസ്റ്റ, യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റ് ഉർസുല വോൺ ഡെർ ലെയ്ൻ എന്നിവരുടെ സാന്നിധ്യത്തിലാണ് ഈ കരാർ ഒപ്പിട്ടത്. ഈ കരാറോടെ, ലോകത്തിലെ ഏറ്റവും വലിയ രണ്ട് ജനാധിപത്യ ശക്തികൾ അവരുടെ ബന്ധങ്ങളിൽ ഒരു നിർണായക അധ്യായം എഴുതിച്ചേർത്തു.

ഇന്ത്യ-യൂറോപ്യൻ യൂണിയൻ സ്വതന്ത്ര വ്യാപാര കരാർ സാമ്പത്തികവും തന്ത്രപരവുമായ ബന്ധങ്ങൾ ശക്തിപ്പെടുത്തും. ഇത് ഇന്ത്യൻ കർഷകർക്കും ചെറുകിട വ്യവസായങ്ങൾക്കും യൂറോപ്യൻ വിപണിയിലേക്ക് സുഗമമായ പ്രവേശനം നൽകും. ഇത് ഉത്പാദന മേഖലയിൽ പുതിയ അവസരങ്ങൾ സൃഷ്ടിക്കുകയും സേവന മേഖലയിലെ സഹകരണം ശക്തിപ്പെടുത്തുകയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും പ്രൊഫഷണൽ വിദഗ്ദ്ധർ, വിദ്യാർത്ഥികൾ, ഗവേഷകർ എന്നിവരുടെ യാത്രകൾ സുഗമമാക്കുകയും ചെയ്യും.

വ്യാപാരം, നിക്ഷേപം, നൂതനാശയങ്ങൾ എന്നിവയ്ക്ക് കരാർ പ്രോത്സാഹനമേകും. ഇന്ത്യൻ വിദ്യാർത്ഥികൾക്കും തൊഴിലാളികൾക്കും പ്രൊഫഷണലുകൾക്കും യൂറോപ്യൻ യൂണിയനിൽ പുതിയ അവസരങ്ങൾ തുറന്ന് നൽകും.

ഇന്ത്യയും യൂറോപ്യൻ യൂണിയനും തമ്മിലുള്ള ബന്ധം സമീപ വർഷങ്ങളിൽ ഗണ്യമായ പുരോഗതി പ്രാപിച്ചിട്ടുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. യൂറോപ്യൻ യൂണിയനിൽ അധിവസിക്കുന്ന 800,000-ത്തിലധികം ഇന്ത്യക്കാർ ഈ മുന്നേറ്റത്തിന് സജീവമായി സംഭാവന നൽകി വരുന്നു. നിലവിൽ, ഇരു രാജ്യങ്ങളും തമ്മിലുള്ള വ്യാപാരം 180 ബില്യൺ യൂറോയാണ്. തന്ത്രപരമായ സാങ്കേതികവിദ്യകൾ, ശുദ്ധമായ ഊർജ്ജം, ഡിജിറ്റൽ ഭരണനിർവ്വഹണം എന്നിവ മുതൽ വികസന പങ്കാളിത്തങ്ങൾ വരെ സഹകരണത്തിന്റെ പുതിയ മേഖലകൾ തുറക്കപ്പെടുകയാണ്. ഇന്ന്, ഇന്ത്യ അതിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ സ്വതന്ത്ര വ്യാപാര കരാർ വിജയകരമായി പൂർത്തിയാക്കിയിരിക്കുന്നു. ഈ മാസത്തിന്റെ 27-ാം ദിനത്തിൽ, യൂറോപ്യൻ യൂണിയനിലെ 27 അംഗരാജ്യങ്ങളുമായി ഇന്ത്യ ഈ സ്വതന്ത്ര വ്യാപാര കരാറിൽ ഏർപ്പെടുന്നത് സന്തോഷകരമായ യാദൃശ്ചികതയാണ്. ഈ ചരിത്രപരമായ കരാർ നമ്മുടെ കർഷകർക്കും ചെറുകിട സംരംഭങ്ങൾക്കും യൂറോപ്യൻ വിപണികളിലേക്ക് സുഗമമായ പ്രവേശനം സാധ്യമാക്കുകയും, ഉത്പാദന മേഖലയിൽ പുതിയ അവസരങ്ങൾ സൃഷ്ടിക്കുകയും, നമ്മുടെ സേവന മേഖലകളിലുടനീളം സഹകരണം കൂടുതൽ ശക്തിപ്പെടുത്തുകയും ചെയ്യും. മാത്രമല്ല, എഫ്ടിഎ ഇന്ത്യയിലും യൂറോപ്യൻ യൂണിയനിലും നിക്ഷേപം വർദ്ധിപ്പിക്കുകയും നൂതനാശയ പങ്കാളിത്തങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്യും. ആഗോള വിതരണ ശൃംഖലകൾ ശക്തിപ്പെടുത്തുന്നതിനൊപ്പം, സംയുക്ത അഭിവൃദ്ധിക്കുള്ള പുതിയ രൂപരേഖയായും ഈ കരാർ വർത്തിക്കും. ഇന്ത്യയും യൂറോപ്യൻ യൂണിയനും ഔപചാരികമാക്കിയ തന്ത്രപരമായ പങ്കാളിത്തത്തിന്റെ അടിത്തറയാണ് പ്രതിരോധ, സുരക്ഷാ സഹകരണമെന്നും പ്രധാനമന്ത്രി മോദി പറഞ്ഞു. ഭീകരവിരുദ്ധ പ്രവർത്തനം, സമുദ്ര സുരക്ഷ, സൈബർ സുരക്ഷ എന്നിവയിൽ ഈ പങ്കാളിത്തം സഹകരണം ശക്തിപ്പെടുത്തും. ഇരു പക്ഷങ്ങളും തമ്മിലുള്ള ഇന്തോ-പസഫിക് മേഖലയിലെ സഹകരണത്തിന്റെ വ്യാപ്തിയും വികസിക്കും. രാഷ്ട്രങ്ങൾ തമ്മിലുള്ള ബന്ധത്തിന്റെ ഗതിയിൽ, ചരിത്രം തിരുത്തി കുറിക്കുന്ന നിമിഷങ്ങൾ ഉണ്ടാകാറുണ്ടെന്ന് പ്രധാനമന്ത്രി മോദി പറഞ്ഞു, ഇവിടെ ചരിത്രം തിരുത്തി കുറിക്കപ്പെടുകയാണ്, ഒരു പുതു യുഗം ഇവിടെ ആരംഭിക്കുകയാണ്. ഇന്ത്യയും യൂറോപ്യൻ യൂണിയനും തമ്മിലുള്ള ചരിത്രപരമായ ഉച്ചകോടി അത്തരമൊരു നിമിഷത്തെ പ്രതിനിധീകരിക്കുന്നു.

### പത്ത് വർഷത്തിനുള്ളിൽ വ്യാപാരം ഇരട്ടിയായി.

ഇന്ത്യയുടെ ഏറ്റവും വലിയ വ്യാപാര പങ്കാളികളിൽ ഒന്നാണ് യൂറോപ്യൻ യൂണിയൻ. കഴിഞ്ഞ പത്ത് വർഷത്തിനിടെ ഇന്ത്യയും യൂറോപ്യൻ യൂണിയനും തമ്മിലുള്ള വ്യാപാരം ഇരട്ടിയായി, 180 ബില്യൺ യൂറോയിലെത്തി. 6,000-ത്തിലധികം യൂറോപ്യൻ കമ്പനികൾ ഇന്ത്യയിൽ പ്രവർത്തിക്കുന്നു. യൂറോപ്യൻ യൂണിയൻ ഇന്ത്യയിൽ 120 ബില്യൺ യൂറോയിൽ കൂടുതൽ നിക്ഷേപിച്ചിട്ടുണ്ട്. 1,500 ഇന്ത്യൻ കമ്പനികൾ യൂറോപ്യൻ യൂണിയനിൽ ഉണ്ട്, അവിടെ ഇന്ത്യൻ നിക്ഷേപം ഏകദേശം 40 ബില്യൺ യൂറോയിലെത്തി.



### മൂന്ന് മുൻഗണനകളിലാണ് പ്രധാനമന്ത്രി മോദിയുടെ ശ്രദ്ധ

ഒന്നാമത്തേത്: ആഗോളതലത്തിൽ വ്യാപാരം, സാങ്കേതികവിദ്യ, അപൂർവ്വ ധാതുക്കൾ എന്നിവയെ ആയുധമാക്കുന്ന പ്രവണത ഇന്ന് ഏറി വരികയാണ്. അത്തരമൊരു സാഹചര്യത്തിൽ, അപകടകരമായ ആശ്രിതത്വം കുറയ്ക്കാൻ സഹകരിച്ച് പ്രവർത്തിക്കേണ്ടത് അനിവാര്യമാണ്.

രണ്ടാമത്തേത്: പ്രതിരോധ വ്യവസായങ്ങളിലും സങ്കീർണവും നൂതനവുമായ സാങ്കേതികവിദ്യകളിലും ഇന്ത്യയും യൂറോപ്യൻ യൂണിയനും ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നു. പ്രതിരോധം, ബഹിരാകാശം, വാർത്താ വിനിമയം, എഐ തുടങ്ങിയ മേഖലകളിൽ പങ്കാളിത്തം വർദ്ധിപ്പിക്കണമെന്ന് ബിസിനസ് ഫോറത്തിൽ പ്രധാനമന്ത്രി മോദി നിർദ്ദേശിച്ചു.

മൂന്നാമത്: ശുദ്ധവും സുസ്ഥിരവുമായ ഭാവി ഇരുപക്ഷത്തിന്റെയും മുൻഗണനയാണ്. ഹരിത ഹൈഡ്രജൻ മുതൽ സൗരോർജ്ജം, സ്മാർട്ട് ഗ്രിഡുകൾ അടക്കമുള്ള സമസ്ത മേഖലകളിലും സംയുക്ത ഗവേഷണവും നിക്ഷേപവും വർദ്ധിപ്പിക്കണം.

### 22-ാമത് എഫ്ടിഎ പങ്കാളി

യൂറോപ്യൻ യൂണിയൻ ഇന്ത്യയുടെ 22-ാമത് എഫ്ടിഎ പങ്കാളിയായി മാറി. 2014ന് ശേഷം മൗറീഷ്യസ്, യുഎഇ, യുകെ, ഇഎഫ് ടിഎ, ഒമാൻ, ഓസ്ട്രേലിയ എന്നിവയുമായി കേന്ദ്ര സർക്കാർ വ്യാപാര കരാറുകൾ ഒപ്പുവച്ചു. 2025-ൽ ഇന്ത്യ ഒമാനുമായും യുകെയുമായും വ്യാപാര കരാറുകളിൽ ഒപ്പുവെക്കുകയും ന്യൂസിലൻഡുമായുള്ള വ്യാപാര കരാർ അന്തിമമാക്കുകയും ചെയ്തു.



### വിപണി പ്രവേശനം മെച്ചപ്പെടുന്നു

ഇന്ത്യയുടെയും യൂറോപ്യൻ യൂണിയന്റെയും സംയുക്ത വിപണി മൂല്യം 2091.6 ലക്ഷം കോടി രൂപയിലധികം വരുമെന്ന് കണക്കാക്കപ്പെടുന്നു. വ്യാപാര മൂല്യത്തിൽ, ഇന്ത്യയുടെ കയറ്റുമതിയുടെ 99 ശതമാനത്തിലധികം ഉത്പന്നങ്ങൾക്കും മികച്ച വിപണി പ്രവേശനം ഈ സ്വതന്ത്ര വ്യാപാര കരാർ ഉറപ്പാക്കും

### യൂറോപ്പ് വിപണിയിലേക്ക് ഇന്ത്യയുടെ പ്രവേശനം

- യൂറോപ്യൻ വിപണിയിലെ 97% ടാരിഫ് ലൈനുകളിൽ (വിവിധ ഉൽപ്പന്ന വിഭാഗങ്ങളിൽ) ഇന്ത്യ മുൻഗണനാടിസ്ഥാനത്തിലുള്ള പ്രവേശനം ഉറപ്പാക്കിയിട്ടുണ്ട്; ഇത് മൊത്തം വ്യാപാര മൂല്യത്തിന്റെ 99.5 ശതമാനത്തെയും ഉൾക്കൊള്ളുന്നു.
- തുണിത്തരങ്ങൾ, തുകൽ, പാദരക്ഷകൾ, ചായ, കാപ്പി, സുഗന്ധവ്യഞ്ജനങ്ങൾ, സ്പോർട്സ് ഉപകരണങ്ങൾ, കളിപ്പാട്ടങ്ങൾ, രത്നങ്ങൾ അടക്കമുള്ള തൊഴിൽ പ്രധാന മേഖലകളിലെ തീരുവ ഉടനടി ഒഴിവാക്കപ്പെടും, ഇത് ഇന്ത്യൻ കയറ്റുമതിയുടെ 90.7% വരുന്ന ഉത്പന്ന നിരയുടെ 70.4% ഉൾക്കൊള്ളുന്നു.
- ഇന്ത്യൻ കയറ്റുമതിയുടെ 2.9% വരുന്ന 20.3% ഉത്പന്നങ്ങളിൽ, ചില സമുദ്രോത്പന്നങ്ങൾ, സംസ്കരിച്ച ഭക്ഷ്യവസ്തുക്കൾ, ആയുധങ്ങൾ, വെടിക്കോപ്പുകൾ മുതലായവയ്ക്ക്, 3 മുതൽ 5 വർഷത്തിനുള്ളിൽ തീരുവ രഹിത പ്രവേശനമൊരുക്കും.
- ചില കോഴി ഉത്പന്നങ്ങൾ, സംരക്ഷിത പച്ചക്കറികൾ, ബേക്കറി ഉത്പന്നങ്ങൾ മുതലായവയ്ക്കുള്ള തീരുവകൾ കുറയ്ക്കുന്നത് മുഖേനയോ കാറുകൾ, ഉരുക്ക് മുതലായവയ്ക്കുള്ള താരിഫ് റേറ്റ് ക്വാട്ടകൾ മുഖേനയോ, ഇന്ത്യൻ കയറ്റുമതിയുടെ 6% വരുന്ന 6.1% ഉത്പന്നങ്ങൾക്ക് മുൻഗണനാ പ്രവേശനം ഉറപ്പാക്കും.

> **“ഇന്ത്യയും യൂറോപ്യൻ യൂണിയനും തമ്മിലുള്ള സഹകരണം 'ആഗോള നന്മയ്ക്കുള്ള പങ്കാളിത്തം' രൂപപ്പെടുത്തുന്നു. ഇന്തോ-പസഫിക് മേഖല മുതൽ കരീബിയൻ മേഖല വരെ ത്രികക്ഷി പദ്ധതികൾ നാം വികസിപ്പിക്കും, അതുവഴി സുസ്ഥിര കൃഷി, ശുദ്ധമായ ഊർജ്ജം, വനിതാ ശാക്തീകരണം എന്നിവയ്ക്ക് പിന്തുണ നൽകും. ആഗോള വ്യാപാരത്തിന്റെയും സുസ്ഥിര വികസനത്തിന്റെയും പ്രധാന സ്തംഭമെന്ന നിലയിൽ ഐഎംഇസി ഇടനാഴി സ്ഥാപിക്കാൻ നാം ഒരുമിച്ച് പ്രവർത്തിക്കും.**
>
> *നരേന്ദ്ര മോദി, പ്രധാനമന്ത്രി*

കഴിഞ്ഞ കുറച്ച് വർഷങ്ങളായി ചരക്കുകളിലും സേവനങ്ങളിലും ഉഭയകക്ഷി വ്യാപാരം ക്രമാനുഗതമായി വർദ്ധിച്ചു. 2024–25 ൽ, യൂറോപ്യൻ യൂണിയനുമായുള്ള ഇന്ത്യയുടെ ഉഭയകക്ഷി വ്യാപാരം 11.5 ലക്ഷം കോടി രൂപയായിരുന്നു, അതിൽ 6.4 ലക്ഷം കോടി രൂപയുടെ കയറ്റുമതിയും 5.1 ലക്ഷം കോടി രൂപയുടെ ഇറക്കുമതിയും ഉൾപ്പെടുന്നു. യൂറോപ്യൻ യൂണിയനിൽ നിന്ന് ഇന്ത്യയിലേക്കുള്ള കയറ്റുമതിയിൽ യന്ത്രങ്ങൾ, ഗതാഗത ഉപകരണങ്ങൾ, രാസവസ്തുക്കൾ എന്നിവ ഉൾപ്പെടുന്നു. അതേസമയം, ഇന്ത്യയിൽ നിന്നുള്ള ഇറക്കുമതിയിൽ യന്ത്രങ്ങൾ, രാസവസ്തുക്കൾ, അടിസ്ഥാന ലോഹങ്ങൾ, ധാതു ഉത്പന്നങ്ങൾ, തുണിത്തരങ്ങൾ എന്നിവ ഉൾപ്പെടുന്നു. ഇന്ത്യയും യൂറോപ്യൻ യൂണിയനും തമ്മിലുള്ള സേവന മേഖലയിലെ വ്യാപാരം 2024 ൽ 7.2 ലക്ഷം കോടി രൂപയിലെത്തി.

### ഗുണനിലവാരം കൊണ്ട് ഹൃദയം കീഴടക്കുക; അതിന്റെ പ്രഭാവം ദീർഘകാലം നിലനിൽക്കും

ഇന്ത്യയും യൂറോപ്യൻ യൂണിയനും തമ്മിലുള്ള ചരിത്രപരമായ കരാർ രാജ്യത്തെ വ്യവസായങ്ങളിലും ബിസിനസുകളിലും ഏർപ്പെട്ടിരിക്കുന്ന ഉത്പാദകർക്ക് ബൃഹത്തായ വിപണി തുറന്നു നൽകിയിട്ടുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ഇപ്പോൾ, സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് വിപണിയിലെത്തും. ഈ അവസരം പ്രയോജനപ്പെടുത്തുന്നതിനുള്ള പ്രഥമവും പ്രധാനവുമായ തത്വം ഗുണനിലവാരത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുക എന്നതാണ്. സാധ്യമായ ഏറ്റവും മികച്ച ഗുണനിലവാരത്തോടെ വിപണിയിൽ പ്രവേശിക്കുക. മികച്ച ഗുണനിലവാരം വാഗ്ദാനം ചെയ്യുന്നതിലൂടെ, യൂറോപ്യൻ യൂണിയനിലെ 27 രാജ്യങ്ങളിലെ ഉപഭോക്താക്കളിൽ നിന്ന് ധനം സമ്പാദിക്കുക മാത്രമല്ല, ഗുണനിലവാരം കൊണ്ട് അവരുടെ ഹൃദയം കീഴടക്കാനും നിങ്ങൾക്കാകും; അതിന്റെ സ്വാധീനം ഏറെക്കാലം നിലനിൽക്കും.

### മുഴുവൻ സമൂഹത്തിന്റെയും പങ്കാളിത്തം

ഇന്ത്യയും യൂറോപ്യൻ യൂണിയനും തമ്മിലുള്ള പങ്കാളിത്തത്തെ 'മുഴുവൻ സമൂഹത്തിന്റെയും പങ്കാളിത്തം' എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. ഈ ദർശനം മനസ്സിൽ വെച്ചുകൊണ്ടാണ് സ്വതന്ത്ര വ്യാപാര കരാർ അന്തിമമാക്കിയത്. ഇന്ത്യയുടെ തൊഴിൽ-പ്രധാന ഉത്പന്നങ്ങൾക്ക് യൂറോപ്യൻ യൂണിയൻ വിപണിയിലേക്ക് എളുപ്പത്തിൽ പ്രവേശനം നൽകാൻ ഇത് സഹായകമാകും. ഇതിൽ തുണിത്തരങ്ങൾ, രത്നങ്ങൾ, ആഭരണങ്ങൾ, ഓട്ടോ പാർട്സ്, എഞ്ചിനീയറിംഗ് ഉത്പന്നങ്ങൾ എന്നിവ ഉൾപ്പെടുന്നു. പഴങ്ങൾ, പച്ചക്കറികൾ, സംസ്കരിച്ച ഭക്ഷ്യവസ്തുക്കൾ, സമുദ്രോത്പന്നങ്ങൾ എന്നീ മേഖലകളിൽ പുതിയ അവസരങ്ങൾ സൃഷ്ടിക്കപ്പെടും. ഇത് രാജ്യത്തെ കർഷകർക്കും മത്സ്യത്തൊഴിലാളികൾക്കും സേവന മേഖലയ്ക്കും പ്രത്യക്ഷത്തിൽ പ്രയോജനം ചെയ്യും. ഐടി, വിദ്യാഭ്യാസം, പരമ്പരാഗത വൈദ്യശാസ്ത്രം, ബിസിനസ് സേവനങ്ങൾ എന്നിവയ്ക്കും ഗുണം ചെയ്യും.

X



**Narendra Modi**
@narendramodi

The Union Budget reflects the aspirations of 140 crore Indians. It strengthens the reform journey and charts a clear roadmap for Viksit Bharat.

#ViksitBharatBudget



**Rajnath Singh**
@rajnathsingh

Under the visionary leadership of PM Shri @narendramodi, India's journey towards a Viksit Bharat continues to gather momentum. In this spirit, I congratulate Finance Minister Smt. @nsitharaman, for presenting a budget that seeks to "transform aspiration into achievement" and "potential into performance". This "Yuva Shakti–driven Budget" will further strengthen PM Modi's vision of an Aatmanirbhar and Viksit Bharat.



**Amit Shah**
@AmitShah

बजट 2026-27 के माध्यम से प्रधानमंत्री मोदी जी ने सिद्ध किया है कि आत्मनिर्भर और विकसित भारत केवल एक नारा नहीं, बल्कि हमारी सरकार का संकल्प है। इस बजट में न सिर्फ हर क्षेत्र, हर वर्ग और हर नागरिक को सशक्त बनाने का एक स्पष्ट ब्लूप्रिंट है, बल्कि उसे प्रोत्साहन देने का एक जमीनी विजन भी है, जो उसे हर कदम पर मदद करेगा। #ViksitBharatBudget एक ऐसे भारत के निर्माण का विजन है, जो विश्व में हर क्षेत्र में अग्रणी हो।



**Nitin Gadkari**
@nitin_gadkari

#UnionBudget2026 outlines a decisive roadmap centred on farmers, youth, and MSMEs, strengthening the foundations of inclusive growth, innovation, and capital investment as India progresses towards #ViksitBharat2047.



**Shivraj Singh Cho...**
@ChouhanShivraj

वित्त मंत्री श्रीमती @nsitharaman जी द्वारा प्रस्तुत बजट अमृत काल का वह अमृत-कलश है, जिससे समृद्धि की सरिता बहेगी और विकसित भारत के विराट संकल्प की सिद्धि होगी।

यह बजट अर्थ से सामर्थ्य तक, अंत्योदय से अभ्युदय तक और साधन से समाधान तक की एक स्वर्णिम यात्रा है। इससे खेतों में हरियाली, खलिहानों में खुशहाली और हर चेहरे पर लाली आएगी।



**Manohar Lal**
@mlkhattar

यह विकसित भारत के संकल्प का विजिनरी बजट है...

देश के संसाधनों, सामर्थ्य और समृद्धि को ध्यान में रखते हुए Ease of Doing Business और Ease of Living की दिशा में चलकर लोगों के जीवन को सरल, सहज और समृद्ध करने वाला बजट है।

## Budget to give new speed to India 'Reforms Express': PM



## Centre gives ₹10,000 crore push to desi container manufacturing

TIMELY SUPPORT. Scheme is aimed at creating a globally competitive ecosystem



## Focus on AI, quantum tech as India, EU look to enhance ties

Trade pact may allow duty-free access to 90% of Indian goods



## Teachings of Guru Ravidas inspired Viksit Bharat: PM

Modi renames Adampur airport after Dera Sachkhand Ballan patron



## India gets Ramsar tag for 2 wetlands in Guj, UP

NEW DELHI, JANUARY 31

The wetlands in Kutch in Gujarat and Etah in Uttar Pradesh have been recognised as Ramsar sites, marking the unique ecosystems for conservation under a global framework.

PM Narendra Modi congratulated the local population and those passionate about wetland conservation for the designation of Patna Bird Sanctuary in Etah and Chhari-Dhand in Kutch as Ramsar sites. "Delighted that the Patna Bird Sanctuary in Etah and Chhari-Dhand in Kutch are Ramsar sites," Modi said in a post on X.

The designation of these two sites under the Ramsar Convention takes the total number of such wetlands in India to 98.

Environment Minister Bhupendra Yadav also congratulated UP and Gujarat, and the wetland community, on the two new additions. — PTI



## 'Successful India makes world more stable'

HT Correspondent
letters@hindustantimes.com

NEW DELHI: The presence of European Commission President Ursula von der Leyen and European Council President Antonio Costa at the Republic Day celebrations emphasises the growing strength of the India-European Union (EU) partnership and will deepen bilateral cooperation across sectors, Prime Minister Narendra Modi said on Monday.

Von der Leyen, who has said that India and the EU are coming together to provide an alternative to a "fractured world", remarked on social media that it was "the honour of a lifetime" for her and Costa to be chief guests at the Republic Day parade. "A successful India makes the ... stable, prosperous and secure. And we all benefit," she said.



Top EU leaders Ursula von der Leyen and Antonio Costa during the R-Day parade.

This is only the second time that India has invited the leaders of a bloc – after Asean in 2018 – to be chief guests at the annual display of the country's ...

The EU leaders will join Modi on Tuesday for the India-EU Summit that is expected to produce a shared vision for navigating the geo-economic churn sparked by the trade and security policies of the Trump administration.

Modi wrote on social media that India was privileged to host Costa and Von der Leyen at the Republic Day celebrations and their "presence underscores the growing strength of the India-European Union partnership and our commitment to shared values".

He added, "The visit will add momentum to the deepening engagement and cooperation between India and Europe across diverse sectors."

Europe and India, as the world's largest democracies, ... together to "shape a new global order", Von der Leyen added on social media.

A contingent consisting of EU military staff and the EU naval operations Atalanta and Aspides participated in the Republic Day parade, marking the first such engagement outside Europe.

Von der Leyen said this display of the flags of the EU military staff and the maritime missions was a "powerful symbol of our deepening security cooperation".

This, she added, will culminate with the signing of the Security and Defence Partnership on Tuesday.

Costa and Von der Leyen also attended the "At Home" reception hosted by President Droupadi Murmu at the Rashtrapati ...

## From $70b to $140b Vaishnaw Sees Surge in AI Infra Investments

Says India AI Mission 2.0 rollout in 5-6 months; 500 universities to get AI labs



## Post Sindoor, major boost for defence

With the highest-ever outlay of ₹7.85 lakh crore, Budget underlines resolve to upgrade military capabilities to global standards, with a strategic emphasis on self-reliance; capex allocation up 22% to ₹2.19 lakh crore, and 75% of it will be spent on domestic procurement



## Govt chips in with ₹40,000-cr outlay

Mission 2.0 to focus on producing equipment, designing Indian IP & fortifying supply chains



ബീറ്റിംഗ് റിട്രീറ്റ് ചടങ്ങ്

# വിജയ് ചൗക്ക് സാക്ഷ്യം വഹിച്ചു

## പാരമ്പര്യം, ശൗര്യം, സാങ്കേതികവിദ്യ എന്നിവയുടെ സംഗമത്തിന്



*2026 ജനുവരി 29 ന് വൈകുന്നേരം ന്യൂഡൽഹിയിലെ വിജയ് ചൗക്കിൽ നടന്ന ബീറ്റിംഗ് റിട്രീറ്റ് ചടങ്ങ്, ശ്രുതിമധുരമായ ഇന്ത്യൻ ഈണങ്ങളുടെയും സൈനികരുടെ താളാത്മകമായ സഞ്ചലനത്തിന്റെയും അതിമനോഹരമായ പ്രകടനത്തിലൂടെ ആത്മാഭിമാനം ഉണർത്തി. ഓപ്പറേഷൻ സിന്ദൂർ, 'വന്ദേമാതര'ത്തിന്റെ 150 – ാം വാർഷികം, വനിതാ ക്രിക്കറ്റിലെ ഇന്ത്യയുടെ നേട്ടങ്ങൾ, ആഷ്നി ഡ്രോൺ, ഭൈരവ് ബറ്റാലിയൻ, 'ഗരുഡ വ്യൂഹം' എന്ന പൗരാണിക യുദ്ധതന്ത്രം എന്നിവ പരിപാടിയിൽ പ്രദർശിപ്പിച്ചു. നമ്മുടെ സമ്പന്നമായ സൈനിക പൈതൃകത്തിന്റെ വ്യതിരിക്തമായ പ്രകടനമായിരുന്നു 77 – ാമത് റിപ്പബ്ലിക് ദിനാഘോഷങ്ങളുടെ പരിസമാപ്തിയെ അടയാളപ്പെടുത്തിയ ബീറ്റിംഗ് റിട്രീറ്റ് പരേഡ്.*

*ബീറ്റിംഗ് റിട്രീറ്റ് ചടങ്ങ് പൂർണമായി കാണാൻ ക്യുആർ കോഡ് സ്കാൻ ചെയ്യുക*





**വന്ദേമാതരത്തിന്റെ 150-ാം വാർഷികം ആഘോഷിക്കുന്ന വേളയിൽ, 2026 ലെ ബീറ്റിംഗ് റിട്രീറ്റിൽ നമ്മുടെ സായുധ സേന ഒരുക്കിയ ഈ പ്രദർശനം അതീവ പ്രധാന്യമർഹിക്കുന്നു.**

*നരേന്ദ്ര മോദി, പ്രധാനമന്ത്രി*


ന്യൂ ഇന്ത്യ
സമാചാർ
ദ്വൈവാരിക

**RNI NO.: DELENG/2020/78811 FEBRUARY 16-28, 2026**

RNI Registered No DELENG/2020/78811 (Publishing Date: February 05,2026 Pages-64)

**EDITOR IN CHIEF**
**Dhirendra Ojha**
Principal Director General
Press Information Bureau, New Delhi

**PUBLISHED:**
**Kanchan Prasad**
Director General, on behalf of
Central Bureau Of Communication

**PUBLISHED FROM:**
Room No–278, Central Bureau Of Communication, 2nd Floor, Soochna Bhawan, New Delhi -110003